ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 നവംബർ 24 | ദീപം 55 | നാളം 37 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



# സമാധാനത്തിന്റെ പ്രത്യാശ പകർന്ന് ജി-20 ഉച്ചകോടി 2022



തോമസ് കുഴിഞ്ഞാലിൽ

ജി-20 രാജ്യങ്ങളുടെ 2022 ലെ 17-ാമത് വാർഷികസമ്മേളനം ഇന്തോനേഷ്യയിലെ ബാലി ദ്വീപിൽ നടന്നു. ജി-20 രാഷ്ട്രങ്ങളുടെ രണ്ടു ദിവസം നീണ്ടുനിന്ന ഒത്തുചേരലാണ് ബാലിദ്വീപിലെ നുസാ ദുവ നഗരപ്രാന്തത്തിലുള്ള ഹാർദിസ് മാൾ കൺവെൻഷൻ സെന്ററിൽ നടന്നത്.

കൊവിഡ്-19 മഹാമാരിക്കുശേഷം ഏറ്റവും കൂടുതൽ രാഷ്ട്രത്തലവന്മാർ പങ്കെടുത്ത മഹാസമ്മേളനമായിരുന്നു ബാലിയിലേത്. 2022 ലെ അധ്യക്ഷപദം ഇന്തോനേഷ്യയ്ക്കായതിനാലാണ് ഈ വർഷത്തെ സമ്മേളനം ആ രാജ്യത്തു ചേർന്നത്.

2023 ലെ അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്ന ഇന്ത്യയിലാണ് അടുത്ത സമ്മേളനം ചേരുക. ഉച്ചകോടിയുടെ സമാപനസമ്മേളനത്തിൽവച്ച് ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോ ജി-20 അധ്യക്ഷസ്ഥാനം ഇന്ത്യയ്ക്കു കൈമാറി. ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി അടുത്ത വർഷത്തെ യോഗത്തിലേക്കു രാഷ്ട്രത്തലവന്മാരെ ക്ഷണിച്ചു. 'വസുധൈവകുടുംബകം' എന്നതാണ് സമ്മേളനത്തിലെ ഇന്ത്യയുടെ ആശയം.

23 വർഷംമുമ്പ് 1999 സെപ്റ്റംബർ 26-ാം തീയതിയാണ് ജി-20 കൂട്ടായ്മയ്ക്കു തുടക്കമിട്ടത്. വികസിതരാജ്യങ്ങളെയും വികസ്വരരാജ്യങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയെന്ന ലക്ഷ്യത്തോടെയായിരുന്നു ഈ ഫോറത്തിന്റെ രൂപവത്കരണം. കൃഷി, ഊർജസംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ആരോഗ്യപരിപാലനം, സാമ്പത്തികരംഗം തുടങ്ങിയ വിവിധ മേഖലകളിലെ സഹകരണം ഈ കൂട്ടായ്മയുടെ മുഖ്യലക്ഷ്യങ്ങളാണ്. അർജന്റീന, ഓസ്ട്രേലിയ, ബ്രസീൽ, കാനഡ, ചൈന, ഫ്രാൻസ്, ജർമനി, ഇന്ത്യ, ഇന്തോനേഷ്യ, ഇറ്റലി, ദക്ഷിണകൊറിയ, ജപ്പാൻ, മെക്സിക്കോ, റഷ്യ, സൗദി അറേബ്യ, സൗത്ത് ആഫ്രിക്ക, തുർക്കി, യു.കെ, യു.എസ് തുടങ്ങിയ 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനിലെ 27 അംഗ രാജ്യങ്ങളും ചേർന്നതാണ് ജി-20 സഖ്യം. ലോകജനസംഖ്യയുടെ 2/3 നെയും പ്രതിനിധാനം ചെയ്യുന്ന ഈ രാജ്യങ്ങൾ ലോകവ്യാപാരത്തിന്റെ 75 ശതമാനവും ആകെ സമ്പത്തിന്റെ 85 ശതമാനവും കൈകാര്യം ചെയ്യുന്നവയാണ്.

**ബൈഡനും ഷി യും കൂടിക്കാഴ്ച നടത്തി**

യുഎസ് പ്രസിഡന്റ് ജോ ബൈഡനും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങും മുഖാമുഖം കണ്ടു ചർച്ചകൾ നടത്തുന്നതിനും ഹാർദിസ് മാൾ കൺവൻഷൻ സെന്റർ വേദിയായി. അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടശേഷം ആദ്യമായിട്ടാണ് ബൈഡൻ ഷി യുമായി കൂടിക്കാഴ്ച നടത്തിയത്. ആഗോളവ്യാപാരം മുതൽ മനുഷ്യാവകാശം വരെയുള്ള പ്രശ്നങ്ങളിൽ മാത്രമല്ല, തയ്‌വാൻ ദ്വീപിനെച്ചൊല്ലിയുള്ള തർക്കങ്ങളും പരിഹരിക്കപ്പെടാതെ നില്ക്കുന്ന ഘട്ടത്തിലുള്ള ഇരുവരുടെയും കൂടിക്കാഴ്ച പസഫിക് മേഖലയിലെ സംഘർഷം ലഘൂകരിക്കുമെന്നാണ് നിരീക്ഷണം. ടിബറ്റ്, ഹോങ്കോങ്, സിൻജിയാംഗ് പ്രവിശ്യയിലെ അടിച്ചമർത്തലുകൾ തുടങ്ങിയവ ചർച്ചാവിഷയമായെങ്കിലും മുഖ്യ അജണ്ട തയ്‌വാനായിരുന്നു. സ്വയംഭരണമുള്ള ഒരു പ്രദേശമെന്നനിലയിൽ മുമ്പോട്ടുപോകുന്ന തയ്‌വാനെ ബലപ്രയോഗത്തിൽകൂടിയാണെങ്കിലും തന്റെ രാജ്യത്തോടു ചേർക്കുമെന്ന ഷിയുടെ നിർബന്ധബുദ്ധിയാണ് സംഘർഷം ഇരട്ടിപ്പിക്കുന്നത്.

ബാലിയിലേക്കുള്ള യാത്രാമധ്യേ കമ്പോഡിയയുടെ തലസ്ഥാനമായ നോം പെനിൽ നടന്നുവരുന്ന 'ആസിയാൻ' ഉച്ചകോടിയിൽ പങ്കെടുത്തശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കവേ ബൈഡൻ ഇങ്ങനെ പറഞ്ഞു: "ഷിയും ഞാനും പരസ്പരം അറിയുന്നവരാണ്. വൈസ് പ്രസിന്റുമാരായിരിക്കെ ഞങ്ങൾ തമ്മിൽ പല തവണ കണ്ടിട്ടുമുണ്ട്.

▶8

# കാർഷികകേരളം കേഴുകയാണ് !



റ്റോം ജോസ് തഴുവംകുന്ന്

അഭ്യസ്തവിദ്യർക്കു യോജിക്കുന്നതല്ല കൃഷിയെന്ന ചിന്ത യുവതലമുറയ്ക്കുണ്ടാകുന്നത് ആശങ്കയുണർത്തുന്ന കാര്യമാണ്. എത്ര വിദ്യാഭ്യാസമുണ്ടെങ്കിലും അതിനൊപ്പം കൃഷിയെ സ്നേഹിക്കുന്നതിലേക്കു വരുംതലമുറയെ ചേർത്തുനിറുത്താൻ മാത്രം ഭരണതലങ്ങൾക്ക് ഇച്ഛാശക്തിയും ആസൂത്രണപാടവവുമുണ്ടാകണം. ജോലിയെന്താണെന്നു ചോദിച്ചാൽ 'ജോലിയൊന്നുമില്ല, കൃഷിയാണ്' എന്നു പറയുന്ന പ്രവണത മാറണം. നാട്ടിൽ സംസ്കാരവും സമൃദ്ധിയുമെത്തിക്കുന്ന കർഷകരാണ് നാടിന്റെ നട്ടെല്ലെന്നു നാം സമ്മതിക്കണം. കൃഷിയും കർഷകരുമില്ലെങ്കിൽ 'വിശപ്പിന്റെ വിളിക്ക്' ആരു മറുപടിയാകും? സകല പുരോഗതിയുടെയും അടിസ്ഥാന ഊർജം കൃഷിയാണെന്നിരിക്കേ കർഷകരെ അവഗണിക്കുന്നതിലെ സാംഗത്യം പഠിക്കേണ്ടതല്ലേ? സകല വിപണിയിലും വിലക്കയറ്റം നിയന്ത്രണാതീതമാകുമ്പോഴും കർഷകരുടെ ജീവിതം പട്ടിണിയിലാണ്. കൃഷി മുഖ്യധാരയിലാകുമ്പോഴും കർഷകരെന്നും പാർശ്വവത്കരിക്കപ്പെടുന്നുവെന്നതു ദുഃഖകരമാണ്.

> **ലോകം മുഴുവൻ ഞൊടിയിടയിൽ 'ഡൗൺ ലോഡാ'ക്കുന്ന 5 ജിയെപ്പോലും പിടിച്ചുനിറുത്തുന്നത് കൃഷിയാണ്. മനുഷ്യനെന്ന 'മഹാടെക്നോളജി' യുടെ ഊർജം ഭക്ഷണമാണ്. അത് 5 ജിയുടെ വേഗത്തിൽ നിന്ന് ഉരുത്തിരിയുന്ന ഒന്നല്ലെന്ന് ടെക്നോളജിയുടെ പേരിൽ അഹങ്കരിക്കുന്ന നാം മനസ്സിലാക്കണം. വികസനവിപ്ലവം ഉപരിപ്ലവമല്ല; മറിച്ച്, യാഥാർഥ്യബോധമുള്ള അടിസ്ഥാനസൗകര്യമുറപ്പാക്കിക്കൊണ്ടുള്ള കർമപദ്ധതികളാകണം.**

പുതിയ പദ്ധതികൾ പഴയ പദ്ധതികളുടെ പുതുരൂപമാണ്; കാരണം, എല്ലാത്തിന്റെയും തലപ്പത്ത് രാഷ്ട്രീയം അരങ്ങുവാഴുന്നു. രാഷ്ട്രീയക്കാർക്കു നിശ്ചിത അജണ്ടകളുമുണ്ട്. ഇതൊന്നുമറിയാതെ പദ്ധതിയുടെ പ്രഖ്യാപിത'നയ'ങ്ങളിൽ കണ്ണുനട്ട് കർഷകരെത്തുമ്പോഴും 'പഴയവീഞ്ഞ് പുതിയ കുപ്പി'- അത്രമാത്രം! കർഷകർ വീണ്ടും വീണ്ടും പലവിധ മേലാളന്മാരുടെ ചവിട്ടുപടികളായി മാറുന്നല്ലാതെ കൃഷിയും കർഷകരും പച്ചപിടിക്കുന്നതേയില്ല!

കർഷകരുടെ ഉന്നമനമാണു ലക്ഷ്യമെങ്കിൽ രാഷ്ട്രീയക്കാർക്ക് ഒന്നിച്ചിരുന്ന് ചർച്ച ചെയ്തുകൂടേ? വിളവൈവിധ്യവും ഭൂവൈവിധ്യവും അനുകൂലകാലാവസ്ഥയും മലയാളക്കരയുടെ കൃഷിക്കാർക്ക് അനുകൂലവും ലോകോത്തരതലത്തിൽ ആകർഷണീയവുമാണ്. പഴയകാലവിളകളും കൃഷിരീതികളും ഭൂപ്രകൃതിയും ആകെ നിഷ്പ്രഭമാകുന്നതാണു കാണുന്നത്!

▶12

# ഭാര്യാസങ്കല്പങ്ങൾ മാറിമറിയുമ്പോൾ

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

പൂമുഖവാതില്ക്കൽ സ്നേഹം
വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ
.............................................
ഭൂമിയെക്കാളും ക്ഷമയുള്ള
സൗഭാഗ്യദേവിയാണെപ്പോഴും ഭാര്യ
മന്ദസ്മിതങ്ങളാൽ നീറും മനസ്സിനെ
ചന്ദനം ചാർത്തുന്നു ഭാര്യ...

എത്ര ഭർത്താക്കന്മാർ ഈ പാട്ടും ഇതിലെ വരികളും തങ്ങളുടെ ജീവിതത്തിൽ നൂറു ശതമാനം സത്യമാണെന്നു സമ്മതിക്കും? ഒറ്റയ്ക്കും തെറ്റയ്ക്കുമായി ആരെങ്കിലുമൊക്കെ കൈ പൊക്കിക്കാണിക്കുമെന്നല്ലാതെ ഭൂരിപക്ഷവും ഇത് തങ്ങളുടെ ജീവിതത്തിൽ ബാധകമല്ലെന്ന മട്ടിൽ സത്യസന്ധമായി പ്രതികരിക്കുമെന്നാണു കരുതുന്നത്. കാരണം, ഒരു ഭാര്യയ്ക്കും ഈ വരികൾക്കൊപ്പം ജീവിക്കാൻ കഴിയില്ല എന്നതാണു യാഥാർഥ്യം, പ്രത്യേകിച്ച് ഇന്നത്തെക്കാലത്ത്. അതുകൊണ്ടുതന്നെ കാലഹരണപ്പെട്ട ഭാര്യാസങ്കല്പമാണ് ഇതെന്നു പറയേണ്ടിവരും. എന്നാൽ, അവിടവിടെയായി ഈ ഗാനത്തിന്റെ വരികളെ സ്വാംശീകരിക്കുന്നവരാണു ഭൂരിപക്ഷം സ്ത്രീകളും. ഒരു ഭാര്യ എങ്ങനെയൊക്കെയായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു പുരുഷന്റെ സങ്കല്പവും മോഹവും മാത്രമായി മാത്രമേ ഈ പാട്ടിനെ നമുക്കു കാണേണ്ടതുള്ളൂ. ഒരു സ്ത്രീയല്ല പുരുഷനാണ് ഗാനരചയിതാവ് എന്നും ശ്രദ്ധിക്കണം. പുരുഷന്റെ നടക്കാതെപോയ സ്വപ്നങ്ങളാണ് അയാളുടെ കവിതയായും ഗാനമായും കഥയായും പ്രത്യക്ഷപ്പെടുന്നത്. അതുപോലെ, അവന്റെ വേദനകളും സങ്കടങ്ങളും.

ഭാര്യാസങ്കല്പങ്ങൾ മാറിമറിയുകയും കുടുംബം എന്ന വ്യവസ്ഥിതിയിൽ ഒരു പൊളിച്ചെഴുത്തു നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലമാണിത്. മുൻലക്കങ്ങളിലൊരിക്കൽ, മാറുന്ന കാലത്തിലെ സ്ത്രീയടയാളങ്ങളെക്കുറിച്ച് എഴുതിയത് ചിലരെങ്കിലും ഓർമിക്കുന്നുണ്ടാവും. അതിൽ പരാമർശിച്ച ചില സിനിമകളുടെ പരാമർശിക്കാതെപോയ ചില വശങ്ങളെ പ്രതിപാദിച്ചുകൊണ്ട് ഈ പൊളിച്ചെഴുത്ത് ഇന്ന് എങ്ങനെയാണു സംഭവിച്ചിരിക്കുന്നതെന്നു വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ചിന്താവിഷ്ടയായ ശ്യാമളയും ഹൗ ഓൾഡ് ആർ യൂവുമാണ് മുമ്പു പരാമർശിച്ചു കടന്നുപോയ സിനിമകൾ. രണ്ടിലും സ്ത്രീയുടെ ഉയിർത്തെഴുന്നേല്പും അതിജീവനവുമുണ്ട്. പുരുഷനെക്കൂടാതെ ജീവിക്കാമെന്നു തെളിയിച്ചവരാണ് ഈ സിനിമകളിലെ നായികമാരായ ശ്യാമളയും നിരുപമയും. സ്വന്തം കാലിബർ തിരിച്ചറിഞ്ഞവർ.

എങ്കിലും അവർ ഉള്ളിന്റെയുള്ളിൽ പുരുഷനെ, ഭർത്താവിനെ സ്നേഹിക്കുന്നവരാണ്. കുടുംബം എന്ന വ്യവസ്ഥയ്ക്കുള്ളിൽ കഴിയാൻ ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടാണ്, തിരിച്ചുവരുന്ന ഭർത്താവിനെ ശ്യാമള സ്വീകരിക്കുന്നത്. വിദേശത്തു താമസിക്കുന്ന ഭർത്താവിനും മകൾക്കും ഒരു ജോലിക്കാരിയായിട്ടാണെങ്കിലും താൻ ആവശ്യമുണ്ട് എന്നു തിരിച്ചറിയുമ്പോൾ സ്വന്തമായി കെട്ടിപ്പൊക്കിയ സാമ്രാജ്യങ്ങൾ അടിയറവച്ച് ഭർത്താവിനൊപ്പം ജീവിക്കാൻ നിരുപമയും തയ്യാറാകുന്നുണ്ട്. ഇവിടെ ആത്മപ്രകാശമുള്ളവരായിരുന്നിട്ടും, സ്വന്തംകാലിൽ നില്ക്കാൻ ത്രാണിയുള്ളവരാണെന്നു തെളിയിച്ചുകൊടുത്തിട്ടും ഭർത്താവിന്റെ തോളിലേക്കു ശിരസ്സു ചേർത്തും അയാൾക്കൊപ്പം കൈകോർത്തും വിരുദ്ധാശയങ്ങളുടെ ഈ ലോകത്തു സമാധാനത്തോടെ ജീവിക്കാൻ തങ്ങൾ തയ്യാറാണെന്നാണ് ഈ നായികമാർ പറയുന്നത്.

കുടുംബം എന്ന വ്യവസ്ഥയ്ക്ക് അവർ കൊടുക്കുന്ന പ്രാധാന്യമാണ് ഇതിലൂടെ തെളിയിക്കപ്പെടുന്നത്. നമ്മുടെയൊക്കെ ഉള്ളിൽ പരമ്പരാഗതമായി കടന്നുകൂടിയിട്ടുള്ള ഒരു മൂല്യബോധമുണ്ട്, ജീവിതാദർശവും നിലപാടുകളുമുണ്ട്. കുടുംബം എന്ന വ്യവസ്ഥിതിക്കും അതിനകത്തുള്ള ആളുകൾക്കും എന്തെല്ലാം കുറവുകളുണ്ടെങ്കിലും അതുമായി പൊരുത്തപ്പെട്ടുപോകാൻ ശ്രമിക്കുക എന്നതായിരുന്നു അടുത്തകാലംവരെയുള്ള പൊതുരീതി.




ആ പൊതുരീതിക്കനുസരിച്ചുതന്നെയാണ് ശ്യാമളയും നിരുപമയും മുന്നോട്ടുപോകുന്നത്.

പക്ഷേ, 2021-22 ൽ എത്തുമ്പോൾ ആ രീതി മാറിമറിയുന്നു, സിനിമയിൽ മാത്രമല്ല ജീവിതത്തിലും. ഭർത്താവോ കുടുംബമോ കുഞ്ഞുങ്ങളോ ഇല്ലെങ്കിലും തങ്ങൾക്കു ജീവിക്കാനറിയാമെന്നാണ് അവരുടെ പ്രഖ്യാപനം. യോജിച്ചുപോകാൻ കഴിയാത്ത ബന്ധങ്ങളുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് അവർ തീരുമാനിക്കുന്നു. ഈ തീരുമാനത്തിലെത്താൻ പല രീതികളാണ് അവർ അവലംബിക്കുന്നത്.

ഏറെ കൊട്ടിഘോഷിക്കപ്പെടുകയും ഇടതുപക്ഷ ബുദ്ധിജീവികൾ പരക്കെ പ്രശംസിക്കുകയും ചെയ്ത 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയിലെ ക്ലൈമാക്സ് നോക്കുക. തന്നെ മനസ്സിലാക്കാത്ത, തന്നെ വെറുമൊരു അടിമയെപ്പോലെ പരിഗണിക്കുന്ന ഭർത്താവിന്റെ തലയിൽ അഴുക്കുവെള്ളം കമിഴ്ത്തിയതിനു ശേഷം ഓടി രക്ഷപ്പെടുകയാണ് പ്രസ്തുത ചിത്രത്തിലെ നായിക.

അഴുക്കുവെള്ളം കോരിയൊഴിക്കാൻ മാത്രം ദുഷ്ടനായ കഥാപാത്രമൊന്നുമല്ല അവളുടെ ഭർത്താവ്. നാട്ടിൻപുറത്തുകാരനും അധ്യാപകനും പാരമ്പര്യവാദിയുമായ അയാൾ ചില ശീലങ്ങളിൽപ്പെട്ടുകിടക്കുന്ന വ്യക്തിയാണെന്നേയുള്ളൂ. വ്യക്തിപരമായി വിയോജിപ്പു തോന്നിയത് ഭാര്യയെ അയാൾ അവളുടെ കഴിവനുസരിച്ചു ജോലി ചെയ്യാനോ നൃത്തം ചെയ്യാനോ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന കാര്യത്തിലും സ്വന്തം ലൈംഗികതാത്പര്യങ്ങൾ തുറന്നുപറയുന്നതിൽ കാണിച്ച അസഹിഷ്ണുതയുടെ പേരിലും മാത്രമാണ്. നൃത്തവും സ്വപ്നങ്ങളുമൊക്കെയായി ജീവിച്ച ഒരു പെൺകുട്ടിയെ മൂന്നുപേർ മാത്രമടങ്ങുന്ന ഒരു തറവാടുവീട്ടിലേക്ക് പറഞ്ഞയച്ച അവളുടെ വീട്ടുകാരാണ്, അവളുടെ ഭർത്താവിനെക്കാൾ കുറ്റക്കാർ. കാരണം, ഓരോ വീടിനും ഓരോ സംസ്കാരമുണ്ട്. ആ സംസ്കാരത്തോടു യോജിച്ചുപോകുന്ന ബന്ധങ്ങളാണു തിരഞ്ഞെടുക്കേണ്ടത്.

അഴുക്കുവെള്ളം ഭർത്താവിന്റെ തലയിൽ കമിഴ്ത്തി ഓടി രക്ഷപ്പെടുന്ന ഭാര്യയും അവളെ അതിനു പ്രേരിപ്പിച്ച സാഹചര്യങ്ങളും അവാസ്തവമാകുമ്പോഴും ഇത്തരത്തിലുള്ള സ്ത്രീജീവിതത്തോട് കുറച്ചുകൂടി യാഥാർഥ്യബോധത്തോടെ സമീപിച്ച സിനിമയാണ് രണ്ടാഴ്ചമുമ്പു പുറത്തിറങ്ങിയ ജയ ജയ ജയ ജയഹേ. ടോക്സിക് ബന്ധമാണ് ഇവിടെയും. പക്ഷേ, ആദ്യത്തേതിനെക്കാൾ ഇവിടത്തെ പ്രശ്നങ്ങൾക്കു ജനുവിനിറ്റിയുണ്ട്, സ്വാഭാവികതയുമുണ്ട്.

അടിക്കുമ്പോൾ തിരിച്ചടിക്കുന്ന ജയയ്ക്ക്, ഭർത്താവിനെ നേരിടാൻ കരാട്ടെ പഠിക്കുന്ന ജയയ്ക്ക് മുൻഗാമി ചേട്ടായി സിനിമയിലെ നായികയാണെന്നു തോന്നുന്നു. സൗഹൃദങ്ങളുടെ ചതുരംഗക്കളത്തിൽ കാലാളും രാജാവുമൊക്കെയായി ജീവിക്കുന്ന ഭർത്താവിനെ തന്റേതുമാത്രമായി തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന ഭാര്യയാണ് ഈ ചിത്രത്തിലുള്ളത്. പതിവുപോലെയുള്ള ഒരു വഴക്കിനൊടുവിൽ അവളെ അയാൾ അടിക്കുന്നുണ്ട്. ഒരു നിമിഷംപോലും വൈകാതെ അവൾ അയാളെ തിരിച്ചടിക്കുകയാണ്. ഇതാണു പുതിയ കാലത്തിലെ ഭാര്യ. കർമത്തിൽ ദാസിയൊന്നുമല്ല അവൾ, രൂപത്തിൽ അഗ്നിയാകുമ്പോഴും.

വേദനിച്ചാൽ തിരിച്ചടിക്കുമെന്നതാണ് അവരുടെ പൊതുലൈൻ. മാത്രവുമല്ല, അടികൊണ്ടാലും അമ്പലത്തിൽ കിടക്കണമെന്ന പഴഞ്ചൊല്ലുകളോടും അവർക്ക് ആഭിമുഖ്യമില്ല. പരസ്പരാദരവോടും ബഹുമാനത്തോടും സഹായമനഃസ്ഥിതിയോടും സഹകരിച്ചു മുന്നോട്ടുപോകേണ്ടവരാണ് ദമ്പതികളെന്നും ഇതിനു വിരുദ്ധമായി ജീവിക്കേണ്ടതില്ലെന്നുമുള്ള പൊതുനിലപാടിലാണ് ഇന്നത്തെ ഭൂരിപക്ഷം സ്ത്രീകളും. അവർ പുതിയ കാലത്തെ പെൺകുട്ടികളാണ്.

നിഷിദ്ധമായി കണക്കാക്കിയിരുന്ന വിവാഹമോചനം ഇന്ന് അവർക്കു സ്വീകാര്യമായി. വിവാഹമോചനം സാധാരണ സംഭവമായി. സിവിൽ കോടതികളിലും മറ്റും ഓരോ വർഷവും വന്നുകൊണ്ടിരിക്കുന്ന വിവാഹമോചനക്കേസുകളുടെ കാര്യം ഇതാണു വ്യക്തമാക്കുന്നത്. ഇബ്സന്റെ പാവവീട് എന്ന നാടകത്തിലെ നോറ തന്നെ അസ്വാസ്ഥ്യപ്പെടുത്തുന്ന കുടുംബവ്യവസ്ഥയിൽനിന്നു വാതിൽ കൊട്ടിയടച്ച് ഇറങ്ങിപ്പോയതിന്റെ മുഴക്കം യൂറോപ്പിലെ സകലമാനകുടുംബങ്ങളിലും മുഴങ്ങിയെന്നാണ് നാടകചരിത്രം. ആ മുഴക്കം ഇനിയുള്ള കാലങ്ങളിൽ നമ്മുടെ സമൂഹത്തിലും മുഴങ്ങുമെന്നതിന്റെ സൂചനയാണ് ഇത്തരത്തിലുള്ള പല സിനിമകളും.

ബോധപൂർവം വിവാഹമോചനത്തെ പ്രോത്സാഹിപ്പിക്കുകയോ കുടുംബവ്യവസ്ഥയെ തകർക്കുകയോ ആണെന്നു പറയാൻകഴിയില്ലെങ്കിലും ഈ സിനിമകൾ വഴിയുള്ള സ്വാധീനം പുതുതലമുറയെ നെഗറ്റീവായി ബാധിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. പ്രശ്നങ്ങളെ നേരിടുന്നത് സമരസപ്പെട്ടുകൊണ്ടല്ല, എതിർത്തു തോല്പിച്ചുകൊണ്ടാണ് എന്നതാണ് ഈ വ്യത്യാസം. പണ്ടത്തെ സിനിമകളിൽ കണ്ണീർപ്പുത്രിമാരും സഹനദാസികളുമായിട്ടാണ് നായികമാരെ അവതരിപ്പിച്ചിരുന്നതെങ്കിൽ, ഇന്ന് ജനപ്രിയസീരിയലുകളിൽപ്പോലും അതിനു മാറ്റം വന്നുകഴിഞ്ഞു. സഹിക്കാൻ മനസ്സില്ലാത്തവരും പൊരുത്തക്കേടുകളോടു സഹിഷ്ണുതയില്ലാത്തവരുമാണ് അവർ.

ഒരേ മേൽക്കൂരയ്ക്കു താഴെ ഇരുധ്രുവങ്ങളിൽ ജീവിക്കുന്നതിനെക്കാൾ നല്ലത് കൈകൊടുത്തുപിരിയുകയും ആരോഗ്യകരമായ ബന്ധം പിന്നീട് നിലനിറുത്തുകയും ചെയ്യുകയാണ് എന്ന വിദേശസങ്കല്പം നമ്മളെയും സ്വാധീനിച്ചിട്ടുണ്ട്. സ്പിരിറ്റ് എന്ന രഞ്ജിത്ത്-മോഹൻലാൽ സിനിമയാണ് ഇക്കാര്യത്തിലെ ആദ്യമാതൃക.

മാധ്യമപ്രവർത്തകനും ആൽക്കഹോളിക്കുമായ നന്ദഗോപനും ഭാര്യയും നിയമപരമായി വിവാഹമോചിതരാണ്. ഭാര്യാഭർത്താക്കന്മാർ എന്നനിലയിൽ പരസ്പരം യോജിച്ചുപോകാൻ കഴിയാതെവരുമ്പോഴും സുഹൃത്തുക്കളായിത്തുടരുന്നതിൽ അവർക്കു യാതൊരു ബുദ്ധിമുട്ടുമില്ല. മുൻഭാര്യയുടെ ഭർത്താവുമായി അടുത്ത ബന്ധം പുലർത്താനും അവരുടെ കുടുംബത്തിലെ നല്ലോരംഗമായി പെരുമാറാനും നന്ദഗോപന് എളുപ്പം കഴിയുന്നുമുണ്ട്. വിവാഹമോചനത്തോടെ പങ്കാളി ശത്രുവായി മാറുന്നില്ല എന്നതാണ് ഇതിന്റെ ഗുണം. മാത്രവുമല്ല, മറ്റു പല മേഖലകളിലും ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ അവർക്കു സാധിക്കുകയും ചെയ്യും.

കാരണം, ദാമ്പത്യം എന്ന ചാവേറുതറയിൽ നില്ക്കുമ്പോൾ മോശപ്പെട്ട വ്യക്തികളാകുമ്പോഴും ഒറ്റയ്ക്കൊറ്റയ്ക്കു നില്ക്കുമ്പോൾ അല്ലെങ്കിൽ ആ കളത്തിൽനിന്ന് പുറത്തുനില്ക്കുമ്പോൾ ഇരുവരും നല്ല വ്യക്തികളാണ്. വിദേശങ്ങളിൽ നാം കണ്ടുവരുന്ന ഈ സംസ്കാരമാണ് ഇപ്പോൾ നമ്മുടെ നാട്ടിലേക്കും വ്യാപിച്ചിരിക്കുന്നത്.

സത്യസന്ധമായി ദാമ്പത്യത്തെ വീക്ഷിക്കുമ്പോൾ മനസ്സിലാവുന്ന ഒരു കാര്യമുണ്ട്. അപൂർവം ചില കേസുകളിലൊഴികെ ദാമ്പത്യപ്രശ്നങ്ങൾക്ക് ഇരുവരും ഒന്നുപോലെ കുറ്റക്കാരാണ്. പക്ഷേ, സമ്മതിച്ചുതരില്ലെന്നുമാത്രം. അസഹനീയമായ ദാമ്പത്യബന്ധങ്ങളിൽനിന്നുള്ള വിടുതൽ അത്യാവശ്യമാകുമ്പോഴും ചെറിയ ചെറിയ കാര്യങ്ങളുടെ പേരിലുള്ള വിവാഹമോചനങ്ങളെ അംഗീകരിക്കാനാവില്ല. പരസ്പരം യോജിച്ചുപോകാൻ കഴിയില്ലെന്ന് ഉറപ്പുണ്ടായിട്ടും മക്കൾക്കുവേണ്ടി ഏതു വിധേനയും ജീവിച്ചുപോകാൻ സന്നദ്ധരാകുന്ന അനേകം ദമ്പതിമാരുണ്ട്.

ദാമ്പത്യത്തിലെ എല്ലാ പ്രശ്നങ്ങളെയും പർവതീകരിക്കുകയും അവയ്ക്കെല്ലാമുള്ള ഏകപോംവഴി വിവാഹമോചനമാണെന്നു സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ കുടുംബവ്യവസ്ഥയ്ക്കാണ് ഇളക്കം സംഭവിക്കുന്നത്. വിവാഹമോചനങ്ങളുടെ വ്യാപകമായ സ്വാധീനം രൂപപ്പെടുന്നതിനു മുമ്പുതന്നെ മാര്യേജ് ആക്ടും താലിയുമൊന്നും വേണ്ട എന്ന മട്ടിലുള്ള റെവല്യൂഷൻ (സൈന്യം സിനിമയിലെ പാട്ടിലെ വരികൾ) ഇവിടെ അരങ്ങേറിയിട്ടുണ്ടായിരുന്നു. അതിന്റെ തുടർച്ചയെന്നോണമാണ് ലിവിങ് ടുഗെദർ സമ്പ്രദായങ്ങൾ വ്യാപകമായത്. അത്തരമൊരു കീഴ്വഴക്കം ഇനിയും പ്രബലപ്പെടുന്നതിന് ഇത്തരത്തിലുള്ള സിനിമകൾ പ്രേരകമാകുന്നുണ്ടെന്നും പറയാതെവയ്യ.

ദാമ്പത്യത്തിലെ പ്രശ്നങ്ങൾ കേന്ദ്രീകരിച്ചു പറയുന്ന എല്ലാ സിനിമകളും പുരുഷനെ പ്രതിക്കൂട്ടിലാക്കുന്നവയാണ്. എന്നാൽ, പുരുഷനും ഇരയാക്കപ്പെടുന്ന എത്രയോ സംഭവങ്ങളുണ്ട്. ദാമ്പത്യത്തിൽ പുരുഷൻ നേരിടുന്ന പ്രശ്നങ്ങളിലേക്കു ശ്രദ്ധപതിപ്പിക്കുന്ന പുരുഷകേന്ദ്രീകൃതമായ സിനിമകൾ എന്നാണാവോ വരിക? ■

# ഉല്ലാസക്കളരി



ഡോ. തോമസ് മൂലയിൽ

ആലങ്കാരികമായിപ്പറഞ്ഞാൽ, ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം വീട് ഒരു പ്രപഞ്ചമാണ്; അതുപോലെതന്നെ വിദ്യാലയവും. വിദ്യാഭ്യാസത്തിനായി വിദ്യാലയത്തിലെത്തുന്ന കുട്ടി ഒരു പ്രപഞ്ചത്തിൽ നിന്നു മറ്റൊന്നിലേക്കു കടക്കുകയാണു ചെയ്യുന്നത്. ഇതു ദുഷ്കരമായ ഒരു പ്രക്രിയയാണ്. എന്നാൽ, വീടിന്റെ അന്തരീക്ഷം നിലനിറുത്തിക്കൊണ്ട്, സാവകാശം വിദ്യാലയാന്തരീക്ഷത്തിലേക്കു കടക്കാൻ പറ്റിയ ഒരു ഇടമുണ്ടെങ്കിൽ കുട്ടിക്ക് അത് എളുപ്പമാകും. അവിടെ വീടിന്റെ അന്തരീക്ഷവും വിദ്യാലയത്തിന്റെ അന്തരീക്ഷവും ഉണ്ടാകണം.

**പേരിന്റെ പൊരുൾ**

ഇന്ന് കേരളത്തിൽ നിലവിലുള്ള പ്രീസ്കൂളുകൾ ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടു പ്രവർത്തിക്കുന്ന സംവിധാനങ്ങളാണ്. ഇവ പല പേരുകളിലാണ് അറിയപ്പെടുന്നത്. കളരി, അങ്കണവാടി, നേഴ്സറി, പ്ലേസ്കൂൾ, കിന്റർഗാർട്ടൻ എന്നിങ്ങനെ. 'കളരി' തനി കേരളീയമാണ്; 'അങ്കണവാടി'യാകട്ടെ ദേശീയവും. മറ്റുള്ള പേരുകളെല്ലാം വൈദേശികമാണ്. 'പ്ലേസ്കൂൾ' ബ്രിട്ടീഷുകാരുടേതും 'കിന്റർ ഗാർട്ടൻ' ജർമൻകാരുടേതുമാണ്. 'കിന്റർ' എന്ന വാക്കിന്റെ അർഥം കുട്ടി എന്നും 'ഗാർട്ടൻ' എന്നാൽ ഗാർഡൻ അല്ലെങ്കിൽ പൂന്തോട്ടം എന്നുമാണർഥം. വ്യംഗ്യാർഥം ഉല്ലാസം നല്കുന്ന ഇടം എന്നാണ്. ഉല്ലസിച്ച് വിദ്യ അഭ്യസിപ്പിക്കുന്ന ഇടം എന്ന നിലയ്ക്ക് 'ഉല്ലാസക്കളരി' എന്ന പേര് ഈ സംവിധാനത്തിന് ഏറ്റവും അനുയോജ്യമായി തോന്നുന്നു. അബ്ദുൾ കലാമിന്റെ "Education system should retain the smiles on the face of our children" എന്ന ദർശനസാക്ഷാത്കാരം ഈ പേരിൽ അന്തർലീനമായിട്ടുണ്ട്. NEP (National Education Policy)യുടെ നിർദേശമായ പ്രീപ്രൈമറി ഘട്ടത്തിലുള്ള ആദ്യകാല ശിശുസംരക്ഷണപരിപാലനം (Early Childhood Care and Education) കളികളിലും പ്രവർത്തനങ്ങളിലും അധിഷ്ഠിതമായിരിക്കണമെന്ന നിർദേശവും ഇവിടെ യാഥാർഥ്യമാകുന്നുണ്ട് (NEP No.1#2).



**പരിശീലനക്കാലദൈർഘ്യം**

ഉല്ലാസക്കളരിയിലെ പരിശീലനക്കാലദൈർഘ്യം NEP നിർദേശിക്കുന്ന 3+2=5 കേരളത്തെ സംബന്ധിച്ചിടത്തോളം ഒട്ടും പ്രസക്തമല്ല. അതുപോലെതന്നെ, കേരളത്തിലിപ്പോൾ, പ്രീപ്രൈമറി തലത്തിൽ മൂന്നുവർഷക്കാലത്തെ പരിശീലനംനേടി സ്കൂളിലെത്തുന്ന കുട്ടികൾ വളരെ കുറവാണ്. രണ്ടു വർഷത്തെയും ഒരു വർഷത്തെയും കോഴ്സ് കഴിഞ്ഞു വരുന്നവരാണു ഭൂരിഭാഗവും. ഒരു വർഷംപോലും പരിശീലനം നേടാതെ നേരിട്ട് ഒന്നാം ക്ലാസിൽ വന്നുചേരുന്ന കുട്ടികളുമുണ്ട്. നേഴ്സറിസ്കൂളുകളിലും പ്രൈമറിസ്കൂളുകളിലും ഞാൻ നേരിട്ടു നടത്തിയ പഠനത്തിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യം, അനൗപചാരികവിദ്യാഭ്യാസത്തിനായി കൂടുതൽ സമയം ചെലവഴിക്കുന്നതിന് ഒട്ടും പ്രസക്തിയില്ല എന്നാണ്. ശരിയായ പരിശീലനവും അനുകൂലസാഹചര്യങ്ങളുമുണ്ടെങ്കിൽ നിശ്ചിതലക്ഷ്യമായ അക്ഷരങ്ങളും അക്കങ്ങളും പരിചയപ്പെടാൻ ഒരു വർഷംപോലും വേണ്ടിവരില്ല. ഞാൻതന്നെ എഴുത്തിനിരുത്തിയ കുട്ടികൾ നാലു മാസംപോലും എടുത്തില്ല അക്ഷരങ്ങളും അക്കങ്ങളും പരിചയപ്പെടാൻ! ഏഴു പതിറ്റാണ്ടുകൾക്കപ്പുറം മൂന്നുമാസംകൊണ്ട് ആശാൻകളരിയിൽനിന്ന് അക്ഷരപരിചയം നേടിയ തലമുറയിൽപ്പെട്ടയാളാണു ഞാൻ. ആധുനികസൗകര്യമൊന്നും അന്നില്ലാതിരുന്നുതാനും. ഇന്ന്, ഈ ഡിജിറ്റൽയുഗത്തിൽ കുട്ടികൾക്ക് ഇത് എത്രയോ എളുപ്പമാകും! അതുകൊണ്ട്, അർഥശങ്കയ്ക്കിടയില്ലാതെ, അസന്ദിഗ്ധമായി പറയുന്നു, ഉല്ലാസക്കളരിയുടെ കാലപരിധി ഒരു വർഷത്തിൽ കൂടുതലാകാൻ പാടില്ല. മറിച്ചുള്ള നിലപാട് സമയനഷ്ടത്തിനും ധനനഷ്ടത്തിനും മാത്രമേ ഉപകരിക്കുകയുള്ളൂ.

**അധ്യാപകർ**

NEP വിഭാവനം ചെയ്യുന്ന അഞ്ചു വർഷക്കാലത്തെ അങ്കണവാടി അധ്യാപകർക്ക്, 10+2 ഉം അതിനു മുകളിലും വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക്, 6 മാസക്കാലപരിശീലനം മതിയെന്നു പറയുമ്പോൾ, കേരളത്തിലെ അങ്കണവാടി അധ്യാപകർക്കായി രണ്ടു വർഷക്കാലത്തെ പരിശീലനമാണു നല്കിക്കൊണ്ടിരിക്കുന്നത്. അതും, എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ ഉപയോഗിച്ച് സർക്കാർ വിദ്യാലയങ്ങളിലും സർക്കാർ അംഗീകാരമുള്ള വിദ്യാലയങ്ങളിലുമാണ് ഈ കോഴ്സുകൾ നടക്കുന്നത്. വളരെ മികച്ച സിലബസും പരിശീലനരീതിയുമാണ് ഈ സ്ഥാപനങ്ങളിലുള്ളത്. ഈ കോഴ്സ് പൂർത്തിയാക്കുന്ന അധ്യാപകർക്കു നിശ്ചിതലക്ഷ്യമായ അക്ഷരപരിചയവും അക്കങ്ങളുടെ പരിചയവും കുട്ടികൾക്ക് അനായാസം വിജയകരമായി നല്കാനാവുമെന്നു മാത്രമല്ല, ഒരു വർഷകാലപരിധിക്കുള്ളിൽ അതു നിർവഹിക്കാൻ സാധിക്കുകയും ചെയ്യും.

**പരിശീലനരീതി**

അധ്യാപനശാസ്ത്ര(Pedagogie)ത്തിൽ മനഃശാസ്ത്രജ്ഞന്മാർ ഊന്നൽ കൊടുക്കുന്ന നാലു കാര്യങ്ങളുണ്ട്: 1.താത്പര്യം (Interest) 2. ഉൾച്ചേരൽ (Involvement) 3. ബോധ്യം (Conviction) 4. പ്രതിബദ്ധത (Commitment). അധ്യാപകൻ ആദ്യമായി ചെയ്യേണ്ടത്, കുട്ടികളിൽ താത്പര്യം ജനിപ്പിക്കുകയാണ്. താത്പര്യമുണ്ടായാൽ, പഠിക്കുന്ന കാര്യത്തിൽ കുട്ടികൾ പൂർണമായി ശ്രദ്ധ കേന്ദ്രീകരിക്കുകയും വ്യാപൃതരാകുകയും ചെയ്തുകൊള്ളും. അത്, ആഴത്തിലുള്ള ബോധ്യം ജനിപ്പിക്കും. അതോടെ, പ്രതിബദ്ധതയും ഉണ്ടായിക്കൊള്ളും. ഉല്ലാസക്കളരിയിൽ മേല്പറഞ്ഞ കാര്യങ്ങൾക്കു കൂടുതൽ പ്രാധാന്യമുണ്ട്. അവിടെ പരിശീലനം നൽകേണ്ടത് പണ്ടത്തെപ്പോലെ, ശാസിച്ചും ശിക്ഷിച്ചുമൊന്നുമല്ല. കളിയും ചിരിയും, പാട്ടും നൃത്തവും, കഥയും കവിതയും എല്ലാമുണ്ടാകണം. അക്ഷരാർഥത്തിൽ, വീടിന്റെ തുടർച്ചയായി കുട്ടികൾക്ക് അനുഭവപ്പെടുന്ന ഇടമാകണം ഉല്ലാസക്കളരി. അങ്ങനെവരുമ്പോൾ ഉല്ലാസക്കളരിയുമായി ഇണങ്ങിച്ചേർന്നുപോകാൻ അധികകാലം എടുക്കുകയില്ല. ഉല്ലാസക്കളരിയിൽ അധ്യാപകന്മാരല്ല; അധ്യാപികമാരാണു വേണ്ടത്. അതിലൂടെ കുഞ്ഞുങ്ങൾക്ക് ഒരു അമ്മസാന്നിധ്യം അനുഭവവേദ്യമാകും.

**ഡി.പി.ഇ.പി. ദുരന്തം...!**

നിർഭാഗ്യമെന്നുപറയട്ടെ, ഡി.പി.ഇ.പി.യുടെ പരിണതഫലം അധ്യാപകവിദ്യാർത്ഥികളിൽ വളരെ പ്രകടമാണ്. അധ്യാപകവിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിനും ശരിയായ അക്ഷരജ്ഞാനമില്ല. എഴുതുമ്പോഴുള്ള അക്ഷരപ്പിഴവും പറയുമ്പോഴുള്ള ഉച്ചാരണപ്പിഴവും വളരെയാണ്. ഏതായാലും, അക്ഷരമാല പാഠപുസ്തകത്തിൽ തിരികെയെത്തിയെന്നത് എല്ലാംകൊണ്ടും ആശ്വാസകരംതന്നെ. വരുംതലമുറയെങ്കിലും എഴുത്തും വായനയും അറിയാവുന്നവരായി മാറുമെന്നു പ്രത്യാശിക്കാം.

**ഇംഗ്ലീഷ് പഠിക്കണ്ടേ?**

അക്ഷരപരിചയം എന്നു പറയുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ഒരു ചോദ്യമാണ്, ഇംഗ്ലീഷ്ഭാഷയുടെ അക്ഷരപരിചയം ഇതിലുൾപ്പെടുമോ എന്നത്. ഒന്നാമതായി മനസ്സിലാക്കേണ്ടത്. ഇംഗ്ലീഷ് ഭാഷയ്ക്ക് അക്ഷരങ്ങളില്ല എന്നതാണ്. മലയാളത്തിന് 49 അക്ഷരങ്ങൾ ഉള്ളപ്പോൾ ഇംഗ്ലീഷിന് 26 വർണങ്ങൾ മാത്രമേയുള്ളൂ എന്നോർക്കണം. ഉച്ചാരണക്ഷമങ്ങളായ വർണങ്ങളാണ് അക്ഷരങ്ങൾ. ഇംഗ്ലീഷിന്റെ ലിപികൾ ഉച്ചാരണക്ഷമങ്ങളല്ല!

ഉല്ലാസക്കളരിയിൽ ഇംഗ്ലീഷ് പഠിപ്പിക്കണ്ടേ എന്ന ചോദ്യത്തിന്, പഠിപ്പിക്കണം; പക്ഷേ, ഉല്ലാസക്കളരിയിൽ 'പാടില്ല' എന്നാണുത്തരം. ഇളംപ്രായത്തിൽത്തന്നെ പഠിച്ചാലേ കുട്ടികൾ ഇംഗ്ലീഷ് പഠിക്കൂ എന്ന തെറ്റുധാരണ പൊതുവേയുണ്ട്. മാതൃഭാഷയിൽ അടിത്തറയുറപ്പിച്ചാൽ മറ്റു ഭാഷ പഠിക്കാൻ എളുപ്പമാകും എന്നു ഗവേഷണപഠനങ്ങൾ സമർഥിച്ചിട്ടുണ്ട്. എല്ലാ ഭാഷകൾക്കും പൊതുവായ ഒട്ടേറെ ഘടകങ്ങളുണ്ട്. കർത്താവ്, കർമ്മം, ക്രിയ; നാമം, കൃതി, ഭേദകം; കാലങ്ങൾ: വർത്തമാനം, ഭാവി, ഭൂതം എന്നിങ്ങനെ. മാതൃഭാഷയിൽ ഇവയെല്ലാം പഠിച്ചുകഴിഞ്ഞാൽ മറ്റു ഭാഷകൾ പഠിക്കുമ്പോൾ ഈ വക കാര്യങ്ങളെല്ലാം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. അതുകൊണ്ട്, മാതൃഭാഷയുടെ അടിത്തറ ഉറപ്പിച്ചിട്ടു വേണം മറ്റു ഭാഷകൾ പഠിക്കാൻ. ഇംഗ്ലീഷിനോടുള്ള അമിതാവേശംമൂലം ഇളംപ്രായത്തിൽ മലയാളവും ഇംഗ്ലീഷും എല്ലാംകൂടി കുഞ്ഞിന്റെ കുരുന്നുമനസ്സിൽ കുത്തിനിറയ്ക്കാൻ ശ്രമിച്ചാൽ തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കുന്നതുപോലെയാകും. മാതൃഭാഷയായ മലയാളത്തിന്റെ അടിത്തറ ഉറപ്പിക്കപ്പെട്ടിരിക്കുന്നത് 49 അക്ഷരവജ്രങ്ങൾക്കുള്ളിലാണ്. അവ ശരിയായി എഴുതാനും ഉച്ചരിക്കാനും പഠിപ്പിച്ചാൽ അടിത്തറ ഭദ്രമായിക്കൊള്ളും.

**മാതൃഭാഷാസ്നേഹം**

ഉല്ലാസക്കളരിയിൽ മാതൃഭാഷയോടുള്ള സ്നേഹവും ആഭിമുഖ്യവും അഭിനിവേശവും ഇളംപ്രായത്തിൽത്തന്നെ കുട്ടികളിൽ ജനിപ്പിക്കണം. അതോടൊപ്പം, മാതൃഭാഷ ആസ്വദിപ്പിക്കാനും പരിശീലിപ്പിക്കണം. കുട്ടിയുടെ ജീവിതവുമായി ബന്ധപ്പെട്ടതും ലളിതവുമായ കഥകൾ പറയുന്നതും പാട്ടുകൾ പാടുന്നതും കവിതകൾ ആലപിക്കുന്നതുമെല്ലാം കുട്ടികൾക്ക് ആസ്വദിക്കാൻ കഴിയും. ഈണവും താളവും ചേരുമ്പോൾ കുഞ്ഞ് അതിൽ ഉൾച്ചേരുകയും കുഞ്ഞിന്റെ മനസ്സിൽ ആഴത്തിൽ പതിയുകയും ചെയ്യും. പാട്ടും നൃത്തവും ഉല്ലാസക്കളരിയിൽ പരമപ്രധാനമാണ്. അർഥം പൂർണമായും മനസ്സിലായില്ലെങ്കിലും ഈണവും താളവുമായി ഇണങ്ങാൻ കുഞ്ഞിനു കഴിഞ്ഞാൽ അതു വലിയ ഒരനുഭവവും അനുഭൂതിയുമായിരിക്കും. അതു ഭാഷയെ സ്നേഹിക്കാൻ ഇടയാക്കും.

**അക്ഷരം-എഴുത്തും ഉച്ചാരണവും**

തുടക്കത്തിൽത്തന്നെ, അക്ഷരങ്ങൾ ശരിയായി എഴുതാൻ പഠിപ്പിക്കണം. ഇതുപറയാൻ കാരണം, പത്താംക്ലാസിൽ പഠിക്കുന്ന കുട്ടി 'അ' എന്ന അക്ഷരം എഴുതുന്നതു കണാനിടയായി. വർക്ക് ഷോപ്പിൽ സ്പെയർപാർട്ട്സ് യോജിപ്പിക്കുന്നതുപോലെയാണു കുട്ടി 'അ' എന്ന അക്ഷരം എഴുതിക്കണ്ടത്. മലയാളം അക്ഷരങ്ങൾ എഴുതേണ്ടത്, ഇംഗ്ലീഷ് എഴുതുന്നതുപോലെ ഇടത്തേക്കല്ല, വലത്തേക്ക് (Clock wise) ആണ്. വരകൾ ഉയർത്തിയും താഴ്ത്തിയും വളച്ചും ഉരുട്ടിയും ചുരുട്ടിയുമാണ് എഴുതേണ്ടത്. 'അ' എന്ന അക്ഷരം എഴുതിനോക്കിയാൽ ഇപ്പറഞ്ഞത് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. നല്ല ഭാഷയുടെ ലക്ഷണം ആശയശുദ്ധിക്കൊപ്പം അക്ഷരശുദ്ധിയും ഉച്ചാരണശുദ്ധിയും ചേരുന്നതാണ്. അതുകൊണ്ട് എഴുതാൻ മാത്രമല്ല, ഓരോ അക്ഷരവും ശരിയായി ഉച്ചരിക്കാനും പഠിപ്പിക്കണം.

അങ്ങനെ, കളിയും ചിരിയും, കഥയും കവിതയും, ആട്ടവും പാട്ടും, ഓട്ടവും ചാട്ടവുമെല്ലാംകൊണ്ട് ഗൃഹാന്തരീക്ഷം സൃഷ്ടിച്ച്, അക്ഷരബോധനത്തിലൂടെ സാവകാശം വിദ്യാലയാന്തരീക്ഷത്തിലേക്കു കുഞ്ഞുങ്ങളെ പ്രവേശിപ്പിക്കുന്ന ഇടത്താവളമായി മാറണം ഉല്ലാസക്കളരി. നാലാമത്തെ വയസ്സിൽ ഉല്ലാസക്കളരിയിൽ ചേരുന്ന കുട്ടിയെ ഒരു വർഷംകൊണ്ട് പരിശീലനം വിജയകരമായി പൂർത്തിയാക്കി അഞ്ചാമത്തെ വയസ്സിൽ ഒന്നാം ക്ലാസിൽ ചേർക്കാൻ സാധിക്കും.

■

# ഒരുക്കത്തിന്റെ കാലം



ഫാ. ജോസഫ് നെച്ചിക്കാട്ട്

**‘ലൈഫ്’** മാഗസിൻ തിരക്കിട്ട് അതിന്റെ ക്രിസ്മസ്പതിപ്പു തയ്യാറാക്കുകയാണ്. നല്ലൊരു കവറേജു കിട്ടണം. അതിനുവേണ്ടി ഉണ്ണിയേശുവിന്റെ മനോഹരങ്ങളായ ഏതാനും ചിത്രങ്ങൾ കൂടിവേണം - പത്രാധിപസമിതി തീരുമാനിച്ചു. തിരുപ്പിറവിയുടെ ഏറ്റവും വർണശബളമായ അപൂർവചിത്രങ്ങളുള്ളത് വെനീസിലെ സാൻറോക്കോയിലാണ്.

റ്റിൻ റ്റൊറേറ്റോ (1518–1594) എന്ന കലാകാരന്റെ ലോകപ്രസിദ്ധങ്ങളായ ചിത്രങ്ങളാണവ. അതിലെ ചില സുന്ദരദൃശ്യങ്ങൾ പകർത്തിയെടുക്കുകതന്നെ. ലൈഫ് മാസികയ്ക്ക് അതുവേണം. അതിനായി അധികൃതർ തങ്ങളുടെ ഔദ്യോഗികഫോട്ടോഗ്രാഫറെ അങ്ങോട്ടയച്ചു.

ഫോട്ടോഗ്രാഫർ തിടുക്കത്തിൽ സ്ഥലത്തെത്തി. എല്ലാത്തരം സെറ്റിങ്സ് നടത്തിയും ലൈറ്റിട്ടും അതിലെ ദൃശ്യങ്ങൾ പകർത്താൻ പരീക്ഷണങ്ങൾ നടത്തി. പക്ഷേ, ഒന്നുപോലും വിജയിച്ചില്ല. തുടർന്നു പലവട്ടം പരിശോധിച്ചുനോക്കിയപ്പോഴാണ് ഒരു കാര്യം വ്യക്തമായത്: വിശ്വവിഖ്യാതങ്ങളായ ആ ചുവർച്ചിത്രങ്ങൾ കഴിഞ്ഞ നാലഞ്ചു നൂറ്റാണ്ടുകളായി ആരാലും ശ്രദ്ധിക്കപ്പെടാതെ പൊടിപിടിച്ചും അഴുക്കു പുരണ്ടും വാർണീഷു പറ്റിയും അങ്ങനെ അലക്ഷ്യമായി കിടക്കുന്നു. എല്ലാം നിറംമങ്ങിപ്പോയി! അവസാനം നവീന സാങ്കേതികവിദ്യയായ പോളറോയിഡുലൈറ്റിൽ ഏതാനും പടം എടുത്ത് അയാൾ മടങ്ങി.

ഈ സംഭവം അനുസ്മരിച്ചുകൊണ്ട് വളരെ വേദനയോടെ റോബർട്ടു ലുക്കോക്ക് എന്ന ഗ്രന്ഥകാരൻ ഇങ്ങനെയെഴുതി: ‘ഇതു തികച്ചും ഒരു പ്രതീകമല്ലേ? മനുഷ്യനുവേണ്ടി കന്നുകാലിത്തൊഴുത്തിൽവരെ വന്നുപിറക്കാൻ തയ്യാറായ യേശുവിനും അവിടുത്തെ സുവിശേഷത്തിനും ഇന്നു സംഭവിച്ചിരിക്കുന്നതും അതുതന്നെയല്ലേ? അത്, പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ ഭൗതികചിന്താഗതികളുടെയും അവനവനിസത്തിന്റെയും അഴുക്കും പൊടിയും പിടിച്ചു നിറംമങ്ങി മറഞ്ഞുപോയിരിക്കുന്നു! യേശു പലർക്കും പലയിടങ്ങളിലും ഇന്ന് അപരിചിതനാണ്. എത്രയോ ജാഗരൂകതയോടെയാണു പിതാക്കന്മാർ തങ്ങളുടെ രക്ഷകനെ കാത്തിരുന്നത്? പ്രവാചകന്മാർ പ്രതീക്ഷ പകർന്നത്? സമയത്തിന്റെ പൂർണതയിൽ എത്തിച്ചേർന്ന ആ ദൈവസുതനെപ്പറ്റിയല്ലേ മാലാഖാമാർ ആനന്ദഗാനം ആലപിച്ചത്: ‘അത്യുന്നതങ്ങളിൽ... ഭൂമിയിൽ മനുഷ്യർക്ക്...’

എന്നിട്ടും, ഇന്ന് ആ രക്ഷകനെ മനസ്സിലാക്കാൻ, സ്വീകരിക്കാൻ എത്ര പേർക്കു സാധിക്കുന്നുണ്ട്?

ക്രിസ്മസ്കാലം ഇന്നു പലർക്കും അവധിദിവസങ്ങളാണ്. ആ ദിവസങ്ങളിൽ തിന്നുകുടിച്ചു നടക്കണമെന്നല്ലാതെ ക്രിസ്മസിന്റെ അന്തഃപുരങ്ങളിലേക്കു കടക്കാൻ അധികമാർക്കും താത്പര്യമില്ല. ആദിമക്രിസ്മസിന്റെ അരൂപി അവർക്കന്യമാണ്.

ആഗമനകാലം (Advent) എന്ന വാക്കിന്റെ അർഥംപോലും അറിഞ്ഞുകൂടാത്തവരാണു പലരും. Fifty Years of Christmas എന്ന തന്റെ ഗ്രന്ഥത്തിൽ മാർഗരറ്റ് ലീ പറയുകയാണ്, Advent, Adventure എന്നീ വാക്കുകൾ ഒരേ മൂലത്തിൽനിന്നാണ് ഉദ്ഭവിക്കുന്നത്. "Advent must be a season for Christian adventure." ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അതു സാഹസികതയുടെ, വെല്ലുവിളിയുടെ ഒരു കാലഘട്ടമാണ് - ക്രിസ്മസിന്റെ ഉൾപ്പൊരുളിലേക്കു കടന്നുവന്നുകൊണ്ട് ആത്മബലിയർപ്പിക്കാൻ, യേശുവിന്റെ പിന്നാലെ പോകാൻ മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ദിവസങ്ങൾ!

അവിടെയാണ് അപചയങ്ങളുടെ ആരംഭം. നാം ഒരുങ്ങേണ്ട കാലമാണത് - രക്ഷകനെ സ്വീകരിക്കാൻ ബോധപൂർവം തയ്യാറാകേണ്ട കാലഘട്ടം. അത് ഒന്നുമല്ലാതായി കരുതപ്പെടുന്നിടത്താണ് ഒന്നാമത്തെ പരാജയം. ഇതു പറയുന്നത് സുപ്രസിദ്ധ സുവിശേഷപ്രസംഗകനായ ജോൺ ബ്രോക്ക് ഹോഫ് ആണ്.

സമാധാനത്തിന്റെ രാജാവിനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിച്ചു പ്രതിഷ്ഠിക്കാൻ നാം സമയം കണ്ടെത്തിയേ തീരൂ. പക്ഷേ, ആഗമനകാലം അധികം പേർക്കും പ്രശ്നമാകാറില്ല. അവരുടെ ഡയറിയിൽ അങ്ങനെയൊന്നും അടയാളപ്പെടുത്തിയിട്ടുമുണ്ടാകില്ല. എങ്കിലും, അതിന്റെ അവസാനം എന്തുവന്നാലും ശരി അസൽ ആഘോഷമാകണം. അതിനു യാതൊരു കുറവും വരാൻ പാടില്ല! ക്രിസ്മസ് ആ വക ആഘോഷങ്ങൾക്കൊരു നിമിത്തം - അത്രയേയുള്ളൂ. പലർക്കും ഈസ്റ്റർ ആഘോഷങ്ങളും അങ്ങനെയൊക്കെത്തന്നെ. നോമ്പ് ഒരു വിഷയമല്ല - നോമ്പുവീടൽ മതി.

എത്രയോ കൃത്യതയോടും ചിട്ടയോടുംകൂടിയാണ് നമ്മുടെ ഹൈന്ദവസഹോദരങ്ങൾ ശബരിമലയ്ക്കു പോകാനൊരുങ്ങിയിറങ്ങുന്നതും അയ്യപ്പദർശനത്തിനു നീങ്ങുന്നതും. 41 ദിവസത്തെ ഉഗ്രതപസ്സിനും ഒരുക്കത്തിനുംശേഷമാണ് ആ തീർഥാടനം. ഈ കാലയളവു മുഴുവൻ വസ്ത്രധാരണത്തിലും അന്നപാനാദികളിലും ‘ശാരീരികനോമ്പിലും’ കടുത്ത ചിട്ടയും നിഷ്ഠയുമൊക്കെയുണ്ട്. എത്ര തണുപ്പുണ്ടെങ്കിലും അതിരാവിലെ തണുത്ത വെള്ളത്തിൽ കുളിച്ച് അമ്പലത്തിൽപോയി നാമകീർത്തനം നടത്തിയിട്ടേ അടുത്ത പരിപാടിയുള്ളൂ. അതിന്റെയെല്ലാം അവസാനമാണ് ശബരിമലയ്ക്കുള്ള യാത്ര. എന്തുവന്നാലും ശരി ശബരിമലയിലെത്തിയിട്ടേ മടങ്ങൂ; അയ്യപ്പനെ കണ്ടിട്ടേ അടങ്ങൂ.

ഏതാണ്ട് അതുപോലെതന്നെയാണ് മുസ്ലീങ്ങൾ റംസാൻനോമ്പ് ആചരിക്കുന്നതും. സാധാരണ ഭക്ഷണം കഴിക്കാറുള്ള പകൽസമയത്ത് അവർ ഒന്നും



കഴിക്കുകയില്ല-ഒരിക്കൽപ്പോലും. എല്ലാറ്റിന്റെയും പരിസമാപ്തിയിലാണു പെരുന്നാൾ - ഷവാൽമാസം ഒന്നാം തീയതി നടത്തപ്പെടുന്ന ഈദുൽ ഫിത്തർ ആഘോഷങ്ങൾ! റംസാൻ പ്രശ്നമല്ലാത്തവന് ഈദുൽ ഫിത്തർ വിഷയമാകാൻ പാടുണ്ടോ?

ഏതാണ്ട് മേല്പറയപ്പെട്ടവരെപ്പോലെ ക്രിസ്മസ് ആചരിക്കുന്ന ഒരു കൊച്ചുരാജ്യത്തെപ്പറ്റി ചാൾസ് കോളളർ എന്ന ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട് - ഐസ്‌ലാൻഡാണ് ആ രാജ്യം. അവിടെയുള്ളവർ ആഗമനകാലം തുടങ്ങുമ്പോഴേ തങ്ങളുടെ വീടും പരിസരവും വൃത്തിയാക്കുകയും നവീകരിക്കുകയും ചെയ്യും. വിശുദ്ധജീവിതത്തിന്റെയും ഹൃദയപരിവർത്തനത്തിന്റെയും പ്രതീകമായിട്ടാണ് അത്. തർക്കങ്ങൾ പരിഹരിക്കാനും ബന്ധങ്ങൾ മെച്ചപ്പെടുത്താനും ഉപവസിച്ചു പ്രാർഥിക്കാനും മറ്റുമായിരിക്കും അവർ ഈ കാലഘട്ടം വിനിയോഗിക്കുക. കുടുംബക്കൂട്ടായ്മകളും യോഗങ്ങളും മുടക്കം വരുത്താതെ നടത്തും. ദൈവം വിഭാവനം ചെയ്തതുപോലെയുള്ള ഒരു ക്രിസ്മസ് ആചരിക്കണമെന്ന് നിഷ്ഠയും ചിട്ടയുമുള്ള കൂട്ടർ!

Way to Happiness എന്ന ഗ്രന്ഥത്തിൽ ബിഷപ് ഫുൾട്ടൻ ഷീൻ ആഘോഷങ്ങളെയും അവയ്ക്കുമുമ്പേ അവശ്യം നടന്നിരിക്കേണ്ട ഉപവാസാനുഷ്ഠാനങ്ങളെയും അപഗ്രഥിക്കുന്നുണ്ട്. അദ്ദേഹം ചോദിക്കുകയാണ്: Fast അഥവാ, ഉപവാസം അനുഷ്ഠിക്കാത്തവന് Feast അഥവാ വിരുന്ന് ആസ്വദിക്കാനാവുമോ? ഇല്ല. അവനു Party Night ന്റെ പ്രത്യേകത പിടികിട്ടുകയില്ല.

നവംബർ നാലാം തീയതിയാണ് അമേരിക്കയിൽ Feast of Thanksgiving ആചരിക്കാറ്. ടർക്കിക്കോഴിയാണ് അന്നത്തെ പ്രത്യേകത. പക്ഷേ, എല്ലാദിവസവും ടർക്കിതന്നെ കഴിക്കുന്നവന് ആ ദിവസത്തിന്റെ പ്രത്യേകത അനുഭവപ്പെടുകയില്ല. പുതുവത്സരപ്പിറവിയിൽ അമേരിക്കയിൽ ഒരു വിസിൽ മുഴക്കാറുണ്ട്. എല്ലാ രാത്രിയിലും അങ്ങനെ ചെയ്താൽ ആ ദിവസത്തെ വിസിലിന് ഒരു പ്രസക്തിയുമുണ്ടാവില്ല. എപ്പോഴും മിഠായി വായിലിട്ടിരിക്കുന്ന കുട്ടിക്ക് തനിക്കു രൊക്കം കിട്ടിയ മിഠായിയുടെ രുചി ആസ്വദിക്കാനാവുമോ?

ഓരോ ആഹ്ലാദപ്രകടനത്തിന്റെയും ആരംഭത്തിൽ അഥവാ, അതിനുമുമ്പേതന്നെ അനുഷ്ഠിച്ചിരിക്കേണ്ട ചില ആചരണങ്ങളും ആത്മപരിത്യാഗങ്ങളുമുണ്ട്. അടുത്തെങ്ങും അനുഭവപ്പെടാത്ത ഒന്നിനുവേണ്ടി ഒരുങ്ങിനീങ്ങുമ്പോഴേ അതിന്റെ ആസ്വാദ്യത അനുഭവവേദ്യമാകൂ.

ഉപവസിക്കാത്തവന് അഥവാ, നോമ്പ് ആചരിക്കാത്തവന് നോമ്പുവീടലിന്റെ വ്യംഗ്യഭംഗി ആസ്വദിക്കാനാവില്ലെന്നു മാത്രമല്ല അവകാശവുമില്ല. അവനെ സംബന്ധിച്ചിടത്തോളം അർഥരഹിതമായ ഒരു ആഘോഷാഭാസമായി അത് അധഃപതിക്കുന്നു. ഫുൾട്ടൻ ഷീൻ തറപ്പിച്ചുതന്നെ പറയുകയാണ്: ഉപവാസമില്ലാതെ ഉത്സവമില്ല - "No Feast without fast."

ഇന്ന് ആരെങ്കിലും ഈ സത്യം ജീവിതപ്രമാണമായി സ്വീകരിക്കാറുണ്ടോ? ജീവിതബാധ്യതകളുടെ മുമ്പിൽ അറച്ചുനില്ക്കുന്ന സംസ്കാരമാണ് നമ്മുടേത്. ചങ്ങമ്പുഴയുടെ രമണൻ എന്ന കാവ്യത്തിൽ പ്രസിദ്ധമായ ഒരു ഈരടി ഉണ്ടല്ലോ:

“എന്തു വന്നാലുമെനിക്കാസ്വദിക്കേണം
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം?”

അതിലുപരി വരുന്നതൊന്നും എന്റെ ബോധപരിധിയിലില്ല. അപരനോ? അവൻ പോയി തൂങ്ങിച്ചാവട്ടെ. എനിക്ക് അതും അവനും പ്രശ്നമല്ല.

മനുഷ്യജീവിതം സങ്കീർണമാണ്. അവിടെ അവകാശങ്ങൾ മാത്രമല്ല അപരനോടുള്ള ബാധ്യതകളുമുണ്ട്. ‘Right implies duty’ (അവകാശം ചുമതലയും ഉൾക്കൊള്ളുന്നു) എന്ന കൊച്ചുവാചകത്തിനു താത്ത്വികമായ ആഴങ്ങളുണ്ട്. വിവാഹജീവിതത്തിനു സ്വകീയമായ സ്വാദും സൗരഭ്യവുമുണ്ടല്ലോ! സൗഗന്ധികസ്വർണമാണത്. പക്ഷേ, ഒപ്പം ഒഴിഞ്ഞുമാറാൻ പറ്റാത്ത ഒരുപിടി കടമകളുടെ കൂടാരവും.

അർഹതകൾ ബാധ്യതകളിലേക്കുള്ള ചൂണ്ടുപലകകളാണ്. അവകാശങ്ങൾ അവസാനിക്കുന്നിടത്ത് കടപ്പാടുകൾ ഉടലെടുക്കുന്നു. കടമകളില്ലാത്ത ഉടമകൾ ഉണ്ടാകുവാൻ പാടില്ല. ‘ഫാസ്റ്റുവേണ്ട ഫീസ്റ്റുമതി’ എന്ന ആശയഗതിക്ക് അവിടെ ഇടമില്ല.

‘ഫാസ്റ്റു വേണ്ട, ഫീസ്റ്റു മാത്രം മതി’ എന്നു ചിന്തിക്കുന്ന ലോകത്തിലാണു നാം. അത് അതേപടി സാധിക്കാത്തതാണ് ആധുനികമനുഷ്യന്റെ അസ്വസ്ഥതയുടെ അടിസ്ഥാനകാരണം.

യഥാർഥ ക്രിസ്മസ്ചിത്രങ്ങൾ പണ്ടേ നിറംമങ്ങിപ്പോയി - പോളറോയിഡ്ലൈറ്റിൽപ്പോലും തെളിഞ്ഞുകിട്ടാനാവാത്തവിധം.

ആദിമക്രിസ്മസ് ഇന്ന് നമ്മിൽനിന്ന് ഒത്തിരിയൊത്തിരി അകലെയാണ്. അതിന്റെ അരൂപിയും ആവേശവും ഏറ്റുവാങ്ങാൻ നാം ഇനിയും കാതങ്ങൾ പിറകോട്ടു പോകേണ്ടിവരും.

‘ഫീസ്റ്റുവേണ്ട, ഫാസ്റ്റുമതി’ എന്നുവരെ ചിന്തിച്ചവരാണ് യേശുവും അവിടുത്തെ പരിശുദ്ധരും. അതിന്റെയെല്ലാം പരകോടിയായിരുന്നു കാലിത്തൊഴുത്തിൽ കച്ചിപ്പുറത്ത് അരങ്ങേറിയ ആദ്യത്തെ ക്രിസ്മസ് - കാൽവരിയിൽ ‘പൂർത്തിയാക്കപ്പെട്ട’ അനന്തസ്നേഹത്തിന്റെ ആദ്യവതരണം! ജീവിതത്തിൽ ദിശാബോധം നഷ്ടപ്പെടാതിരിക്കാൻ അവിടുത്തെ നക്ഷത്രശോഭ നമ്മെ സഹായിക്കട്ടെ.

■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




വിശ്വസ്തൻ സമൃദ്ധമായി അനുഗ്രഹിക്കപ്പെടും; ധനികനാവാൻ തിടുക്കംകൂട്ടുന്നവൻ ശിക്ഷിക്കപ്പെടാതിരിക്കുകയില്ല.

സുഭാഷിതങ്ങൾ 28:20

**എഡിറ്റോറിയൽ**

# കാക്കിക്കുള്ളിലെ ക്രിമിനലുകളെ കാക്കുന്നതാര്?

**നി**യമ-നീതിസംരക്ഷകരും ക്രമസമാധാനപാലകരുമായ സംസ്ഥാന പൊലീസ്സേനയിൽ ക്രിമിനലുകൾ സ്വൈരവിഹാരം നടത്തുന്ന വാർത്തകൾ നിത്യനയെന്നോണം പെരുകുകയാണ്. 'വേലി തന്നെ വിളവു തിന്നുന്ന' സംഭവങ്ങൾ തുടർക്കഥകളാകുമ്പോൾ സാംസ്കാരിക കേരളം അക്ഷരാർഥത്തിൽ ലജ്ജിക്കുന്നു! സമർഥരും ധർമിഷ്ഠരുമായ ഒരു വലിയ നിരതന്നെ കേരള പൊലീസിനു സ്വന്തമായുണ്ടെന്ന് അഭിമാനിക്കുമ്പോഴും, കാക്കിക്കുള്ളിലെ ക്രിമിനലുകളെ തളയ്ക്കാനുള്ള നിശ്ചയദാർഢ്യം സർക്കാരിനുണ്ടായേ പറ്റൂ.

ഇക്കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയൻ കൊല്ലത്തും, സ്പീക്കർ എ.എൻ. ഷംസീർ കോഴിക്കോട്ടും പൊലീസിനെ രൂക്ഷമായി വിമർശിച്ചു പ്രസംഗിച്ചത് യാദൃച്ഛികമല്ല, അവസരത്തിനൊത്തു വടിയെടുത്തതാണെന്നു നിരീക്ഷണമതം. പൊലീസ്സേനയിൽ വിരലിലെണ്ണാവുന്നവർ ചെയ്യുന്ന ചില പ്രവൃത്തികൾ സേനയ്ക്കാകെ കളങ്കമായിത്തീരുന്നത് ഗൗരവമായി കാണണമെന്നും അത്തരക്കാരോടു യാതൊരു ദയയും ദാക്ഷിണ്യവും കാണിക്കാൻ പാടില്ലെന്നുമാണ് മുഖ്യമന്ത്രി തുറന്നടിച്ചത്. സേനയെ കളങ്കപ്പെടുത്തുന്നവരെ സംരക്ഷിക്കേണ്ടതോ ഉൾക്കൊള്ളേണ്ടതോ ആയ ബാധ്യത പൊലീസിനില്ലെന്നു തറപ്പിച്ചുപറഞ്ഞ, ആഭ്യന്തരവകുപ്പുമന്ത്രികൂടിയായ മുഖ്യമന്ത്രിയുടെ കർക്കശനിലപാടും ശരീരഭാഷയും ശുഭോദർക്കമാണ്. മന്ത്രിമുഖ്യനെ ആഘോഷമായൊന്ന് കൈയടിച്ചഭിനന്ദിക്കാൻ, ഭരണപ്രതിപക്ഷഭേദമെന്യേ ഇന്നാട്ടിലെ ഏതു പൗരനും തോന്നുക സ്വാഭാവികംമാത്രം! കോഴിക്കോട്ട് പൊലീസിനെ ആദരിക്കുന്ന ചടങ്ങിൽ എ.എൻ. ഷംസീർ പറഞ്ഞതാകട്ടെ, തൊപ്പിയും നക്ഷത്രവും ജനങ്ങളുടെമേൽ കുതിരകയറാനുള്ള ലൈസൻസല്ലെന്നാണ്. മനുഷ്യസഹജമായ പോരായ്മകളും പിശകുകളും നിയമപാലകരായ പൊലീസ് സേനയ്ക്കുണ്ടാകാൻ പാടില്ലെന്ന ജനസാമാന്യത്തിന്റെ കാർക്കശ്യമാണ് പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതെന്നും സ്പീക്കർ ഓർമിപ്പിച്ചു.

പൊലീസ് ജനമൈത്രിയാണെന്നും ജനകീയമാണെന്നുമൊക്കെ പറയുമ്പോഴും ചില കള്ളനാണയങ്ങളും ഒറ്റപ്പെട്ട തെറ്റായ പ്രവണതകളും പൊലീസിനകത്തുണ്ട് എന്നതു തർക്കമറ്റ കാര്യമാണ്. അവർ അലസരും നിയന്ത്രണാതീതരുമായി വിലസുമ്പോൾ നാട്ടിൽ അരക്ഷിതാവസ്ഥ രൂപംകൊള്ളുകയും ക്രമസമാധാനം തകരുകയും ചെയ്യുകയാണു പതിവ്. പോലീസിന്റെ അധികാരദുർവിനിയോഗവും സ്വേച്ഛാധിപത്യവും ധിക്കാരവും ഒരു തരത്തിലും ന്യായീകരിക്കാനാവില്ല.

കാക്കിയിട്ട ക്രിമിനലുകളെ പിരിച്ചുവിടാനുള്ള നിയമഭേദഗതി സെക്രട്ടേറിയറ്റിലെ ഫയലിൽ കുരുങ്ങിയിട്ടു മാസങ്ങളായി. കേരള പൊലീസ് ഡിപ്പാർട്ടുമെന്റ് എൻക്വയറി റൂൾ - 10 പ്രകാരം ക്രിമിനൽ കേസിൽപ്പെട്ട പൊലീസുദ്യോഗസ്ഥർക്കെതിരേ അന്വേഷണം നടത്തി വകുപ്പുതലനടപടി എടുക്കാമെങ്കിലും പിരിച്ചുവിടാൻ നിലവിൽ നിയമതടസ്സമുണ്ട്. കോടതിവിചാരണ പൂർത്തിയായി വിധി വന്നശേഷമേ പിരിച്ചുവിടൽ സാധ്യമാകൂ എന്നതാണു വ്യവസ്ഥ. കോടതിയിൽ കേസു തീരാൻ വർഷങ്ങളെടുക്കുമെന്നതിനാൽ ഉദ്യോഗസ്ഥർ സർവീസിൽ തുടരുകയാണു പതിവ്. റൂൾ 10 ലെ ഈ വ്യവസ്ഥ മാറ്റി കാക്കിയിട്ട ക്രിമിനലുകളെ വകുപ്പുതല അന്വേഷണത്തിനു ശേഷം പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടികൾക്കു വിധേയമാക്കുന്ന ഭേദഗതിനിയമമാണ് മാസങ്ങളായി നിരുത്തരവാദിത്വത്തിന്റെ നേർസാക്ഷ്യമെന്നോണം ഫയലിൽ ഉറങ്ങുന്നത്.

പൊലീസ് സംവിധാനത്തിന്റെ നിലപാടുദോഷത്തിന്റെ പേരിൽ സർക്കാർ മാപ്പു ചോദിക്കേണ്ട ഗതികേടുവരെ പല തവണ ഉണ്ടായിട്ടും, പൊലീസ്സേനയ്ക്കു കളങ്കമുണ്ടാക്കുന്ന തനിയാവർത്തനങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിൽ, സർക്കാർ ഇനിയെങ്കിലും അതീവഗൗരവത്തോടെ നിലപാടെടുക്കണം. ക്രിമിനൽസ്വഭാവമുള്ളവർ പൊലീസ് സേനയിലുണ്ടാവില്ല എന്നത് പ്രസംഗത്തിനപ്പുറം പ്രവൃത്തിയിലൂടെ ഭരണാധികാരികൾ ജനത്തിന് ഉറപ്പുകൊടുക്കണം. കൊടുംക്രിമിനലുകൾക്കു നിയമപരിരക്ഷ നൽകുന്ന വിചിത്രനിയമങ്ങൾ പൊടിപിടിച്ച ഫയലുകളിൽ ഉറങ്ങുന്നുണ്ടെങ്കിൽ അത് അവസാനിപ്പിക്കണം. ഉന്നതരോടും അധികാരരാഷ്ട്രീയസംവിധാനങ്ങളോടുമുള്ള പൊലീസിന്റെ അതിരുകവിഞ്ഞ വിധേയത്വം ചോദ്യം ചെയ്യപ്പെടണം. രാഷ്ട്രീയക്കാരും സമൂഹത്തിലെ മേലാളന്മാരുമായുള്ള അവിശുദ്ധ ചങ്ങാത്തങ്ങൾ പൊലീസ് സേനയ്ക്ക് എന്നും അപമാനമേ ഉണ്ടാക്കിയിട്ടുള്ളൂ. അഴിമതിവൈറസുകളെ വച്ചുപൊറുപ്പിക്കില്ലെന്ന് ഭരണാധികാരികൾ ദൃഢനിശ്ചയത്തോടെ തീരുമാനിച്ചാൽ തീരാവുന്നതേയുള്ളൂ, പൊലീസ് സേനയിലെന്നല്ല എല്ലായിടത്തുമുള്ള പൈശാചികത്തേർവാഴ്ചകളും അനന്തരഫലമായ ക്രൂരകൃത്യങ്ങളും. ■

# ഫ്രാൻസീസ് പാപ്പായെ കേൾക്കണം നമ്മൾ

ഫ്രാൻസീസ് പാപ്പായുടെ ബഹ്റിൻ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ജോർജ് കള്ളിവയലിൽ തയ്യാറാക്കിയ ലേഖനം (നാളം 36) കാലോചിതമായി. സ്വയം എളിമപ്പെട്ട് യേശുവിനോട് ഐക്യപ്പെട്ടാൽ മാത്രമേ നമുക്കു വളരാനും ഫലം കായ്ക്കാനും കഴിയൂ എന്ന പാപ്പായുടെ വാക്കുകൾക്ക് ഇക്കാലത്തു വളരെ പ്രസക്തിയുണ്ട്. എന്തെന്നാൽ, മുമ്പെങ്ങുമില്ലാത്തവിധം അനൈക്യത്തിന്റെ ചിലമ്പൊലികളാണ് ലോകമെമ്പാടും നിന്നു മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്നത്.

ഭിന്നതകൾ മറന്ന് യോജിക്കൂ എന്നാണ് ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനം. കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ നടത്തിയ ഈ ഓർമപ്പെടുത്തൽ കേരളത്തിലെയും ഇന്ത്യയിലെയും സഭാനേതാക്കൾക്കും വൈദികർക്കും സന്ന്യസ്തർക്കും വിശ്വാസികൾക്കുംകൂടിയുള്ളതാണ് എന്ന ലേഖകന്റെ നിരീക്ഷണം എത്രയോ ശരി! കേരളസഭയിലെ ഭിന്നതകൾ വിശ്വാസികൾക്കിടയിലും പൊതുസമൂഹത്തിലും സൃഷ്ടിച്ച മുറിവുകളുടെ ആഴം അത്രയ്ക്കു വലുതാണ്. ബലിയർപ്പണങ്ങളും പ്രാർഥനാശുശ്രൂഷകളും മുറ തെറ്റാതെ നടക്കുന്നുവെന്നുവരികിലും ക്രിസ്തുവിന്റെ സ്നേഹപ്രമാണത്തെ പലരും മറന്നുപോയിരിക്കുന്നുവെന്നതാണു വാസ്തവം.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു നമുക്കു ചിന്തിക്കാമെന്നു പാപ്പാ പറയുന്നു. നമ്മെ സ്നേഹിക്കുന്നവരെ മാത്രമല്ല, യേശു പഠിപ്പിച്ചതുപോലെ എല്ലാവരെയും സ്നേഹിക്കാൻ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നു. നല്ല സമരിയാക്കാരെപ്പോലെ, എല്ലാവരെയും അയൽക്കാരാക്കാനും സ്നേഹിക്കാത്തവരെപ്പോലും തിരികെ സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, അറിഞ്ഞോ അറിയാതെയോ കേരളത്തിലെ ക്രൈസ്തവസമൂഹത്തിൽ ഒരു ന്യൂനപക്ഷത്തിനെയെങ്കിലും അന്യമതസ്പർധ പിടികൂടിയിരിക്കുന്നുവെന്നു പറയാതെ വയ്യ. ഇതെങ്ങനെ സംഭവിച്ചുവെന്നു വിശ്വാസികൾ മാത്രമല്ല, സഭാനേതൃത്വവും ആത്മപരിശോധന നടത്തേണ്ടതുണ്ട്.

ക്രൈസ്തവരും മുസ്ലീംകളും പരസ്പരം ഭിന്നതയിലും ശത്രുതയിലും കഴിയാനുള്ളവരല്ലെന്ന മാർപാപ്പായുടെ ആഗ്രഹം ശക്തമാണെന്നു ലേഖനം സമർത്ഥിക്കുന്നു. മാർപാപ്പായായി 2013 ൽ തിരഞ്ഞെടുക്കപ്പെട്ട ശേഷം ഫ്രാൻസീസ് പാപ്പാ മുസ്ലീം ഭൂരിപക്ഷമുള്ള പത്തു രാജ്യങ്ങൾ സന്ദർശിച്ചുവത്രേ. ഇസ്ലാമികലോകവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർപാപ്പായുടെ നയത്തിന്റെ വ്യക്തമായ പ്രകടനമാണിതെന്ന ലേഖകന്റെ നിരീക്ഷണത്തോടു വിയോജിക്കേണ്ട കാര്യമില്ല. നിർഭാഗ്യവശാൽ, ഒരു കാലത്തു മതസൗഹാർദ്ദത്തിനും സർവസമുദായമൈത്രിക്കും മാതൃകാസ്ഥാനമായിരുന്ന കേരളമിന്ന് വല്ലാതെ വഴിപിരിഞ്ഞിരിക്കുന്നു. മുൻകാലങ്ങളിൽ സമുദായ



പ്രതികരണം

ങ്ങൾക്കിടയിൽ ഒരു ഭിന്നിപ്പുയരുന്നുവെന്നു കണ്ടാൽ, ഏറ്റവുമാദ്യം മുന്നിട്ടിറങ്ങി, ഉന്നതമായ ക്രൈസ്തവമൂല്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് സമാധാനസന്ദേശവുമായി ഇതര സമുദായനേതാക്കളെ കാണാനും അന്തരീക്ഷം ശാന്തമാക്കാനും ശ്രമിച്ചിരുന്നത് ക്രൈസ്തവസഭാമേലധ്യക്ഷന്മാരായിരുന്നു. പാലാ രൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽത്തിരുമേനിയുടെ നേതൃത്വത്തിൽ മുമ്പു നടന്ന ഒട്ടനവധി മതസൗഹാർദ്ദസമ്മേളനങ്ങൾ ഇത്തരുണത്തിൽ ഓർക്കുന്നു. ഇന്നു സ്വന്തം മതത്തെ ആരോ വിഴുങ്ങാൻ വരുന്നുവെന്ന ഭീതി പരത്തി അനൈക്യത്തിന്റെ മതിലുകൾ സൃഷ്ടിക്കാനാണ് ഓരോരുത്തരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

തീവ്രവാദത്തെ ആരും അനുകൂലിക്കുന്നില്ല. ദൈവത്തിന്റെയും മതത്തിന്റെയുംപേരിലുള്ള വിദ്വേഷവും അക്രമങ്ങളും ഒരുവിധത്തിലും ന്യായീകരിക്കാനാവില്ലെന്നുതന്നെയാണ് ഫ്രാൻസീസ് പാപ്പായുടെയും പക്ഷം. തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും പ്രവൃത്തികൾ വളരെ വ്യക്തമായി അപലപിക്കപ്പെടണമെന്ന് മുസ്ലീം നേതാക്കൾ അടക്കമുള്ളവരോട് അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞു. തീവ്രവാദത്തോടു മയം വേണ്ടാ എന്ന കാര്യത്തിൽ ഇവിടെയും ആർക്കും തർക്കമൊന്നുമില്ല. നമുക്കറിയാം, ഏതു സമുദായത്തിലായാലും ഒരു ന്യൂനപക്ഷമാണ് തീവ്രവാദത്തിലും ലഹരിയിടപാടുകളിലും ചെന്നുപെട്ടിരിക്കുന്നത്. അവരെ ഒന്നിച്ചെതിർക്കാൻ ബഹുഭൂരിപക്ഷത്തിന്റെ ഒരു കൂട്ടായ്മ ഇവിടെ എന്തുകൊണ്ടുണ്ടാകുന്നില്ല?

യഥാർഥമതത്തെ നശിപ്പിക്കുന്ന ഒരപകടമായി തീവ്രവാദത്തെ കാണുന്ന മുസ്ലീംനേതാക്കളെ ഫ്രാൻസീസ് പാപ്പാ പ്രശംസിക്കുകയുണ്ടായി. സമാധാനം, നിരായുധീകരണം, സാമൂഹികനീതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ മതങ്ങളുടെ പങ്കിനെ ചുറ്റിപ്പറ്റിയായിരുന്നു മാർപാപ്പായുടെ പ്രസംഗം. വാസ്തവത്തിൽ നമ്മുടെ കൊച്ചുകേരളത്തിലുണ്ടാവേണ്ടത്, തീവ്രവാദത്തെയും മയക്കുമരുന്നുവ്യാപാരത്തെയും സ്വർണക്കള്ളക്കടത്തിനെയും അഴിമതിയെയും അക്രമത്തെയുമെല്ലാതിർക്കുന്ന മത-സമുദായനേതാക്കളുടെ ഒരു ഐക്യശ്രേണിയാണ്. ഇതരസമുദായനേതാക്കൾക്കിടയിലെന്നപോലെതന്നെ കേരളത്തിലെ മുസ്ലീം സമുദായത്തിലും ബഹുഭൂരിപക്ഷവും മതതീവ്രവാദത്തെയും അക്രമപ്രവർത്തനങ്ങളെയും എതിർക്കുന്നവരാണ്. അവരെ വിശ്വാസത്തിലെടുക്കാനും ഒപ്പംനിന്ന് സാമൂഹികാനീതികൾക്കെതിരേ പോരാടാനും എല്ലാവർക്കും കഴിയണം. എങ്കിൽ മാത്രമേ, കേരളത്തിന്റെ നഷ്ടപ്പെട്ട മതമൈത്രി വീണ്ടെടുക്കാനാവൂ. വെറുക്കാനും പോരടിക്കാനുമല്ല, മറിച്ച്, സ്നേഹിക്കാനും സഹകരിക്കാനും സഹായിക്കാനുമാകണം എല്ലാ മതസ്ഥരും ശ്രമിക്കേണ്ടതെന്ന ഫ്രാൻസീസ് മാർപാപ്പായുടെ വാക്കുകളുടെ പ്രസക്തി ഇവിടെയാണ്.

**ജോസ് പി.ജെ.,**
**പുൽപ്പള്ളി**



# ദൈവത്തിന്റെ സ്വന്തം പൂന്തോട്ടം

## ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമം



ഉണ്ണിക്കൃഷ്ണൻ ശ്രീകണ്ഠപുരം

**മേ**ഘാലയയിലെ ഈസ്റ്റ് ഖാസി ഹിൽസ് ജില്ലയിൽപെട്ട മൗലിനോങ് ഗ്രാമം. ആദിവാസി ഗോത്രജനതയായ ഖാസികൾ തിങ്ങിപ്പാർക്കുന്ന ഈ മലയോരഗ്രാമത്തിന് ആരുടെ മുന്നിലും തലയുയർത്തി നിൽക്കാവുന്ന ഒരു ബഹുമതിയുണ്ട്: Cleanest villages in Asia. അതേ, ഏഷ്യാഭൂഖണ്ഡത്തിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമമാണിത്.

ഏഷ്യയിലേതെന്നല്ല, ലോകത്തെതന്നെ ഏറ്റവും വൃത്തിയാർന്ന ഗ്രാമങ്ങളിലൊന്നുമാണിത്.

'ദൈവത്തിന്റെ സ്വന്തം പൂന്തോട്ടം' എന്ന വിളിപ്പേര് വർഷങ്ങളായി ഈ ഗ്രാമത്തിനാണ്.

ഷില്ലോങ്ങിൽനിന്ന് 90 കിലോമീറ്റർ അകലെ ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തിയിലാണ് മൗലിനോങ് സ്ഥിതിചെയ്യുന്നത്.

ആ ഗ്രാമാതിർത്തിക്കപ്പുറം ബംഗ്ളാദേശാണ്.

2019 ലെ കണക്കനുസരിച്ച് ഇവിടെ തൊള്ളായിരത്തോളം പൗരന്മാരുണ്ട്.

പരമ്പരാഗതമായി കമുകുകൃഷി മുഖ്യ ഉപജീവമാർഗമായി സ്വീകരിച്ച ഗോത്രവർഗഗ്രാമീണരാണ് മൗലിനോങ്ങുകാർ. ഗോത്രജനതയാണെങ്കിലും ജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്തുമതവിശ്വാസികളാണ്.

ഒന്നരനൂറ്റാണ്ടുമുമ്പ് ഇന്ത്യയിൽ, ബ്രിട്ടീഷാധിപത്യം നിലനിന്ന കാലത്ത് ഒട്ടേറെ ക്രിസ്ത്യൻ മിഷനറിമാർ ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു. അവരുടെ സ്വാധീനമാണ് ഇവർ ക്രിസ്തുമതത്തിലേക്കു മാറാൻ കാരണം.

ഗോത്രത്തനിമ നിലനിറുത്തിക്കൊണ്ടുതന്നെയാണ് അവർ പക്ഷേ, വിശ്വാസമാറ്റം നടത്തിയത്.

ജീവിതചര്യകളിൽ അവരിപ്പോഴും ഗോത്രസംസ്കാരമാണു പിൻതുടരുന്നത്.

വൃത്തിയുടെയും വെടിപ്പിന്റെയും ലോകത്തേക്ക് അവരെ നയിച്ചതും ആ മിഷനറിമാരാണ്.

ഒന്നരനൂറ്റാണ്ടുമുമ്പ് ഇന്ത്യയിലെ മറ്റേത് ആദിവാസിഗ്രാമം പോലെതന്നെയായിരുന്നു മൗലിനോങ്ങും. വൃത്തിയില്ലാത്ത പരിസരം. അതിൽ എങ്ങനെയൊക്കെയോ ജീവിച്ചുപോകുന്ന ജനത.

നൂറ്റമ്പതു കൊല്ലംമുമ്പുണ്ടായ ഒരു കോളറാബാധയാണ് അവരുടെ ജീവിതത്തെ അടിമുടി മാറ്റിയത്. അന്ന് കോളറ ബാധിച്ച് അവർക്കിടയിൽ ഒട്ടേറെപ്പേർ മരണമടഞ്ഞു.

അതറിഞ്ഞ് ആദിവാസികൾക്കിടയിൽ സേവനമനുഷ്ഠിക്കുന്ന ഒരു ബ്രിട്ടീഷ് മിഷനറിസംഘം അവിടെയെത്തി.

നാഗരികതയിൽനിന്ന് അകന്നുമാറി അപരിഷ്കൃതമായ ജീവിതസാഹചര്യത്തിൽ കഴിയുന്ന ഒരു ജനതയെയാണ് മിഷനറിമാർ അവിടെക്കണ്ടത്.

രോഗം വന്നാൽ ചികിത്സിക്കാൻ സൗകര്യമില്ലാത്ത ദുർഘടമായ ആ മലയോരത്തു ജീവിക്കണമെങ്കിൽ പരിസരശുചിത്വം അനിവാര്യമാണെന്ന് ആ ജനതയെ ബോധ്യപ്പെടുത്തിയത് മിഷനറിമാരാണ്.

പരിസരശുചിത്വത്തിനു രോഗപ്രതിരോധത്തിൽ എത്രത്തോളം പ്രാധാന്യമുണ്ടെന്ന് അവർ ആ ജനതയെ പഠിപ്പിച്ചു.

കോളറയുടെ ഭീതിദമായ അവസ്ഥ കണ്ടറിഞ്ഞ ആ ഗോത്രജനത മിഷനറിമാരുടെ നിർദേശപ്രകാരം പിന്നീട് ജീവിച്ചു.

ദേഹശുദ്ധി, ഭക്ഷണശുദ്ധി, വസ്ത്രശുദ്ധി, വാസസ്ഥലത്തിന്റെ ശുദ്ധി, പരിസരശുദ്ധി, ഗ്രാമശുദ്ധി - എല്ലാറ്റിലും അവർ വൃത്തിയും വെടിപ്പും കൊണ്ടുവന്നു.

നിത്യവും കുളിച്ചു. നല്ല വസ്ത്രം ധരിച്ചു. നല്ല രീതിയിൽ പാകം ചെയ്ത ഭക്ഷണം കഴിച്ചു. വീടും പരിസരവും നാടും റോഡും വൃത്തിയാക്കി. കളിമൈതാനവും ജലസ്രോതസ്സും ഭംഗിയോടെ നിലനിറുത്തി. കീടനാശിനികൾ അടുപ്പിക്കാതെ ജൈവരീതിയിലുള്ള കൃഷിരീതി തുടർന്നു.

ആ ശീലം പല തലമുറകളിലൂടെ പകർന്നു. ഇന്നിപ്പോൾ വൃത്തിബോധം എന്നത് അവരുടെ ജീനിൽത്തന്നെയുണ്ട്.

2004 ൽ ഡിസ്കവർ ഇന്ത്യ മാഗസിനിൽ 'ഇതായിരിക്കണം ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമം' എന്ന വിശേഷണവുമായി ഒരു ലേഖനം വന്നതോടെ ഈ ഗ്രാമം പ്രശസ്തമായി.

നാടൻപൂച്ചെടികൾ നിറഞ്ഞുനിൽക്കുന്ന വലിയൊരു പൂന്തോട്ടത്തിലെത്തിയ തോന്നലാണ് ഈ ഗ്രാമത്തിലെത്തുമ്പോൾ.

ഗ്രാമത്തെ മനോഹരമാക്കാൻ അവിടത്തുകാർ കണ്ടെത്തിയ വഴിയാണ് പൂന്തോട്ടപരിപാലനം. അവർ എങ്ങും ചെടി നട്ടു. പരിപാലിച്ചു.

ദൈവത്തിന്റെ സ്വന്തം പൂന്തോട്ടത്തിലേക്കു സ്വാഗതം എന്നാണ് ഈ ഗ്രാമത്തിൽ പ്രവേശിക്കുമ്പോൾ, സന്ദർശകർ ആദ്യം കാണുന്ന ബോർഡ് തന്നെ. ഓരോ വീടിനോടും പാതയോരത്തോട് ചേർന്ന് ഇവിടെ പൂന്തോട്ടമുണ്ട്.

പാതയോരത്തു വീഴുന്ന ഇലകളും മറ്റും നിത്യവും പലതവണ അടിച്ചുവാരും.

വഴിനീളെ പലയിടത്തായി ചൂലും മുളകൊണ്ടു നിർമിച്ച വേസ്റ്റ് ബിന്നും ഉണ്ട്.

ഇലയോ ചപ്പുചവറോ ആരു കണ്ടാലും തൂത്തുവാരി ബിന്നിൽ ഇടും. ഗ്രാമത്തിലെങ്ങും ശുചിത്വം നിലനിറുത്തുന്നത് അങ്ങനെയാണ്. അതിനാൽ മൗലിനോങ് ഗ്രാമം എപ്പോഴും ശുദ്ധിയാർന്നു നിൽക്കുന്നു.

ചപ്പുചവറുകൾ കമ്പോസ്റ്റാക്കി ഗ്രാമത്തിലെ കൃഷിക്കുള്ള വളമുണ്ടാക്കുന്നു. കമുകുകൃഷിയാണ് ഗ്രാമത്തിലേറെയും.

പ്ലാസ്റ്റിക് ബാഗുകളും പുകവലിയും ഇവിടെ കർശനമായി നിരോധിച്ചിരിക്കുന്നു. ഈ നിയമങ്ങൾ പാലിക്കാത്തവരിൽനിന്ന് വളരെ വലിയ പിഴയായി തുക ഈടാക്കുന്നു. 14 വർഷം മുമ്പു തന്നെ ഇവിടം പ്ലാസ്റ്റിക് വിമുക്തമായിരുന്നു.

2007 നു മുമ്പേ ഗ്രാമത്തിലെ എല്ലാ വീട്ടിലും ശുചിമുറികൾ ഉണ്ട്. പൊതുസ്ഥലത്തെങ്ങും ഒരു വിധത്തിലുമുള്ള മാലിന്യമില്ല.

ആളുകൾ സ്വന്തം വീടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനൊപ്പം റോഡുകൾ വൃത്തിയാക്കുകയും മരങ്ങൾ നടുകയും ചെയ്യുന്നു.

മാലിന്യമുക്തമായ പ്രകൃതിയുടെ അനുഭവമാണ് മൗലിനോങ് നൽകുന്നത്. തെളിവെള്ളമൊഴുകുന്ന ധാരാളം അരുവികളും ജലസമൃദ്ധിയിൽ ആറാടിനിൽക്കുന്ന മരങ്ങളും കടുംനിറങ്ങളുള്ള പൂക്കളും എങ്ങും കാണാം.

ഈ വൃത്തിയുടെ ലോകം കാണാൻ നിരവധി സഞ്ചാരികൾ ഈ ഗ്രാമത്തിലെത്തുന്നുണ്ട്. അതാകട്ടെ, ഗ്രാമത്തിന് നല്ല വരുമാനവും നൽകുന്നു. സഞ്ചാരികളായെത്തുന്നവർക്ക് ഹോംസ്റ്റേയും ഗോത്രത്തനിമയിലുള്ള ഹോംലി ഫുഡും ഒരുക്കുന്നതിലൂടെയാണിത്.

മൗലിനോങ്ങിൽ താമസിക്കുന്ന ഏതൊരാൾക്കും ഗ്രാമീണമായ അന്തരീക്ഷത്തിന്റെ സ്വച്ഛതയും നല്ല ഭക്ഷണത്തിന്റെ രുചിയുമാണ് ഗ്രാമവാസികൾ ഓഫർ ചെയ്യുന്നത്.

അതു വിലമതിക്കുന്ന വലിയൊരു കൂട്ടം വീണ്ടും വീണ്ടും ഇവിടേക്കെത്തുന്നു.

സഞ്ചാരികൾ എത്തുന്നത് ഗ്രാമത്തിന്റെ വിശുദ്ധിമൂലമാണെന്നു ഗ്രാമീണർക്കറിയാം. അതിനാൽ, അവർ തങ്ങളുടെ ഗ്രാമത്തെ പിന്നെയും പിന്നെയും ശുദ്ധമാക്കുന്നു.

ആ വൃത്തിബോധത്തിനുള്ള അംഗീകാരമായാണ് 'ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമം' എന്ന അംഗീകാരം 2003 ൽ ഡിസ്കവർ ഇന്ത്യ മൗലിനോങ് ഗ്രാമത്തിനു നൽകിയത്.

ആ അംഗീകാരം ഇവിടം സഞ്ചാരികളുടെ പറുദീസയാക്കി. അതുവഴി ലഭിച്ച വരുമാനം ഇവിടത്തുകാരുടെ ജീവിതനിലവാരം ഒന്നുകൂടി ഉയർത്തി.

ടൂറിസ്റ്റുകൾക്കുമുന്നിൽ ഈ ഗ്രാമത്തെക്കുറിച്ച് മതിപ്പുളവാക്കുന്ന വേറെയും സംഗതികൾ ഉണ്ട്.

നൂറുശതമാനം സാക്ഷരതയുള്ള ഗ്രാമമാണിത്.

ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന മാതൃവംശഗോത്രങ്ങളിലൊന്നാണ് ഇവരുടേത്.

സ്ത്രീകൾക്ക് ഉയർന്ന പദവിയുണ്ട്. കുട്ടികൾ അവരുടെ സർ നെയിം ആയി സ്വീകരിക്കുന്നത് അമ്മയുടെ പേരാണ്. പരമ്പരാഗതമായി അമ്മമാർ അവരുടെ സ്വത്ത് ഇളയ പെൺമക്കൾക്കു കൈമാറുന്ന ദായക്രമമാണ് ഇവരുടേത്.

മൗലിനോങ്ങിന്റെ പല തലങ്ങളിലെ മേന്മകൾ ആ ഗ്രാമത്തിനു പുതിയ പുതിയ അംഗീകാരങ്ങൾ നേടിക്കൊടുക്കുന്നുണ്ട്.

ഇന്ത്യയിലെ 'മികച്ച ഇക്കോ ടൂറിസം ഡെസ്റ്റിനേഷ'നുള്ള 2022 ലെ സിൽവർ അവാർഡ് ഈ ഗ്രാമത്തിനായിരുന്നു.

ട്രാവൽ - ടൂറിസം വ്യവസായത്തിലെ മേന്മകൾ വിലയിരുത്തി മാത്രം പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്ന ഔട്ട്‌ലുക്ക് ട്രാവലറിന്റെ അംഗീകാരം മൗലിനോങ്ങിന്റെ ശുചിത്വനിലവാരത്തിനുള്ള മറ്റൊരംഗീകാരമാകുന്നു.

മൗലിനോങ്ങിന്റെ ടൂറിസം സാധ്യതകൾ മനസ്സിലാക്കി അവിടെച്ചെന്ന് റിസോർട്ടുകൾ പണിയാമെന്ന് പുറത്തുള്ള ഡവലപ്പർമാർ മോഹിച്ചാൽ അതു വെറുതെ.

അവിടെ ഭൂമി വാങ്ങാൻ ഖാസിഗോത്രക്കാർക്കു മാത്രമേ പറ്റൂ. 1971 ലെ ഭൂമി കൈമാറ്റ നിയന്ത്രണനിയമം ആദിവാസി ഭൂമി മറ്റു വ്യക്തിക്കു കൈമാറുന്നതിനെ നിയന്ത്രിക്കുന്നു.

അതിനാൽ, പുറത്തുനിന്നുള്ള ഡെവലപ്പർമാർക്ക് ഭൂമി വാങ്ങി റിസോർട്ടുകൾ സ്ഥാപിക്കാനാകില്ല. വിനോദസഞ്ചാരത്തെ പ്രദേശവാസികൾക്കു ഗുണപ്രദമായി നിലനിറുത്താൻ അതു സഹായിക്കുന്നു.

പുതിയ വീടുകൾ നിർമിക്കുമ്പോൾ വലിയവ കെട്ടിപ്പൊക്കാനും അനുവദിക്കില്ല. അതിനും ചില നിയന്ത്രണങ്ങളുണ്ട്.

ഗ്രാമത്തിന്റെ സൗന്ദര്യം സംരക്ഷിക്കാൻ ഇരുനിലവീടിനെക്കാൾ ഉയരത്തിലുള്ള കെട്ടിടങ്ങൾ പാടില്ല എന്ന് പഞ്ചായത്തു കൗൺസിൽ പ്രഖ്യാപിച്ചു.

മൗലിനോങ് വ്യത്യസ്തമാകുന്നത് ഇങ്ങനെയാണ്. ഇവിടത്തെ ഗോത്രജനതയിൽനിന്നു നമുക്ക് ചിലതൊക്കെ പഠിക്കാനുണ്ട്. പ്രധാനമായും വൃത്തിയെപ്പറ്റിത്തന്നെ.

■




**നവംബർ 27**
**മംഗളവാർത്തക്കാലം**
**ഒന്നാം ഞായർ**

ഉത്പ 17 : 15 – 22
ഏശ 43 : 1–7; 10 – 11
എഫേ : 5 : 21 – 6:4
ലൂക്കാ 1 : 5 – 25

# മംഗളവാർത്തകളുടെ കാലം



ഡോ. ജോസഫ് കരികുളം

മംഗളവാർത്തക്കാലം ആദ്യഞായറാഴ്ച. സീറോമലബാർ സഭയുടെ ആരാധനക്രമവത്സരത്തിലെ ആദ്യകാലമാണ് മംഗളവാർത്തക്കാലം (സുവാറ). സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം കാലികചക്രം ആയതുകൊണ്ടാണ് ഓരോ നിശ്ചിതസമയക്രമത്തെയും 'കാലം' എന്നു ചേർത്തുവിളിക്കുന്നത്. മിശിഹായുടെ രക്ഷാകരസംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒൻപതു കാലങ്ങളായി ഇതു ക്രമപ്പെടുത്തിയിരിക്കുന്നു. കാലികചക്രത്തോട് വിശുദ്ധരുടെ തിരുനാളുകൾ ചേർത്ത് ആരാധനക്രമത്തെ സമ്പുഷ്ടമാക്കുന്ന രീതിയാണ് പൗരസ്ത്യസഭകൾക്കുള്ളത്.

ദൈവത്തിൽനിന്നകന്ന മനുഷ്യനെ ദൈവത്തിങ്കലേക്കു തിരിച്ചെത്തിച്ച്, നിത്യജീവനിൽ അവനെ പങ്കുകാരാക്കാനുള്ള ദൈവികപദ്ധതി പൂർണമാകുന്നത് ഈശോമിശിഹായിലാണ്. ഈ ലോകത്തിലേക്കുള്ള അവിടുത്തെ വരവിന്റെ അറിയിപ്പാണ് മംഗളവാർത്തക്കാലത്തിന്റെ കാതൽ. ഈ കാലത്തിലെ ഞായറാഴ്ചകൾ, മംഗളവാർത്തക്കാലം എന്ന പേരു സാർഥകമാകത്തക്കവിധം, സദ്വാർത്തകളുടെ വായനകളാണ് ഉൾക്കൊള്ളുന്നത്.

മനുഷ്യനെ സംബന്ധിച്ച്, ശിശുക്കളുടെ ജനനമാണ് ഏറ്റവും വലിയ സന്തോഷാവസരം. ശിശുക്കളുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത പത്തുമാസങ്ങൾക്കുമുമ്പേ ലഭിക്കും. അതോടെ മാതാപിതാക്കളുടെയും ആ കുടുംബത്തിന്റെതന്നെയും സാഹചര്യം മാറുന്നു. ഒരു ശിശു കുടുംബത്തിലേക്കു വരുകയാണെന്നറിയുന്ന കുടുംബാംഗങ്ങൾക്കു സന്തോഷവും പ്രത്യാശയും ആരംഭിക്കുന്നു. പിണങ്ങിക്കഴിയുന്ന പല കുടുംബങ്ങളും അതുമാറി ഒന്നായിത്തീരുന്നത് പലപ്പോഴും പുതിയ ജനനത്തിന്റെ അറിയിപ്പിലാണെന്നതു യാദൃച്ഛികമല്ല. കാരണം, അത്രയധികം ഉന്മേഷവും ദിശാബോധവും അടിസ്ഥാനവും നൽകുന്നതാണ് പുതിയ ജനനങ്ങൾ.

'സാറായി' എന്ന പേരിൽ അറിയപ്പെട്ടിരുന്നവൾ, അബ്രാഹത്തിന്റെ ഭാര്യ, ഇനിമേലിൽ 'സാറാ' എന്നറിയപ്പെടുമെന്ന ദൈവികപ്രഖ്യാപനത്തിൽ തുടങ്ങുന്നു, അബ്രാഹത്തിന്റെ കുടുംബത്തിന്റെ സന്തോഷപ്രഖ്യാപനം. സാറായിൽ അബ്രാഹത്തിന് ഒരു പുത്രൻ ജനിക്കും എന്ന മംഗളവാർത്തയാണ് ഇവിടത്തെ ആദ്യവായനയുടെ ഉള്ളടക്കം (ഉത്പ. 17:15-22). 'അബ്രാം' മിനെ 'അബ്രാഹം' എന്ന് ദൈവം പുനർനാമകരണം ചെയ്തപ്പോൾ, 'ഒരു കുടുംബത്തിന്റെ അപ്പൻ' എന്നതിൽനിന്ന് 'ജനതകളുടെ പിതാവ്' എന്ന വിശാലമായ അർഥത്തിലേക്ക് അബ്രാം വളരുന്നു. അതുപോലെതന്നെ 'സാറായി'യെ 'സാറാ' എന്നു നാമകരണം ചെയ്തുകൊണ്ട് അവളെ 'ജനതകളുടെ മാതാവാ'യി ദൈവം പ്രഖ്യാപിക്കുന്നു. ഇവർ രണ്ടുപേരുടെയും നാമങ്ങളിൽ ചെറിയ അക്ഷരവ്യത്യാസം മാത്രമാണ് ദൈവം വരുത്തുന്നതെങ്കിലും അതുണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതാണ്. ഒരു കുടുംബത്തിന്റെ നാഥൻ, നാഥ എന്ന നിലയിൽനിന്ന് ഒരു ജനതയുടെ പിതാവ്, മാതാവ് എന്ന നിലയിലേക്ക് ദൈവം അബ്രാഹത്തെയും സാറായെയും ഉയർത്തുന്നുവെന്നു മനസ്സിലാക്കണം.

അബ്രാഹത്തോടുള്ള ദൈവത്തിന്റെ വാഗ്ദാനത്തിന്റെ ഫലം യഥാർഥത്തിൽ അനുഭവിക്കുന്നത് അബ്രാഹത്തിന്റെ കുടുംബം മുഴുവനുമാണ്. കുടുംബമാകുന്ന കൂട്ടായ്മയിലാണ് ദൈവത്തിന്റെ സദ്വാർത്തകൾ മാറ്റങ്ങൾ സൃഷ്ടിക്കുന്നത്, ഫലങ്ങൾ ഉളവാക്കുന്നത്. അബ്രാഹത്തിന്റെയും സാറായുടെയും കുടുംബം ഇസ്രായേൽ ജനം എന്ന വലിയ നിലയിലേക്കു വളരുന്നതിനു നാം സാക്ഷികളാണ്. ഈ കുടുംബത്തെയും ദൈവം സ്വന്തമായി കണക്കാക്കുന്നതാണ് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയിൽ (ഏശ. 17:1-7, 10-11) നാം കാണുന്നത്. "നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ്" (43:1).


മിശിഹാ ഭൂമിയിൽ അവതരിക്കുന്നതിനുള്ള ഒരുക്കമായി വീണ്ടുമൊരു കുടുംബത്തെ ദൈവം തിരഞ്ഞെടുക്കുന്നു. അത് സക്കറിയായുടെ കുടുംബമാണ്. (ലൂക്കാ 1:5-25). അബ്രാഹത്തിന്റെ കുടുംബത്തിൽ എന്നപോലെതന്നെ, ദൈവസന്നിധിയിലെ പ്രീതിയാണ് സക്കറിയായുടെ കുടുംബത്തെയും ദൈവം തിരഞ്ഞെടുക്കാനുള്ള യോഗ്യത (1:6; ഉത്പ. 22,12). അബ്രാഹത്തെപ്പോലെതന്നെ സക്കറിയായ്ക്കും എലിസബത്തിനും മക്കളുണ്ടായിരുന്നില്ല. മക്കളുണ്ടാകുകയോ ഇല്ലാതിരിക്കുകയോ അല്ല ദൈവപ്രീതിയുടെ ലക്ഷണം. സ്ത്രീയും പുരുഷനും ഒന്നുചേർന്നുണ്ടാകുന്ന കുടുംബസംവിധാനം ദൈവഹിതത്തോടു ചേർന്നു പ്രവർത്തിക്കുന്നുണ്ടോ എന്നതാണു പ്രധാനം. പരിശുദ്ധാത്മാവിൽനിന്ന് ഈശോയെ ഗർഭം ധരിക്കുന്ന പരി. കന്യാമറിയത്തിന് ഭർത്താവായും ഈശോയ്ക്കു വളർത്തുപിതാവായും വി. യൗസേപ്പിനെ തിരഞ്ഞെടുക്കുകവഴി ദൈവം നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്. കുടുംബം ഉണ്ടാകുന്നത് ഭാര്യയും ഭർത്താവും ഒരുമിച്ചുചേരുമ്പോഴാണ്. അവരുടെ ഒന്നുചേരലിന്റെ ഫലമാണ് സന്താനങ്ങൾ. യോഹന്നാന്റെ ജനനം അനേകരുടെ സന്തോഷത്തിനു കാരണമാകുമെന്നാണ് പ്രവചനം (1:14). കർത്താവിനുവേണ്ടി ഒരു ജനത്തെ ഒരുക്കാനുള്ള വലിയ ദൗത്യമാണ് യോഹന്നാന്റേത് (1:17). അബ്രാഹത്തിന്റെ മകനായ ഇസഹാക്കിന്റെ പുത്രനായ യാക്കോബിൽനിന്ന് ഇസ്രായേൽജനം ഗോത്രങ്ങളായി പെരുകുമ്പോഴാണ് 'ജനതകളുടെ പിതാവ്' എന്ന വിശേഷണം അബ്രാഹത്തിൽ പൂർണമാകുന്നത്. യോഹന്നാൻ കർത്താവിനുവേണ്ടി ഒരുക്കുന്ന ജനതയാണ് സക്കറിയായ്ക്കു ലഭിക്കുന്ന പ്രവചനത്തിന്റെ പൂർത്തീകരണം. ഈ രണ്ടു സംഭവങ്ങളിലും വാഗ്ദാനം ലഭിച്ചവർക്ക് അതിന്റെ പൂർത്തീകരണം ദർശിക്കാനായിട്ടില്ല. അതായത്, വാഗ്ദാനത്തിന്റെ പൂർത്തീകരണം സ്വന്തം കണ്ണുകൾകൊണ്ടു കണ്ടിട്ടല്ല അബ്രാഹം ദൈവത്തിൽ വിശ്വസിച്ചത്. ദൈവത്തിന്റെ ആദ്യദർശനത്തിൽത്തന്നെ, വചനം ആദ്യമായി ശ്രവിച്ചപ്പോൾത്തന്നെ വാഗ്ദാനപൂർത്തീകരണത്തിനായി കാത്തുനില്ക്കാതെ അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു.

യോഹന്നാന്റെ ജനനത്തെ ചുറ്റിപ്പറ്റിയുള്ള സംഭവവികാസങ്ങൾ സൃഷ്ടിക്കുന്ന അവിശ്വസനീയതയിൽ സക്കറിയായുടെ വിശ്വാസത്തിൽ ചഞ്ചലിപ്പ് ഉണ്ടാകുന്നു. അതുപക്ഷേ, അവന്റെ അടിയുറച്ച ദൈവവിശ്വാസത്തിലുള്ള കുറവല്ല; മറിച്ച്, ആ സാഹചര്യങ്ങളെ മനസ്സിലാക്കുന്നതിൽ അവനു സംഭവിക്കുന്ന വീഴ്ചയാണ്. ദൈവത്തിന്റെ വാഗ്ദാനത്തിൽ പരിപൂർണമായി വിശ്വസിച്ചുകൊണ്ട് തങ്ങളുടെ കുടുംബത്തിന്റെ അഭിവൃദ്ധിക്കായി പരിശ്രമിക്കുമ്പോഴാണ് മക്കളിലൂടെ ജനതകളുടെ പിതാവും മാതാവുമായി മാതാപിതാക്കൾ മാറുന്നത്. തങ്ങൾ ജന്മംകൊടുക്കുന്ന ശിശുവിൽ വലിയ ഒരു ജനതയുടെ തുടക്കം ദർശിക്കാൻ മാതാപിതാക്കന്മാർക്കു കഴിയണം. താത്കാലികനേട്ടങ്ങളുണ്ടാക്കുക എന്ന സങ്കുചിതചിന്ത ഉപേക്ഷിച്ച് ദൈവത്തിനുവേണ്ടി ഒരുക്കപ്പെടുന്ന വലിയൊരു ജനതയുടെ പിതാവും മാതാവുമായി മക്കളെ ദർശിക്കുന്ന കുടുംബങ്ങളെയാണ് വി. ഗ്രന്ഥത്തിൽ കാണാനാവുന്നത്.

ഇത്തരുണത്തിൽ, ദൈവം ആഗ്രഹിക്കുന്ന കുടുംബജീവിതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ് ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ നൽകുന്നത് (എഫേ. 5:21-6,4). ഭാര്യയുടെയും ഭർത്താവിന്റെയും പരസ്പരസ്നേഹവും (5:25-29) വിധേയത്വവും (5,22-24) ഒന്നാകലും (5:30-32) മക്കൾക്കുണ്ടായിരിക്കേണ്ട അനുസരണവുമൊക്കെ (6:1-4) സുവിശേഷപുണ്യങ്ങളായാണ് പൗലോസ് ശ്ലീഹാ കാണുന്നത്.

ആധുനികലോകത്തിന്റെ മാറിവരുന്ന സങ്കല്പങ്ങളെ പാടേ നിരാകരിക്കുന്നതാണ് കുടുംബങ്ങളെ സംബന്ധിച്ച വി. ഗ്രന്ഥദർശനം. സ്വവർഗവിവാഹവും, ഭാര്യാഭർത്താക്കന്മാരുടെ സ്നേഹമില്ലായ്മയും, വിവാഹമോചനവും അതു കുട്ടികൾക്കുണ്ടാക്കുന്ന മാനസികസംഘർഷങ്ങളുമൊന്നും വി. ഗ്രന്ഥവിഭാവനയിലുള്ള കുടുംബസങ്കല്പമല്ല. ദൈവസ്ഥാപിതവും ദൈവം ആഗ്രഹിക്കുന്നതുമായ കുടുംബബന്ധങ്ങളിൽനിന്ന് ഇത്തരം ശിഥിലീകരണപ്രവണതകൾ ഒഴിവാക്കുകതന്നെ വേണം. സ്വാതന്ത്ര്യത്തിന്റെ അതിരുകളില്ലാത്ത വിഹായസ്സിൽ പറന്നുനടക്കാനുള്ള അഭിവാഞ്ഛകൾക്കു ക്രിയാത്മകമായ വിധേയത്വത്തിന്റെയും പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെയും സൃഷ്ടിപരമായ അച്ചടക്കത്തിന്റെയും താഴിട്ടുപൂട്ടിയാൽ മാത്രമേ ജനതകളുടെ പിതാവും മാതാവുമായി നമ്മുടെ കുഞ്ഞുങ്ങൾക്കും മാറാനാവൂ.

■




## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചു തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**സിനി സാബു ഉറുമ്പേൽ**
**മേവിട**

# മാർ ആൻഡ്രൂസ് താഴത്ത് സിബിസിഐ പ്രസിഡന്റ്



മാർ ആൻഡ്രൂസ് താഴത്ത്

ബംഗളൂരു: ഭാരതകത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) പ്രസിഡന്റായി തൃശൂർ ആർച്ചുബിഷപ്പും എറണാകുളം - അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് തിരഞ്ഞെടുക്കപ്പെട്ടു.

ബംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് ഓഡിറ്റോറിയത്തിൽ നടന്നുവരുന്ന സിബിസിഐയുടെ 35-ാം പ്ലീനറി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

സിബിസിഐയുടെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുള്ള ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കെസിബിസി സെക്രട്ടറി ജനറലായും പ്രസിഡന്റായും കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. കത്തോലിക്കാസഭയുടെ നിയമങ്ങൾ വിശകലനം ചെയ്യുന്ന വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെജിസ്ലേറ്റീവ് ടെക്സ്റ്റ്സ് മെംബറായി 2021ൽ ഫ്രാൻസിസ് മാർപാപ്പാ മാർ ആൻഡ്രൂസ് താഴത്തിനെ നിയമിച്ചിരുന്നു. ലോകപ്രശസ്തനായ കാനൻനിയമ വിദഗ്ധൻകൂടിയാണ് മാർ ആൻഡ്രൂസ് താഴത്ത്.

മദ്രാസ്-മൈലാപ്പൂർ ആർച്ചുബിഷപ് ഡോ. ജോർജ് അന്തോണിസാമി, ബത്തേരി ബിഷപ് ജോസഫ് മാർ തോമസ് എന്നിവരാണ് പുതിയ വൈസ് പ്രസിഡന്റുമാർ. മഹാരാഷ്ട്രയിലെ വസായ് രൂപതാധ്യക്ഷനായ ഡോ. ഫെലിക്സ് മച്ചാഡോയാണു സെക്രട്ടറി ജനറൽ.



ഡോ. ജോർജ് അന്തോണിസാമി



ജോസഫ് മാർ തോമസ്




ഡോ. ഫെലിക്സ് മച്ചാഡോ

# ലോകനീന്തൽമത്സരത്തിൽ മലയാളികൾക്ക് മെഡൽ

പാലാ: ലോകനീന്തൽമത്സരത്തിൽ മലയാളികളുടെ മെഡൽനേട്ടം ചരിത്രമായി. ഓസ്ട്രേലിയയിലെ ഗോൾഡ് കോസ്റ്റിൽ സമാപിച്ച പാൻ പസഫിക് മാസ്റ്റേഴ്സ് ലോകനീന്തൽമത്സരത്തിൽ പ്രഫ. കെ.സി. സെബാസ്റ്റ്യൻ കദളിക്കാട്ടിൽ (82) 80 പ്ലസ് വിഭാഗത്തിൽ 100 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ സ്വർണവും 65 പ്ലസ് വിഭാഗത്തിൽ 100 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ ടി.ജെ. തോമസ് തോപ്പിൽ (69) വെള്ളിയും കരസ്ഥമാക്കി.

50 മീറ്റർ ഫ്രീസ്റ്റൈലിൽ വെങ്കലവും 100 മീറ്റർ ഫ്രീസ്റ്റൈലിൽ വെള്ളിയും പ്രഫ. കെ.സി. സെബാസ്റ്റ്യൻ സ്വന്തമാക്കിയിരുന്നു. പാലാ സെന്റ് തോമസ് കോളജിൽനിന്നു വിരമിച്ചശേഷമാണ് പ്രഫ. കെ.സി. സെബാസ്റ്റ്യൻ നീന്തൽരംഗത്തെത്തിയത്. ജില്ല അക്വാട്ടിക് അസോസിയേഷൻ പ്രസിഡന്റായിരുന്നു.

ലോകമാസ്റ്റേഴ്സ് നീന്തൽ മത്സരത്തിൽ 65 പ്ലസ് വിഭാഗത്തിൽ 100 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ 0.7 സെക്കൻഡിന്റെ വ്യത്യാസത്തിൽ സ്വർണം നഷ്ടപ്പെട്ടെങ്കിലും ടി.ജെ. തോമസ് തോപ്പിൽ വെള്ളിമെഡൽ നേടി. എം.ജി. സർവകലാശാലയിൽ പരിശീലകനായിരുന്ന ടി.ജെ. തോമസ് വിരമിച്ചശേഷമാണ് മാസ്റ്റേഴ്സ്മത്സരങ്ങളിൽ പങ്കെടുത്തുതുടങ്ങിയത്. ലോകമത്സരങ്ങളിൽ ടി.ജെ. തോമസ് - പ്രഫ. കെ.സി. സെബാസ്റ്റ്യൻ കൂട്ടുകെട്ടാണ് പങ്കെടുക്കുന്നത്. ഒരുമിച്ച് ആറു ലോകമത്സരങ്ങളിൽ പങ്കെടുത്തെങ്കിലും രണ്ടുപേർക്കും മെഡൽ കിട്ടുന്നത് ആദ്യമാണ്. തോപ്പൻസ് നീന്തൽ അക്കാദമി ഡയറക്ടറായ ടി.ജെ. തോമസ് ബട്ടർഫ്ളൈ സ്ട്രോക്കിൽ മുൻ അന്തർ സർവകലാശാല റെക്കോർഡ് സ്വർണമെഡൽ ജേതാവുകൂടിയാണ്.



പ്രഫ. കെ.സി. സെബാസ്റ്റ്യൻ



ടി.ജെ. തോമസ്

# സമാധാനത്തിന്റെ പ്രത്യാശ പകർന്ന് ജി-20 ഉച്ചകോടി

*1-ാം പേജ് തുടർച്ച*

നിരവധി പ്രശ്നങ്ങളിൽ സജീവമായ ചർച്ചയുണ്ടാകും. എല്ലാ വിഷയങ്ങളിലും പരസ്പരധാരണയും സഹകരണവും വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുമെന്നാണ് വിശ്വാസം.” ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോയിൽ ചേർന്ന COP 27 കാലാവസ്ഥാ ഉച്ചകോടിയിൽ സംബന്ധിച്ചശേഷമാണ് അദ്ദേഹം നേംപെൻ വഴി ബാലിയിലെത്തിയത്. സമ്മേളനത്തലേന്നുതന്നെ ബാലിയിലെത്തിയ ബൈഡനും ഷി യും ഒരുമിച്ചിരുന്ന് മൂന്നു മണിക്കൂറോളം ചർച്ച നടത്തി. കൂടിക്കാഴ്ചയ്ക്കുശേഷം പുറത്തേക്കുവന്ന ബൈഡന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: “ചൈനയുമായി ഒരു ശീതയുദ്ധത്തിനോ നേരിട്ടുള്ള ഏറ്റുമുട്ടലിനോ ഇല്ല. തയ്‌വാനെ ബലപ്രയോഗത്തിലൂടെ പിടിച്ചെടുക്കാൻ ചൈന തുനിയുകയില്ലെന്നാണ് എന്റെ പ്രതീക്ഷ.”

ഒക്ടോബറിൽ ചേർന്ന പാർട്ടി കോൺഗ്രസിൽ ജനറൽ സെക്രട്ടറിയും മിലിട്ടറി കമ്മീഷൻ ചെയർമാനും മൂന്നാം തവണയും പ്രസിഡന്റായി നിയമിതനാവുകയും ചെയ്ത ഷി ജിൻപിംഗും, ഈ മാസം 8-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പുകളിൽ മേൽക്കൈ നേടിയ ജോ ബൈഡനും വർധിതമായ ആത്മവിശ്വാസത്തോടെയാണ് ബാലിയിലെത്തിയത്. ഇക്കഴിഞ്ഞ ഓഗസ്റ്റിൽ യു എസ് പ്രതിനിധി സഭാസ്പീക്കർ നാൻസി പെലോസി ചൈനയുടെ എതിർപ്പിനെ അവഗണിച്ചും തയ്‌വാൻ സന്ദർശിച്ചത് ഇന്തോ-പസഫിക് മേഖലയിൽ വലിയ സംഘർഷത്തിനിടയാക്കിയിരുന്നു. തയ്‌വാൻദ്വീപിനു ചുറ്റും സൈനികവലയം തീർത്താണ് ചൈന പ്രതികരിച്ചത്. മിസൈലുകൾ വഹിക്കുന്ന നിരവധി പോർവിമാനങ്ങൾ തയ്‌വാന്റെ വ്യോമാതിർത്തി ലംഘിച്ചു പ്രകോപനം സൃഷ്ടിക്കുകയും ചെയ്തു. ‘ഏകചൈനാവാദം’ മുമ്പേതന്നെ അംഗീകരിച്ച യു എസ് ഭരണകൂടം ചൈനയെ ചൊടിപ്പിച്ചുകൊണ്ട് തയ്‌വാനുമായി കരാറുണ്ടാക്കുകയും ആയുധങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയിലെ 193 രാജ്യങ്ങളിൽ 13 എണ്ണം മാത്രമേ തയ്‌വാനെ സ്വതന്ത്രരാജ്യമായി അംഗീകരിച്ചിട്ടുള്ളൂ. അമേരിക്കയ്ക്കുപോലും തയ്‌വാനുമായി നയതന്ത്രബന്ധങ്ങളില്ല. ഏതായാലും, പെലോസിയുടെ സന്ദർശനമുണ്ടാക്കിയ മുറിവുണക്കാൻ രണ്ടു രാഷ്ട്രത്തലവന്മാരുടെയും കൂടിക്കാഴ്ച വഴിയൊരുക്കുമെന്നാണു പ്രതീക്ഷ. എന്നാൽ, ചൈനയുടെ കഴുകൻകണ്ണുകൾ ഇപ്പോഴും തയ്‌വാന്റെ മേലുണ്ടെന്നും ഒരു ബലപരീക്ഷണത്തിന് ചൈന മുതിർന്നേക്കുമെന്നും അമേരിക്കൻ രഹസ്യാന്വേഷകർ മുന്നറിയിപ്പു നൽകുന്നുണ്ട്.

റഷ്യയൊഴികെയുള്ള എല്ലാ ജി-20 രാജ്യങ്ങളിലെയും പ്രസിഡന്റുമാരോ പ്രധാനമന്ത്രിമാരോ സമ്മേളനത്തിൽ പങ്കെടുക്കുമ്പോഴും റഷ്യൻ പ്രതിനിധിയായി എത്തിയത് വിദേശകാര്യമന്ത്രി സെർജി ലാവ്റോവായിരുന്നു. യുക്രെയ്നിലെ അനാവശ്യകടന്നുകയറ്റത്തിന്റെ പേരിൽ ലോകരാജ്യങ്ങളുടെ മുമ്പിൽ കുറ്റക്കാരനായി മാറിയ വ്ളാഡിമിർ പുടിൻ സമ്മേളനത്തിന് എത്താതിരുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയാകട്ടെ 2019നു ശേഷം ഷി ജിൻപിംഗുമായി സംസാരിച്ചിട്ടില്ലെന്നതും സമ്മേളനത്തിന് മങ്ങലേല്പിച്ചു. ഇക്കഴിഞ്ഞ സെപ്റ്റംബർ 15-ാം തീയതി ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ സംഘടിപ്പിച്ച ഷാംഗ്ഹായ് സഹകരണകൗൺസിൽ യോഗത്തിൽ ഇരുനേതാക്കളും പങ്കെടുത്തെങ്കിലും ശത്രുക്കളെപ്പോലെ അകലം പാലിക്കുകയായിരുന്നു. ബാലിയിലെ സമ്മേളനത്തിലും ഇരുവരുടെയും പരിപാടികളിൽ കൂടിക്കാഴ്ചയ്ക്ക് സമയം തീരുമാനിച്ചിരുന്നില്ല. എന്നാൽ, ഫ്രഞ്ചു പ്രസിഡന്റ് ഇമ്മാനുവേൽ മക്രോണുമായും അർജന്റീനിയൻ പ്രസിഡന്റ് ആൽബർട്ടോ ഫെർണാണ്ടസുമായും വേറെ ഏതാനും രാഷ്ട്രത്തലവന്മാരുമായും ഷി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.



## വടക്കൻകൊറിയയെ തളയ്ക്കണം

ജപ്പാന്റെയും ദക്ഷിണകൊറിയയുടെയും സമുദ്രാതിർത്തികളിലേക്ക് മിസൈലുകളയച്ചു ഭയപ്പെടുത്തുന്ന വടക്കൻ കൊറിയൻ ഏകാധിപതി കിം ജോംഗ് ഉന്നിനെ നിലയ്ക്കു നിറുത്തണമെന്നും ഷിയോട് ബൈഡൻ ആവശ്യപ്പെട്ടതായി വാർത്തയുണ്ട്. അധികം വൈകാതെ തന്നെ തങ്ങളുടെ ഏഴാമത്തെ ന്യൂക്ലിയർ മിസൈൽ വിക്ഷേപിക്കുമെന്ന ഉന്നിന്റെ മുന്നറിയിപ്പിനെതിരേ ശക്തമായി പ്രതികരിക്കുകയായിരുന്നു ബൈഡൻ. മിസൈലുകളും ആണവായുധങ്ങളും പ്രദേശത്ത് കുന്നുകൂട്ടുന്നതും പരീക്ഷണങ്ങൾ നടത്തുന്നതും ആപത്കരമായ പ്രവണതയാണെന്നും അതിനനുസരിച്ച് തങ്ങളുടെ സൈനികശക്തി ഇന്തോ-പസഫിക് മേഖലയിൽ വർധിപ്പിക്കേണ്ടിവരുമെന്നും ബൈഡൻ ഷിയെ ഓർമ്മിപ്പിച്ചു. കിം ജോംഗ് ഉൻ ഷിയുടെ അടുത്ത സുഹൃത്തായതിനാൽ ഇക്കാര്യങ്ങൾ അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ഷിയ്ക്കു കഴിയും.

ചൈനയും യു എസും തമ്മിൽ വിവിധ മേഖലകളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കാനാകുമെന്ന ഉത്തമവിശ്വാസം തനിക്കുണ്ടെന്ന് സമ്മേളനത്തിനു പുറപ്പെടുംമുമ്പ് ഷി ജിൻപിംഗ് ബെയ്ജിംഗിൽവച്ച് സൂചിപ്പിച്ചിരുന്നു: “ഈ ഭൂമി വിശാലമാണ്, രണ്ടു കൂട്ടരെയും ഉൾക്കൊള്ളാൻ ഭൂമിക്കു കഴിയും. പരസ്പരവിശ്വാസത്തോടെയും ബഹുമാനത്തോടെയും സമാധാനപരമായ സഹവർത്തിത്വത്തോടെയും രണ്ടുകൂട്ടർക്കും മുമ്പോട്ടു പോകാനാകും. അതേസമയം, ഓരോരുത്തരുടെയും പരമാധികാരവും സുരക്ഷിതത്വവും സംരക്ഷിക്കപ്പെടുകയും വേണം.”

യുക്രെയ്ൻ അധിനിവേശത്തിന്റെ പേരിൽ റഷ്യയ്ക്കെതിരെ പാശ്ചാത്യരാജ്യങ്ങൾ ഏർപ്പെടുത്തിയ ഉപരോധങ്ങളിൽ അയവു വരുത്തണമെന്ന ഷി യുടെ നിലപാടിനെ സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ പിന്തുണച്ചു.

യുക്രെയ്ൻ പ്രശ്നത്തിന് പരിഹാരമായി വെടിനിറുത്തലിന്റെയും സമാധാനത്തിന്റെയും നയതന്ത്രത്തിന്റെയും പാത സ്വീകരിക്കാനാണ് ലോകരാജ്യങ്ങളോട് നരേന്ദ്ര മോദി ആവശ്യപ്പെട്ടത്. റഷ്യയിൽനിന്ന് ഇന്ധനവും ഊർജവും വാങ്ങുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദേശത്തിനുള്ള മോദിയുടെ മറുപടി ഇപ്രകാരമായിരുന്നു: “ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയെന്ന നിലയിൽ ഊർജസുരക്ഷിതത്വം ഞങ്ങൾക്കു പരമപ്രധാനമാണ്. ഊർജവിപണിയിൽ ഉപരോധം ഏർപ്പെടുത്തേണ്ട സമയം ഇതല്ല, യുദ്ധത്തിനുള്ള സമയവും ഇതല്ല. ശ്രീബുദ്ധന്റെയും മഹാത്മഗാന്ധിയുടെയും മണ്ണിൽ ജീവിക്കുമ്പോൾ ലോകസമാധാനത്തെക്കുറിച്ച് ശക്തമായ സന്ദേശം നൽകാൻ ഞങ്ങൾക്കു കഴിയും.” ■

# മന്ത്രവാദികളെ തളയ്ക്കാൻ ആരുമില്ലേ?



ജോസ് വഴുതനപ്പിള്ളി

ദുർബലമനസ്സുകളെ സ്വാധീനിച്ച് അവരെക്കൊണ്ടു കുറ്റകൃത്യങ്ങൾ ചെയ്യിക്കുന്ന മന്ത്രവാദികൾക്കു ശിക്ഷയൊന്നുമില്ലേ? ആയിരം ദൈവങ്ങളുടെ ശക്തിയും പ്രഭാവവും തനിക്കുള്ളിൽ കുടികൊള്ളുന്നുണ്ട് എന്നു വീമ്പടിച്ചു മനുഷ്യരെ ചതിക്കുഴിയിൽ വീഴ്ത്തുന്നവർക്കും മരണത്തിലേക്കു നയിക്കുന്നവർക്കും നാട്ടിൽ യാതൊരു ഭീഷണികളുമില്ലാതെ വിലസി നടക്കാനാകുന്നത് എന്തുകൊണ്ട്?

വിദ്യാസമ്പന്നരെന്നഭിമാനിക്കുന്നവരുടെ നാട്ടിൽ നൂറ്റാണ്ടുകളായി മന്ത്രവാദിനികളും ദുർഭൂതങ്ങളും മാക്ബെത്തിലെന്നപോലെ അടുപ്പുകല്ലുകൾ കൂട്ടി അനേകരെ മരണത്തിലേക്കു നയിക്കുന്നു. ഇതിന് ഒരു അറുതിയില്ലേ?

2012 ഒക്ടോബറിൽ പൂവാർ എന്ന സ്ഥലത്ത് ഏതാനും മന്ത്രവാദികളെ ചോദ്യം ചെയ്തതിനാണ് ആന്റണിക്കും സുഹൃത്തിനും കുത്തേറ്റു മരിക്കേണ്ടിവന്നത്. മന്ത്രവാദംമൂലം ബന്ധുവിന് ആത്മഹത്യചെയ്യേണ്ടിവന്നതു ചോദ്യം ചെയ്യാൻ പോയതായിരുന്നു അവർ.

**വിദേശങ്ങളിൽ**

അന്ധവിശ്വാസങ്ങളുടെ ഒരു കൂടാണ് ഇന്തോനേഷ്യ. അവിടെ ഒരു വിദ്വാൻ 42 വനിതകളെയാണ് തന്റെ സ്വാധീനത്തിലാക്കി ചൂഷണം ചെയ്തു മതാനുഷ്ഠാനങ്ങൾക്കു വിധേയരാക്കി അവർക്ക് അതിമാനുഷികശക്തികൾ സൃഷ്ടിച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തു നശിപ്പിച്ചത്. അവരുടെ വായിലെ ഉമിനീർ അയാൾ ഈമ്പി വലിച്ചെടുക്കും. അതുമൂലം തന്റെ ശക്തിയും ഊർജവും ഓജസ്സും ഇരട്ടിയാകുമെന്ന് അയാൾ കരുതി. അവരെ ഓരോരുത്തരെയായി കഴുത്തു ഞെരിച്ചുകൊന്നു. അവരെയെല്ലാം വടക്കൻ സുമാത്രയിലെ ഒരു കരിമ്പിൻതോട്ടത്തിലായിരുന്നു തുടർച്ചയായി അടക്കം ചെയ്തത്. ഒടുവിൽ പോലീസ് അയാളെ കണ്ടെത്തി. 1998 ൽ കോടതി അയാളെ വധശിക്ഷയ്ക്കു വിധിച്ചു.

പ്രാചീനകാലം മുതൽക്കേ ചൈനക്കാരും 'കു' എന്നു വിളിക്കുന്ന മന്ത്രവാദപ്രക്രിയ നടത്തിപ്പോന്നു. ധനസമ്പാദനത്തിനും മറ്റുള്ളവരോടു പകവീട്ടുവാനും അവർ 'കു' ഉപയോഗിച്ചുപോന്നു. വിഷപ്രാണികളെയും വിഷപ്പാമ്പുകളെയും അവർ ഒരു പാത്രത്തിൽ ഇടും. കുറെക്കഴിയുമ്പോൾ പാത്രത്തിൽ ബാക്കി നിൽക്കുന്ന ഏകജീവിയെയാണ് 'കു' എന്നു വിളിക്കുക. ഇതിന്റെ വിഷമാണ് ഇരയിൽ കടത്തിവിടുക. അതോടെ നിമിഷങ്ങൾക്കകം മരണം സുനിശ്ചിതം എന്നുമാത്രമല്ല ഇരയുടെ സർവസമ്പത്തും സ്വത്തുവകകളും ഇത് ഏർപ്പാടാക്കുന്നവനു സ്വന്തമാകും എന്നാണു വിശ്വാസം. ചൈനക്കാർക്കിടയിൽ മന്ത്രവാദം പുതിയ രൂപങ്ങളിൽ ഇപ്പോഴുമുണ്ട്.

ഒരിക്കൽ സമരിയാദേശത്തു സൈമൺ മാഗ്സ് എന്നൊരു ആഭിചാരക്കാരൻ ജീവിച്ചിരുന്നുവെന്ന് ബൈബിളിൽ പറയുന്നുണ്ട്. ആൾക്ക് വലിയ ദൈവിക ശക്തി ഉണ്ടെന്നാണ് അന്നാട്ടുകാർ വിശ്വസിച്ചിരുന്നത്. ഫിലിപ്പിന്റെ വചനപ്രഘോഷണം ശ്രവിച്ച് അന്നാട്ടുകാർ ആസകലം യേശുവിലേക്കു തിരിഞ്ഞു. പത്രോസും യോഹന്നാനും ജനങ്ങളുടെ തലയ്ക്കു മുകളിൽ കരം പിടിച്ച് അവരിലേക്കു പരിശുദ്ധാത്മാവിനെ പകർന്നുകൊടുക്കുന്ന രംഗം കണ്ടുനിന്ന നമ്മുടെ സൈമൺ മാഗ്സിന് ഒരു വമ്പൻ ആശയം മനസ്സിൽ ഉദിച്ചു. ഇതു ലാഭമുള്ള ഏർപ്പാടാണ്. എനിക്കും ഇത്തരം ഒരു ശക്തി കിട്ടണം. അതിന് കുറെ പണം പത്രോസിനും യോഹന്നാനും വച്ചു നീട്ടി. എന്നിട്ട് അപേക്ഷിച്ചു: "പരിശുദ്ധാത്മാവിനെ പകർന്നുകൊടുക്കാനുള്ള ശക്തി കുറച്ച് എനിക്കും തരിക." പത്രോസ് അവനോടു പറഞ്ഞു: "നീ ദൂരെപ്പോ. നിന്റെ പണം നിന്നോടുകൂടെ നശിക്കട്ടെ. ഉദ്ദേശ്യശുദ്ധിയില്ലാത്ത നിനക്ക് ദൈവത്തിന്റെ വരദാനം എങ്ങനെ ലഭിക്കും?"

യൂറോപ്പിൽ, പ്രത്യേകിച്ചു പടിഞ്ഞാറൻ ജർമനിയിൽ ഒരുകാലത്തു സാത്താൻപൂജയും മന്ത്രവാദവും വളരെ സാധാരണമായിരുന്നു. സാത്താൻസേവയിലൂടെ മന്ത്രികമായ സിദ്ധികൾ നേടിയെടുക്കാമെന്ന് ചിലർ വിശ്വസിച്ചു. പവിത്രമായ വിശുദ്ധകുർബാനയും വീഞ്ഞും മലിനമാക്കി ചിലർ സംഘംകൂടി ലൈംഗികചേഷ്ടകൾ നടത്തി. മൃഗങ്ങളുടെ രൂപം പ്രാപിച്ച് അവർ സാത്താനുമായിപ്പോലും ഇണചേർന്നു. ഇതിന്റെയെല്ലാം ഭാഗമായി അവർ കുട്ടികളെ തട്ടിക്കൊണ്ടുപോയി കൊല്ലുകയും ചെയ്യുമായിരുന്നു. പലപ്പോഴും അവരുടെ മാസം ഭക്ഷിക്കുകയും കൊഴുപ്പ് മാന്ത്രികയെണ്ണകൾ നിർമിക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്തു. വിചിത്രങ്ങളായ ഇത്തരം ഭ്രമകല്പനകളിലൂടെ അവർ നാടിനെ നടുക്കി. ദുർമന്ത്രവാദിനികൾ നാട്ടിലെല്ലാം ഭീതി പരത്തിക്കൊണ്ടു നടക്കുമായിരുന്നു. അത്തരം ആളുകളെ അക്കാലത്തു ധാരാളമായി ചുട്ടെരിച്ചുകൊന്നിട്ടുമുണ്ട്.

**ഭാരതത്തിൽ**

മഹാരാഷ്ട്രയിലെ ബീഡ് എന്ന സ്ഥലത്ത് ഒരു പോത്തു ചത്തുപോയതിന്റെ കാരണം പറഞ്ഞു കഷ്ടകാലം മാറ്റിയെടുക്കാൻ ഭാര്യയും ഭർത്താവും ചേർന്ന് അവരുടെ ആറുവയസ്സുകാരൻ കുഞ്ഞിനെ കുരുതി കഴിച്ചു.

കർണാടകത്തിൽ ഇത്തരം ആഭിചാരപ്രവൃത്തികൾക്കും മന്ത്രവാദത്തിനും വിലക്കു കല്പിച്ചുകൊണ്ട് നിയമനിർമാണം നടത്തിയിട്ടുണ്ട്. അവിടെ ചിലർ വാഴയിലയിൽ ഭക്ഷ്യവസ്തുക്കൾ വിതറി അതിനുമുകളിലൂടെ ഉരുണ്ടുതിരിയുന്ന 'മഡേ സ്നാന' എന്ന അനുഷ്ഠാനവും അതേത്തുടർന്നുള്ള മന്ത്രവാദവും നടത്തിപ്പോന്നത് അതോടെ നിയന്ത്രണത്തിലായി.

രണ്ടായിരത്തിലധികം സ്ത്രീകൾ കഴിഞ്ഞ 14 വർഷങ്ങൾക്കുള്ളിൽ മന്ത്രവാദംമൂലം മരണപ്പെട്ടു എന്നാണ് 'നാഷണൽ ക്രൈം ബ്യൂറോ'യുടെ സ്ഥിതിവിവരക്കണക്ക്. അക്ഷരാഭ്യാസം കുറഞ്ഞ ജാർഖണ്ഡിലെ പ്രാകൃതജാതിക്കാർക്കിടയിൽ മന്ത്രവാദവും ആഭിചാരവും നിത്യസംഭവമാണ്. 2005-10 കാലഘട്ടത്തിൽ ഹരിയാനയിൽ 204 സ്ത്രീകളെ ക്ഷുദ്രജീവികളോ മന്ത്രവാദിനികളോ ആയി മുദ്രകുത്തി. 2016 ൽ റെസ്റ്റിന എന്ന 60 കാരിയെ മന്ത്രവാദിനി എന്നു സംശയിച്ചു മരുമകൻ പിക്കാസ്കൊണ്ട് അടിച്ചുകൊന്നു.

**കേരളത്തിലെ അസംഖ്യം കേസുകൾ**

സാക്ഷരതയിൽ മുൻപന്തിൽ എത്തിയിട്ടും, സാംസ്കാരികമായി ഇത്രയേറെ വളർച്ച പ്രാപിച്ചിട്ടും എന്തേ കേരളത്തിൽ ഇത്രയധികം മന്ത്രവാദസംബന്ധമായ മരണങ്ങൾ അരങ്ങേറുന്നുവെന്നു ചിന്തിച്ചിട്ടുണ്ടോ? 2018 ഓഗസ്റ്റിൽ കാനാട്ട് കൃഷ്ണനെയും ഭാര്യ സുശീലയെയും അവരുടെ രണ്ടു കുഞ്ഞുങ്ങളെയും കൊന്നു കുഴിച്ചുമൂടിയത് വണ്ണപ്പുറത്തായിരുന്നു. 300 ദൈവങ്ങളുടെ ശക്തി കാനാട്ടിന്റെ കൈയിൽനിന്ന് പൂർണമായും ആവാഹിച്ചെടുക്കാനായിരുന്നു ശിഷ്യൻ ഈ കൊലകൾ ചെയ്തത്.

2021 ഫെബ്രുവരിയിലാണ് പാലക്കാട്ടെ ഒരമ്മ കുഞ്ഞിനെ കഴുത്തറുത്തു കൊന്നു ദൈവത്തിന്റെ പ്രീതി വർധിപ്പിച്ചത്. 1981 ഡിസംബറിൽ ഇടുക്കിയിലെ സോഫിയയെ കൊന്നു വീട്ടിലെ അടുക്കളയിൽ കുഴിച്ചുമൂടിയത് മറ്റാരുമായിരുന്നില്ല; സ്വന്തം ഭർത്താവ്. വിഷയം ആഭിചാരംതന്നെ. 2014 ൽ മന്ത്രവാദചടങ്ങുകളുടെ മൂർദ്ധന്യത്തിൽ പൊന്നാനിയിൽ ഒരു ഗർഭിണി മരിച്ചുവീണു. അങ്ങനെ മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന എത്രയെത്ര സംഭവങ്ങൾ!

ഈ ഒക്ടോബറിൽ നടന്ന സംഭവം ഓർമയുണ്ടല്ലോ. രണ്ടു സ്ത്രീകളെ അപഹരിച്ചുകൊണ്ടുപോയി കശാപ്പു ചെയ്ത് ആ ഹോമത്തിലൂടെ ധനസമൃദ്ധിയും ഐശ്വര്യവും നേടാനായിരുന്നു തിരുവല്ലയിലെ ദമ്പതികളുടെ ഉദ്ദേശ്യം. ഇതേ മാസംതന്നെയാണ് ഒരുവൾ തന്റെ കാമുകനെ വിഷം കൊടുത്തുകൊന്നത്. അവനെ ഒഴിവാക്കി മറ്റൊരു വിവാഹം തരപ്പെടുത്താനായിരുന്നു ഈ ക്രൂരമായ കൊലപാതകം. അവിടെയും ആദ്യഭർത്താവ് മണ്ണടിഞ്ഞാൽമാത്രമേ തനിക്ക് ആയുസ്സു കിട്ടുകയുള്ളു എന്ന് ഏതോ ജ്യോതിഷക്കാരനോ മന്ത്രവാദിയോ അവൾക്കു പറഞ്ഞു കൊടുത്തുവത്രേ. ഇത്തരം വഴിതെറ്റിക്കുന്ന അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചു, പ്രലോഭനങ്ങൾ നൽകുന്നവരെ ശിക്ഷിക്കുവാൻ നമുക്കിവിടെ നിയമമില്ലേ?

**വചനം പറയുന്നതെന്ത്?**

ചെപ്പടിവിദ്യയും കൈനോട്ടവും മന്ത്രവാദവും ഇന്ദ്രജാലവും ആഭിചാരവുമൊന്നും ക്രിസ്ത്യാനിക്കു പറഞ്ഞിട്ടുള്ള കാര്യമല്ല എന്നിരിക്കിലും പലപ്പോഴും ഇതിലൊക്കെപ്പോയി തലയ്ക്കടിയേറ്റു വീഴുന്നവരുമുണ്ട്. യഹോവയ്ക്ക് ഒട്ടും ഇഷ്ടമില്ലാത്ത കാര്യങ്ങളാണ് മന്ത്രവാദവും ഭാവിപ്രവചനവും മറ്റും. ബൈബിളിൽ അസംഖ്യം ഇടങ്ങളിൽ ഇതിനെതിരായി ഉദ്ബോധനങ്ങളുണ്ട്. ചില അമാനുഷികസിദ്ധികൾ ചില മനുഷ്യർക്കുണ്ട് എന്നവർ അവകാശപ്പെടും. അത് അവരുടെ സ്വാർഥതാത്പര്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യും. മോഹനവാഗ്ദാനങ്ങൾ നൽകി



അവർ നമ്മെ വശീകരിക്കും. അവർ ഭൂതങ്ങളുമായും മരിച്ചവരുമായും മറ്റും സംവദിക്കുന്നവരാണ്, അമാനുഷികശക്തിയുള്ളവരാണ് എന്നൊക്കെ ചിലപ്പോൾ പ്രതീതി ഉളവാക്കിയേക്കാം.

ഇവരുമായുള്ള ഇടപെടലുകളിലൂടെ നാം തീർച്ചയായും സ്വർഗരാജ്യത്തിലെ അവകാശം നഷ്ടമാക്കും. എഫേസിയൂസ് ദേശത്തുള്ളവർ ക്രിസ്തുവിനെ അറിഞ്ഞ മാത്രയിൽ അവർ കൂടെക്കൊണ്ടുവന്ന മന്ത്രവാദസൂക്തങ്ങളെല്ലാം ചുട്ടെരിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വിലയം പ്രാപിച്ചു.

വെളിപാട് 21:8 ൽ കൃത്യമായി പറയുന്നുണ്ട്: "എന്നാൽ, ഭീരുക്കൾ, അവിശ്വാസികൾ, ദുർമാർഗികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ വിഗ്രഹാരാധകർ, കാപട്യക്കാർ എന്നിവരുടെ ഓഹരി തീയും ഗന്ധകവും, എരിയുന്ന തടാകവുമായിരിക്കും. ഇതാണ് രണ്ടാമത്തെ മരണം."

അഴുക്കിൽ കുളിച്ചുനിൽക്കുന്ന അശുദ്ധാത്മാക്കളുടെ നേരേയല്ല നാം തിരിയേണ്ടത്; മറിച്ച്, സൂര്യശോഭയണിഞ്ഞു നിൽക്കുന്ന പരിശുദ്ധാത്മാവിനെയാണ് നാം തേടേണ്ടത്. എല്ലാ നന്മകളുടെയും ഉറവിടമായ സർവവ്യാപിയായ സർവശക്തനിലാണ് നാം അവലംബം അർപ്പിക്കേണ്ടത്. സ്വാർഥലാഭങ്ങൾക്കായി കണ്ണുമഞ്ഞളിച്ചവരെപ്പോലെ നാം ആരെങ്കിലും വച്ചുനീട്ടുന്ന പ്രലോഭനങ്ങൾക്കു പിന്നാലെ പോകരുത്. നമുക്ക് സമൃദ്ധി തരുന്നവൻ സർവശക്തനായ ദൈവം മാത്രമാണ്. ദുർമന്ത്രവാദികൾ നിങ്ങളെ വെറുപ്പിന്റെ ആഴിയിൽ മുക്കിത്താഴ്ത്തും, സഹോദരങ്ങളെ ദ്രോഹിക്കാൻ പ്രേരിപ്പിക്കും, വലിയ നേട്ടങ്ങൾക്കായുള്ള പ്രലോഭനങ്ങൾ അവൻ വച്ചുനീട്ടും; വീണുപോകല്ലേ.

*കർദിനാൾ റോബർട്ട് സറാ രചിച്ച Catechism of the Spiritual life എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

(4)

# ഐക്യത്തിന്റെ ദിവ്യരഹസ്യം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**പു**റപ്പാടുപുസ്തകത്തിൽ ദൈവത്തിന്റെ സാന്നിധ്യം എപ്രകാരമാണ് ഇസ്രായേൽ ജനത്തോടൊപ്പം ഉണ്ടായിരുന്നതെന്നു വിവരിക്കുന്നുണ്ട്. മരുഭൂമിയിൽ ദൈവം അവരോടൊപ്പം നടന്നിരുന്നു.

സഭയിൽ ലോകാന്ത്യംവരെയുള്ള നമ്മുടെ കർത്താവിന്റെ കൗദാശികസാന്നിധ്യത്തിന്റെ പ്രതിരൂപമായിരുന്നു മരുഭൂമിയിലെ ഈ സാന്നിധ്യം. നമ്മുടെ കർത്താവീശോമിശിഹാ അവിടുത്തെ വചനംവഴി നമ്മുടെയിടയിൽ സന്നിഹിതനാകുന്നു. വിശുദ്ധ കുർബാന എന്ന കൂദാശയിലൂടെ നമ്മുടെയുള്ളിൽ എഴുന്നള്ളിവരുന്നു.

പഥിയേയിലെ വിശുദ്ധ ഹിലരിയുടെ (315-367) വാക്കുകളാണ് കർദിനാൾ സറാ ഇവിടെ ഉദ്ധരിക്കുന്നത്: "സത്യമായും വചനം മാംസമായെങ്കിൽ, സത്യമായും നമ്മൾ കർത്താവിന്റെ വിരുന്നിൽ പങ്കുകാരാകുമ്പോൾ അവതരിച്ച വചനത്തെയാണ് നമ്മൾ ഭക്ഷിക്കുന്നത്."

അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിലുള്ള മിശിഹായുടെ സാന്നിധ്യം അതേസമയം വിശ്വാസി സ്വീകരിക്കേണ്ട പോഷണവുമാണ്.

### സത്താഭേദം

ഭക്ഷണപാനീയങ്ങളായിത്തീരുകവഴി മിശിഹായും വിശ്വാസിയും തമ്മിലുള്ള ഐക്യം പൂർണമാവുകയാണ്. എന്നാൽ, ഇതിനെ വിശ്വാസിയുടെ ആത്മാധിഷ്ഠിതമായ അനുഭവം മാത്രമായി കാണരുത്. സഭയോടുചേർന്ന് നമ്മൾ ദൃഢമായും സംശയാതീതമായും സത്താഭേദത്തിൽ വിശ്വസിക്കുന്നു. അതായത്, "കൂദാശാകർമത്തിലൂടെ അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുന്ന സത്താഭേദം സംഭവിക്കുന്നു. കൂദാശ ചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ സജീവവും മഹത്ത്വപൂർണവുമായ ക്രിസ്തുതന്നെ സത്യമായും യഥാർഥമായും സത്താപരമായും സന്നിഹിതനായിരിക്കുന്നു. അവിടുത്തെ ശരീരവും രക്തവും അവിടുത്തെ ആത്മാവോടും ദൈവികതയോടുംകൂടെ സന്നിഹിതമാണ്." (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്പർ 1413).

'ഇതു നിങ്ങൾക്കായി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു' (ലൂക്കാ. 22:19) എന്ന വാക്കുകളെ വ്യാഖ്യാനിക്കുമ്പോൾ അലക്സാൻഡ്രിയായിലെ വി. സിറിൽ എഴുതുന്നു: "ഇതു സത്യമാണോ എന്നു സംശയിക്കരുത്. പിന്നെയോ, രക്ഷകന്റെ വാക്കുകളെ വിശ്വാസത്തിൽ സ്വീകരിക്കുക. അവിടുന്നു സത്യമാകയാൽ വ്യാജം പറയുന്നില്ല." (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്പർ 1381).

വിശുദ്ധ തോമസ് അക്വീനാസിന്റെ 'ഞാൻ അങ്ങയെ ആരാധിക്കുന്നു' എന്ന ദിവ്യകാരുണ്യകീർത്തനം കർദിനാൾ സറാ ഈ അവസരത്തിൽ ഉദ്ധരിക്കുന്നുണ്ട്. അതിന്റെ അവസാനത്തെ വരികൾ ഇപ്രകാരമാണ്: "ദൈവപുത്രൻ പറഞ്ഞതെല്ലാം ഞാൻ വിശ്വസിക്കുന്നു. സത്യംതന്നെയായ അവിടുന്നു പറയുന്നതിലധികം സത്യമായി യാതൊന്നുമില്ല."



### ഐക്യത്തിന്റെ ദിവ്യരഹസ്യം

"എന്റെ ശരീരം സാക്ഷാൽ ഭക്ഷണമാകുന്നു. എന്റെ രക്തം സാക്ഷാൽ പാനീയമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. സജീവനായ പിതാവ് എന്നെ അയയ്ക്കുകയും ഞാൻ പിതാവുമൂലം ജീവിക്കുകയും ചെയ്യുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (യോഹ 6:55-57).

ഈ തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് കർദിനാൾ സറാ ദൈവവും മനുഷ്യനുമായുള്ള ബന്ധം സ്നേഹത്തിലുള്ള ഐക്യമാണെന്നു വിശദീകരിക്കുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഈ ബന്ധത്തിന് ഉടമ്പടി എന്നാണു പറയുന്നത്. ഇതൊരു നൈയാമികകാര്യമല്ല. സ്നേഹത്തിന്റെ ഉടമ്പടിയാണ്. വിശുദ്ധ കുർബാനസ്വീകരണം എത്ര വലിയ ദൈവൈക്യമാണ് ഉളവാക്കുന്നതെന്നു മനസ്സിലാക്കേണ്ടതാണ്.

വിശുദ്ധകുർബാന കൂടാതെ ജീവിതം അസാധ്യമാണെന്ന് ഏറ്റുപറഞ്ഞിരുന്ന ആദിമരക്തസാക്ഷികളെക്കുറിച്ച് ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട്. എ.ഡി. 304 ൽ ഡയോക്ലീഷന്റെ കാലത്തു രക്തസാക്ഷിത്വം വരിച്ച 49 രക്തസാക്ഷികൾ 'അബിതീനേ'യിലെ രക്തസാക്ഷികൾ എന്നാണറിയപ്പെടുന്നത്. റോമാസാമ്രാജ്യത്തിലെ ആഫ്രിക്കൻ പട്ടണമായിരുന്ന 'അബിതീനേ'യിൽ ഒളിവിൽ വിശുദ്ധകുർബാന അർപ്പിച്ചതിനു പിടിയിലായ അവർ പറഞ്ഞു: "കൂദാശകളും വിശുദ്ധ കുർബാനയും ഇല്ലാത്ത ക്രൈസ്തവൻ നടക്കുന്ന മൃതദേഹം മാത്രമാണ്." അറസ്റ്റിലായി ചോദ്യം ചെയ്യപ്പെട്ടപ്പോൾ അവർ പറഞ്ഞു, കർത്താവിന്റെ അത്താഴത്തിന്റെ ആചരണമില്ലാതെ ജീവിക്കുക അവർക്ക് അസാധ്യമാണെന്ന്. അവരെല്ലാവരും വധിക്കപ്പെട്ടു.

കൊറോണവൈറസിന്റെ വ്യാപനം തടയാൻ ലോകത്ത് ഏറ്റവും വ്യാപകമായി നിരോധിച്ചത് വിശുദ്ധ കുർബാനയർപ്പണമാണ്. അതിനെ എതിർപ്പൊന്നും കൂടാതെ സഭാധികാരികളും അംഗീകരിച്ചു. പ്രതിരോധമുൻകരുതലുകളെല്ലാമെടുത്ത് വിശുദ്ധ കുർബാനയർപ്പണം തുടരേണ്ടതായിരുന്നു എന്നാണ് കർദിനാൾ സറാ ഈ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത്.

### വിശുദ്ധകുർബാന സ്വീകരണം

അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ കർത്താവിന്റെ യഥാർഥ സാന്നിധ്യത്തിൽ വിശ്വസിച്ചുകൊണ്ടു മാത്രമേ കുർബാനസ്വീകരണത്തിന് അണയാവൂവെന്ന് കർദിനാൾ സറാ എടുത്തുപറയുന്നുണ്ട്. പൗലോസ് ശ്ലീഹായുടെ കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനം പതിനൊന്നാം അധ്യായം ഇരുപത്തേഴുമുതലുള്ള വാക്യങ്ങളും അദ്ദേഹം ഓർമിപ്പിക്കുന്നുണ്ട്. ഈ വിശ്വാസം താത്ത്വികമായ അറിവു മാത്രമല്ല, അത് സർവോപരി മിശിഹായോടുള്ള ഹൃദയത്തിന്റെ സ്നേഹത്തിലുള്ള ആഴമായ ബന്ധമാണ്. ജീവന്റെ അപ്പമായ മിശിഹായെ നമ്മൾ സ്വാംശീകരിക്കുകയല്ല, പിന്നെയോ മിശിഹാ നമ്മളെ സ്വാംശീകരിക്കുകയാണ്. വിശുദ്ധകുർബാനസ്വീകരണത്തിന് ഏറ്റവും ആവശ്യമായിരിക്കുന്ന വിശുദ്ധിയെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നുണ്ട്. അഹങ്കാരവും അസൂയയും വിദ്വേഷവും കുടികൊള്ളുന്ന ഹൃദയങ്ങളിൽ എങ്ങനെ അവിടുത്തെ സ്വീകരിക്കാനാകും? പ്രസിദ്ധ വാഗ്മിയായ ബൊസ്വേ എന്ന ഫ്രഞ്ച് മെത്രാന്റെ വാക്കുകൾ കർദിനാൾ ഇത്തരുണത്തിൽ ഉദ്ധരിക്കുന്നുണ്ട്: "തന്റെ സഹോദരനോട് ഹൃദയത്തിൽ വെറുപ്പുണ്ടായിരിക്കെ, വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നവൻ മിശിഹായുടെ ശരീരത്തോട് അതിക്രമം ചെയ്യുന്നു."

നമ്മൾ വിശ്വസിക്കുന്ന കാര്യങ്ങളോട് അനുരൂപരാകാനുള്ള ആത്മാർഥവും ഫലപ്രദവുമായ പ്രയത്നം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. വിശുദ്ധകുർബാനയർപ്പണത്തിനും വിശുദ്ധകുർബാന സ്വീകരണത്തിനും ആവശ്യമായ ഒരു 'ജീവിതഗുണനിലവാര'ത്തെപ്പറ്റി ഗ്രന്ഥകാരൻ വിശദീകരിക്കുന്നുണ്ട്.

'നിരന്തരമായ ബഹളത്തിലും ധൃതിയിലും അമിതമായ പ്രവർത്തനോത്സുകതയിലും ലൗകികവ്യാപാരങ്ങളിലും മുഴുകിയിരുന്നാൽ എങ്ങനെയാണ് ഈ ദിവ്യരഹസ്യങ്ങൾ യോഗ്യമായവിധം ആഘോഷിക്കാൻ സാധിക്കുക?' എന്നാണ് അദ്ദേഹം ചോദിക്കുന്നത്. നമ്മുടെ ജീവിതം വിരസവും യാന്ത്രികവും തീക്ഷ്ണതാരഹിതവും ആയാലും കുർബാനയർപ്പണം ഫലദായമാകുകയില്ല. അക്രമവാസനയും വിദ്വേഷവും പകയും അതൃപ്തിയും പരനിന്ദയും അഹംഭാവവും മുറ്റിയഹൃദയവും ബലിയർപ്പണത്തിനു യോഗ്യമല്ല. വിശുദ്ധ ആഗസ്തീനോസ് പറയുന്നു: "ഈ അപ്പം ഭക്ഷിക്കുന്നവർ പരസ്പരം കലഹിക്കുന്നില്ല. നമ്മളെല്ലാം ഒരേ ശരീരമാകുന്നതുകൊണ്ട് കലഹിക്കുക അസാധ്യമാണ്." കുർബാനയർപ്പണത്തിന് ഏറ്റവും ശരിയായ മനോഭാവങ്ങൾ ആർജിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ കർദിനാൾ സറാ ചൂണ്ടിക്കാണിക്കുന്നത്.

### വിശുദ്ധ കുർബാന അനുസ്മരണം

വിശുദ്ധകുർബാന നമ്മുടെ കർത്താവിന്റെ അനുസ്മരണമാണ്. വിശുദ്ധഗ്രന്ഥത്തിൽ ഓർമയാചരണത്തിനു വലിയ സ്ഥാനമാണുള്ളത്. ഇസ്രായേൽജനത്തിനു ചെയ്ത നിരവധി അദ്ഭുതങ്ങൾ അനുസ്മരിക്കാനാണ് ദൈവം കല്പിക്കുന്നത്.

പുതിയനിയമത്തിൽ ഈശോമിശിഹായിലൂടെ കൈവരിച്ച രക്ഷയെയാണ് അനുസ്മരിക്കേണ്ടത്. ഇവിടെ വിശുദ്ധകുർബാനയിലൂടെ ഓർമപുതുക്കൽ മാത്രമല്ല, രക്ഷാകരരഹസ്യം വീണ്ടും സംഭവിക്കുകയാണു ചെയ്യുന്നത്.

ദൈവസ്നേഹത്തിന്റെ പാരമ്യവും സർവശക്തിയുമാണ് വിശുദ്ധകുർബാനയിൽ യാഥാർഥ്യമാകുന്നത്. "ഈ ലോകത്തിൽ തനിക്കുണ്ടായിരുന്നവരെ അവൻ സ്നേഹിച്ചു. അവസാനത്തോളം അവരെ സ്നേഹിച്ചു" (യോഹ. 13:1). അവിടുത്തെ അനന്തസ്നേഹത്തിനു മനുഷ്യഹൃദയത്തിലെ തിന്മകളും പാപങ്ങളും ക്ഷമിക്കാനുള്ള കാരുണ്യവും ആർദ്രതയുമുണ്ട് എന്നു വിസ്മരിക്കാതിരിക്കാം.

ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് നമുക്കു നല്കിയ മാതൃക ജീവിതത്തിൽ പകർത്തി വിശുദ്ധകുർബാന അർപ്പണത്തിന് നമ്മളെ അനുദിനം ഒരുക്കാം.

(തുടരും)

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. ദൂരെയുള്ള ഒരു സ്കൂളിൽ ടീച്ചറായി ജോലി കിട്ടിയ ഇന്ദു ജോയിൻ ചെയ്യാൻ ട്രെയിനിൽ പോകുമ്പോൾ ഇടയ്ക്ക് അച്ഛൻ പ്ലാറ്റ് ഫോമിൽ തലകറങ്ങി വീണ് ആശുപത്രിയിലായി. ട്രെയിനിലുണ്ടായിരുന്ന അഭിഷേക് എന്ന യുവാവ് അവളെ സ്കൂളിലെത്തിച്ചു. സ്കൂൾ മാനേജർ ആനന്ദന്റെ മകനാണ് അഭിഷേക് എന്ന് ഇന്ദു പിന്നീടറിഞ്ഞു. അവർ നല്ല സുഹൃത്തുക്കളായി. അതറിഞ്ഞപ്പോൾ മറ്റു ടീച്ചേഴ്സിന് അസൂയയായി. മാനേജർ ആനന്ദൻ ഒരു സ്ത്രീലമ്പടനായിരുന്നു. അയാളുടെ ഇഷ്ടത്തിന് പ്രതികൂലമായി നിന്നപ്പോൾ ഇന്ദുവിനോട് അയാൾക്കു ദേഷ്യമായി. അഭിഷേകിന്റെ അനുമതി വാങ്ങി മൂന്നുദിവസം ലീവെടുത്ത് ഇന്ദു വീട്ടിലേക്കു പോയി. ഇതിൽ രോഷാകുലനായി ആനന്ദൻ, ഇന്ദു തിരിച്ചുവന്നപ്പോൾ അവളെ വീട്ടിലേക്കു വിളിച്ചു. (തുടർന്നു വായിക്കുക)*



നോവൽ 5 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

**ഇ**ന്ദുലേഖ കയറിച്ചെന്നപ്പോൾ ആനന്ദൻ വീട്ടിലുണ്ടായിരുന്നില്ല. ഭാര്യ ശ്രീദേവിയോട് അവൾ കാര്യം പറഞ്ഞു.

''റ്റീച്ചർ പൊയ്ക്കൊള്ളൂ. അദ്ദേഹത്തെ ഞാൻ പറഞ്ഞു മനസ്സിലാക്കിക്കൊള്ളാം.''

ഇന്ദുവിനെ സമാധാനിപ്പിച്ചു പറഞ്ഞയച്ചു ശ്രീദേവി. തിരികെ നടക്കുമ്പോൾ അവളുടെ മനസ്സിലെ തീ അണഞ്ഞിരുന്നു. എത്ര നല്ല സ്ത്രീ. അവർക്ക് ഇങ്ങനെയൊരു ദുഷ്ടനെയാണല്ലോ ഭർത്താവായി കിട്ടിയത്.

സ്കൂളിന്റെ അടുത്തെത്തിയതും എതിരേ വന്ന ഒരു കാർ പൊടുന്നനേ അവൾക്കരികിൽ നിന്നു. ഇന്ദു നോക്കി. ഡ്രൈവർ സീറ്റിൽ അഭിഷേക്.

"എവിടെപ്പോയിരുന്നു ഈ നേരത്ത്?'' ചിരിച്ചുകൊണ്ട് അയാൾ ആരാഞ്ഞു. ഇന്ദു അഭിഷേകിനോടു കാര്യം പറഞ്ഞു.

"അതൊന്നും കാര്യാക്കണ്ട. ഞാൻ എച്ചെമ്മിനോടു വിളിച്ചു പറഞ്ഞേക്കാം. സമാധാനമായിട്ട് പൊയ്ക്കോ. ങ്ഹാ... അച്ഛനെങ്ങനുണ്ട്?"

അവൾ അച്ഛന്റെ അവസ്ഥ പറഞ്ഞു.

"ഒക്കെ ഭേദാവൂന്നേ. ഞാൻ പ്രാർഥിക്കാം. കാശിന് ആവശ്യം വന്നാൽ എന്നെ വിളിച്ചു പറഞ്ഞാൽ മതി. ഇതാ എന്റെ നമ്പർ." അഭിഷേക് വിസിറ്റിങ് കാർഡെടുത്തു നീട്ടി. അവളതു വാങ്ങി.

യാത്ര പറഞ്ഞിട്ട് അഭിഷേക് കാറോടിച്ചുപോയി. ഇന്ദു ഓർത്തു. എത്ര നല്ല മനുഷ്യൻ. ഇതുപോലെ സ്നേഹനിധിയായ ഒരാങ്ങള തനിക്കുണ്ടായിരുന്നെങ്കിൽ.

ഇന്ദുവും അഭിഷേകും തമ്മിൽ സംസാരിച്ചുനിൽക്കുന്നതു സതിറ്റീച്ചർ കണ്ടു. മുനവച്ചുള്ള അവരുടെ നോട്ടം കണ്ടപ്പോൾ മനസ്സിലായി അഭിഷേകിനോടു സംസാരിച്ചത് അവർക്ക് ഇഷ്ടപ്പെട്ടില്ലെന്ന്. ആരെയും ശ്രദ്ധിക്കാതെ ഇന്ദു നേരേ ഹെഡ്മിസ്ട്രസിന്റെ മുറിയിലേക്കു ചെന്നു. ചെന്നു കയറിയതേ ഹെഡ്മിസ്ട്രസ് പറഞ്ഞു:

"മാനേജരെ കാണാൻ പറഞ്ഞിട്ട് മകനെ കണ്ട് സുഖിപ്പിച്ചിട്ട് പോന്നു അല്ലേ? ഭാഗ്യവതിയാ റ്റീച്ചർ. പൊയ്ക്കോ."

അഭിഷേക് ഫോൺ ചെയ്തു എന്നവൾക്കു മനസ്സിലായി. എല്ലാവർക്കും അസൂയയാണ്. താൻ അഭിഷേകിനെ വളച്ചെടുത്തു എന്നവർ ചിന്തിക്കുന്നുണ്ടാവും. ചിന്തിക്കട്ടെ. തന്റെ മനസ്സ് തനിക്ക് അറിയാല്ലോ. അതു മതി. നേരെ സ്റ്റാഫ്റൂമിലേക്കു നടന്നു.

ഉച്ചയ്ക്കുള്ള ഇടവേളയിൽ അശ്വതിറ്റീച്ചർ സ്വകാര്യമായി പറഞ്ഞു:


"അഭിഷേക് ഇന്ദുവിന് കാശു തന്നത് ഇവിടെ സംസാരവിഷയമായി. അസൂയക്കാര് ഒരുപാട് കഥകളുണ്ടാക്കീട്ടുണ്ട്."

ഇന്ദു വല്ലാതായി. ഇനി അത് മാനേജരുടെ ചെവിയിലെത്തുമോ?

"ട്രെയിനിൽ വച്ച് പരിചയപ്പെട്ടിട്ട് അഭിഷേക് ഓട്ടോയിൽ കേറ്റി ഇവിടെ കൊണ്ടാക്കുകയായിരുന്നു അല്ലേ?"

"ഉം."

''ചുമ്മാതാണോ അയാളു കാശു തന്നത്."



''ഞങ്ങൾ തമ്മിൽ വേറൊരു ബന്ധോം ഇല്ല ടീച്ചർ."

"പരദൂഷണം പറയുന്നവർക്ക് ഒരു വിഷയം കിട്ടിയില്ലേ? സ്നേഹലതയുടെ കല്യാണം നടക്കാത്തത് എന്തുകൊണ്ടാന്നു ടീച്ചറിനറിയാമോ? ഞാനായിട്ടതു പറയുന്നില്ല. കുറച്ചു കഴിയുമ്പം മനസ്സിലാകും."

അതു പറഞ്ഞപ്പോഴേക്കും ബെല്ലടിച്ചു. അശ്വതി എണീറ്റു ക്ലാസ്റൂമിലേക്കു പോയി.

വൈകുന്നേരം താമസസ്ഥലത്ത് എത്തിയപ്പോൾ സ്നേഹലത അഭിഷേകും ഇന്ദുവും തമ്മിലുള്ള അടുപ്പത്തെക്കുറിച്ചു ചോദിച്ചു. ഒരടുപ്പവുമില്ലെന്നു പറഞ്ഞിട്ടും അവർ വിശ്വസിച്ചില്ല.

''ആനന്ദൻസാററിഞ്ഞാൽ പണിപോകും കേട്ടോ." സ്നേഹലത മുന്നറിയിപ്പു നൽകി.

"എനിക്ക് ആ മനുഷ്യൻ ഒരു സഹോദരനെപ്പോലെയാ ടീച്ചർ. വേറൊരു ബന്ധവുമില്ല."

ഇതൊക്കെ ആരു വിശ്വസിക്കും എന്ന മട്ടിൽ ഒരു വളിച്ച ചിരി ചിരിച്ചിട്ട് സ്നേഹലത എണീറ്റുപോയി.

പിറ്റേന്നു സ്കൂളിൽ ചെന്നപ്പോൾ അശ്വതി അടുത്തിരുന്നു പറഞ്ഞു:

''ഇന്നലെ മാനേജരെ കാണാൻ പോയിട്ടു വരുമ്പം അഭിഷേകുമായി സംസാരിച്ചു അല്ലേ?"

"ഉം."

"രാത്രി സതിറ്റീച്ചർ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു. എന്തൊക്കെയാ പറഞ്ഞതെന്നറിയോ. മുഴുവൻ ടീച്ചർമാരേം അവളു വിളിച്ചിട്ടുണ്ടാകും. ഭയങ്കര അസൂയക്കാരിയാ."

"ഇങ്ങോട്ടെന്തെങ്കിലും ചോദിച്ചാൽ ഞാൻ മിണ്ടാതെ പോരണോ ടീച്ചർ? മടുത്തു. സഹിക്കാവുന്നതിലേറെയായി. വീട്ടിലെ കാര്യം ഓർക്കുമ്പം നെഞ്ചു പൊട്ടുകാ. അതിനിടയ്ക്ക് ഇങ്ങനെ ചില അപവാദങ്ങളും."

കരഞ്ഞുകൊണ്ട് അവൾ എണീറ്റു പുറത്തേക്കിറങ്ങി. വരാന്തയിലെ തൂണിൽ ചാരി ഏകയായിനിന്ന് സങ്കടം ഒതുക്കി.

* * *

ഇന്ദുവും അഭിഷേകും തമ്മിൽ സ്നേഹമാണെന്നും ഇടയ്ക്കിടെ അവർ കൂടിക്കാണാറുണ്ടെന്നും സ്കൂളിൽ വാർത്ത പരന്നു. കേട്ടപ്പോൾ ദേഷ്യവും സങ്കടവും വന്നു ഇന്ദുവിന്. ഇനി ഒരിക്കലും അഭിഷേകിനെ കാണാൻ ഇടവരരുതേ എന്ന് അവൾ പ്രാർഥിച്ചു.

സ്നേഹലത കൂടെക്കൂടെ ഓരോന്നു കുത്തിക്കുത്തി പറയാൻ തുടങ്ങി. ഒരിക്കൽ നിയന്ത്രണം വിട്ട് ഇന്ദു പൊട്ടിത്തെറിച്ചു:

"ഞാനും അയാളും തമ്മിൽ സ്നേഹമാണെങ്കിൽ റ്റീച്ചറിനെന്താ? ശീലാവതി ചമയുന്നോരുടെ രഹസ്യബന്ധങ്ങളെക്കുറിച്ച് ഞാനും കേട്ടിട്ടുണ്ട് കുറെ. റ്റീച്ചറിന്റെ കല്യാണം നടക്കാത്തതിന്റെ കാരണവും ഇവിടെ പാട്ടാ."

പിടിച്ചുനിറുത്താനാവാതെ വായിൽ വന്നതൊക്കെ ഇന്ദു വിളിച്ചു പറഞ്ഞു. അടി കിട്ടിയതുപോലെ തരിച്ചുനിൽക്കുകയായിരുന്നു സ്നേഹലത. രാജി റ്റീച്ചറും പ്രേമയുംകൂടി ഇന്ദുവിനെ സമാധാനിപ്പിച്ച് മറ്റൊരു മുറിയിലേക്കു കൊണ്ടുപോയി. സ്നേഹലത അന്നുതന്നെ ഇന്ദുവിന്റെ മുറിയിൽനിന്നു താമസം മാറ്റി.

എത്രപേരുടെ മുമ്പിൽവച്ചാണ് ഇന്ദു തന്നെ അപമാനിച്ചത്. സ്നേഹലതയ്ക്ക് ക്ഷമിക്കാവുന്നതിലും അപ്പുറമായിരുന്നു ഇന്ദുവിന്റെ വാക്കുകൾ. തന്റെ കല്യാണം നടക്കാത്തതിന്റെ കാരണം നാട്ടിൽ പാട്ടാണത്രേ. ഇന്നലെ കയറിവന്ന ഒരു സ്ത്രീ തന്റെ മുഖത്തുനോക്കി എങ്ങനെയിത് പറയാൻ ധൈര്യപ്പെട്ടു? ഇതിനു പകരം വീട്ടിയില്ലെങ്കിൽ സ്നേഹലത ജീവിച്ചിരുന്നിട്ട് എന്തു കാര്യം? വെട്ടിക്കൊല്ലണം ആ പിശാചിനെ. അവൾ പല്ലു ഞെരിച്ചു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ഇന്ദുവിന് പശ്ചാത്താപം തോന്നി. പറഞ്ഞത് തെറ്റായിപ്പോയി. ക്ഷമ ചോദിക്കാൻ അവൾ സ്നേഹലതയുടെ റൂമിൽ ചെന്നെങ്കിലും കേൾക്കാൻ അവൾ തയ്യാറായില്ല.

"ഇനി നമ്മൾ തമ്മിൽ ഒരു ബന്ധോം ഇല്ല. എന്റെ മുറിയിലേക്ക് നീ കേറുകയും വേണ്ട. നിന്റടുത്തേക്കു ഞാനും വരുന്നില്ല." സ്നേഹലത ആ സൗഹൃദം അവിടെ വച്ച് അവസാനിപ്പിച്ചു.

രാജിയും പ്രേമയുമൊക്കെ അനുരഞ്ജനത്തിനു ശ്രമിച്ചിട്ടും അവൾ അടുത്തില്ല. നിരാശയോടെ ഇന്ദു പിൻവാങ്ങി.

ഒരു വെള്ളിയാഴ്ച.

ഉച്ചകഴിഞ്ഞ് സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുക്കാൻ മാനേജരുടെ പ്രതിനിധിയായി എത്തിയത് അഭിഷേകായിരുന്നു. ഇന്ദു അയാളുടെ ദൃഷ്ടിയിൽ പെടാതിരിക്കണേ എന്ന പ്രാർഥനയോടെ ഏറ്റവും പിന്നിലാണ് ഇരുന്നത്.

മീറ്റിങ് കഴിഞ്ഞതും അഭിഷേക് ഇന്ദുവിനെ വിളിച്ചു മാറ്റി നിറുത്തി വീട്ടുകാര്യങ്ങൾ തിരക്കി. മറ്റ് അധ്യാപകർ അസൂയയോടെ നോക്കി. അഭിഷേക് പോയിക്കഴിഞ്ഞപ്പോൾ സതിറ്റീച്ചർ ഇന്ദു കേൾക്കെ ആരോടെന്നില്ലാതെ പറഞ്ഞു:

"ഓരോരുത്തരുടെ ഓരോ യോഗമേ. പത്തുപന്ത്രണ്ടു വർഷം സർവീസുള്ള നമ്മളെ ആരും മൈൻഡ് ചെയ്യുന്നില്ല. ഇന്നലെ കയറി വന്നവർക്ക് എന്തൊരു പരിഗണന."

"അതിനൊക്കെ ഒരു സാമർഥ്യം വേണം റ്റീച്ചറെ." സ്നേഹലത പറഞ്ഞു. ഒന്നും കേൾക്കാത്തമട്ടിൽ ഇരുന്നതേയുള്ളൂ ഇന്ദു. അവളുടെ നെഞ്ചകം വിങ്ങി കഴയ്ക്കുകയായിരുന്നു.

* * *

ഒരു ശനിയാഴ്ച.

മാനേജർ ആനന്ദൻസാറിന്റെ വസതിയിൽ അയാളോട് കുശലം പറഞ്ഞിരിക്കുകയായിരുന്നു സ്നേഹലത. ആനന്ദൻ വിളിച്ചു വരുത്തിയതാണ്. എപ്പോൾ വിളിച്ചാലും ഒരു മടിയും കൂടാതെ ചെല്ലാൻ സ്നേഹലത റെഡിയാണ്. അതിന്റേതായ സാമ്പത്തികനേട്ടവും അവൾ ഉണ്ടാക്കുന്നുണ്ട്.

ഒപ്പമിരുന്ന് ചായ കുടിച്ച്, ചിരിയും തമാശകളും പൊട്ടിക്കുന്നതിനിടയിൽ സ്നേഹലത ഇന്ദുവിനെയും അഭിഷേകിനെയും പറ്റി പറഞ്ഞു. അവർ തമ്മിൽ പ്രണയമാണെന്ന് കഥകളുണ്ടാക്കി വിളമ്പി.

"നേരാണോ?" ആനന്ദൻ ചാടി എണീറ്റു.

"സ്കൂളിലിതു പാട്ടാ. വിശ്വാസം വന്നില്ലെങ്കിൽ സാറ് എച്ചെമ്മിനെ വിളിച്ചു ചോദിക്ക്. അവൾ അവന്റെ കയ്യീന്ന് ഇഷ്ടംപോലെ കാശടിച്ചു മാറ്റുന്നുണ്ട്."

ആനന്ദൻ അപ്പോൾത്തന്നെ മൊബൈലിൽ ഹെഡ്മിസ്ട്രസിനെ വിളിച്ചു. സംഗതി സത്യമാണെന്നു കേട്ടതും പൊട്ടിത്തെറിച്ചു.

"എന്റെ ചോറുതിന്നിട്ട് അവൾ എന്റെ കൈക്കിട്ടു കടിക്കുന്നോ? ഈ വീട്ടിൽ വന്നപ്പം ഞാനൊരു ചായ കൊടുത്തിട്ട് കുടിക്കാതെ പോയ പെണ്ണാ അവൾ. അന്നു പിരിച്ചുവിടണമെന്നു വിചാരിച്ചതാ. ക്ഷമിച്ചു. വെറുതെയല്ല അവൾ ഇവിടെ വന്നിട്ട് അഹങ്കാരം കാണിച്ചത്. പിരിച്ചുവിട്ടാൽ അഭിഷേകിനേം കെട്ടി ഇവിടെ കൂടാമെന്നു വിചാരിച്ചു കാണും. വിടില്ല ഞാനവളെ."

ആനന്ദൻ പല്ലു ഞെരിച്ചു. സ്നേഹലതയ്ക്ക് ഒരുപാടു സന്തോഷമായി.

*(തുടരും)*

# കാർഷികകേരളം കേഴുകയാണ്

(ഒന്നാം പേജ് തുടർച്ച)

ചേന, ചേമ്പ് കാച്ചിൽ, മധുരക്കിഴങ്ങ്, ഇഞ്ചി, കപ്പ, കുമ്പളം, ചുരയ്ക്ക, മത്തങ്ങ, വെള്ളരി തുടങ്ങിയവയും ഇവയുടെ വൈവിധ്യമാർന്ന ഇനങ്ങളും ഭക്ഷ്യസമൃദ്ധിക്കു സുരക്ഷയൊരുക്കിയിരുന്നു. വിളസമൃദ്ധിയുടെ കുറവുണ്ടായിരുന്നെന്നു ശാസ്ത്രം പറയുന്ന ധാന്യക്കൃഷിയിൽ പക്ഷേ, ദാരിദ്ര്യവും വിശപ്പുമുണ്ടായിരുന്നില്ല. മക്കളേറെയുണ്ടെങ്കിലും കൂട്ടുകുടുംബമായിരുന്നെങ്കിലും സംതൃപ്തിയും സന്തോഷവും ഉണ്ടായിരുന്ന പഴയകാലം. ചക്കയും ചക്കക്കുരുവും മാങ്ങയും ചെമ്മീനും കടച്ചക്കയും നാരങ്ങയും ചീരയിനങ്ങളും വിവിധങ്ങളായ നാടൻപച്ചക്കറികളും നാടിന്റെ മക്കളുടെ തീൻമേശയ്ക്ക് അദ്ഭുതം നൽകിയിരുന്നു. പഞ്ഞമില്ലായിരുന്നു എന്നു സാരം! അഥവാ പഞ്ഞമുണ്ടായാലും കലഹമില്ലെന്നുള്ള സംതൃപ്തി. ഇന്നതെല്ലാം മാറുന്നു; കൃഷികൊണ്ട് എല്ലാം നടന്നിരുന്ന കാലത്തുനിന്ന് കൃഷികൊണ്ട് ഒന്നും നടക്കില്ലെന്ന ഒരു സാധാരണസംസാരം മലയാളക്കരയിൽ അലയടിക്കുന്നു. മക്കളെല്ലാം വിവിധങ്ങളായ നിലകളിൽ ജീവിതം കെട്ടിപ്പടുത്തിരുന്നത് വീട്ടിലെ കൃഷികൊണ്ടായിരുന്നു. ഇന്ന് കൃഷിയെന്നത് ആരെയും ഒരിടത്തുമെത്തിക്കുന്നില്ലെന്നു മാത്രമല്ല, കൃഷിയെന്നും കൃഷിക്കാരെന്നും കേട്ടാൽ പുതിയ തലമുറയ്ക്കു പുച്ഛവുമാണ്.

വിളകൾക്കു വിലയില്ല; കർഷകർക്ക് മറ്റു മാർഗമില്ല; എന്നാൽ, തീൻമേശകൾ വിഭവസമൃദ്ധികൊണ്ടു കണ്ണഞ്ചിപ്പിക്കണം, നാവിനെ രുചികൊണ്ടു സംതൃപ്തമാക്കണം; എന്നാലും കർഷകരെ ആർക്കും വേണ്ട... പുതിയ കൃഷിക്കൂട്ടം പദ്ധതികളെല്ലാം കർഷരുടെ പേരിലുള്ള മുതലക്കണ്ണീർ മാത്രമാണെന്നു തിരിച്ചറിയാനുമാകുന്നില്ല. സബ്സിഡികളല്ല, ആനുകൂല്യങ്ങളുമല്ല മറിച്ച്, കർഷകർക്കാവശ്യം അർഹിക്കുന്നതു ലഭിക്കുകയെന്നതാണ്. കാലിത്തീറ്റയ്ക്ക് അടിക്കടി വില കൂട്ടിയിട്ട് പാലിന് അൻപതു പൈസ കൂട്ടിയാൽ കർഷകർക്ക് എന്തു കിട്ടും? 'പാൽക്കമ്പനി'കളെല്ലാം കൂട്ടായി വില കൂട്ടും. കർഷകരുടെ 'ക്ഷീരക്ഷേമം' പ്രസംഗത്തിലൊതുക്കും! നമ്മുടെ നാട്ടിലെ വിദ്യാഭ്യാസം പോലെതന്നെ ചെലവേറിയതാണ് കൃഷികളും. അടിസ്ഥാനമുടക്കും അവസാനവിലയും തമ്മിൽ പൊരുത്തമേയില്ല; കർഷകത്തൊഴിലാളികളെ കിട്ടാനില്ല. അഥവാ കിട്ടിയാലും അവരെ വേണ്ടവണ്ണം 'കാണേണ്ട രീതിയിൽ കണ്ടു' വരുമ്പോഴേക്കും കൃഷിച്ചെലവ് വായ്പയെടുത്താകും നിർവഹിക്കുക; വിളവെടുക്കുമ്പോൾ ചെലവായതുപോലും ലഭ്യമാകാത്ത അവസ്ഥ. കർഷകർക്കു മറ്റൊരു തൊഴിലും അറിയില്ലാത്തതുകൊണ്ട് അവരെ 'ഒട്ടകത്തിനു മുന്നിലെ കാരറ്റ്' കണക്കേ മോഹങ്ങൾ വച്ചുനീട്ടി പണിയെടുപ്പിക്കുകയാണ്. എത്ര പണിയെടുത്താലും വൻകിടക്കാരുടെ 'കീശയിലെ ആശ'മാത്രമായി കർഷകരുടെ അധ്വാനം ഇന്നുമെന്നും മാറുന്ന കാഴ്ചയാണ്. മാറ്റം വരണം; വന്നില്ലെങ്കിൽ കാർഷികകേരളം കരയുന്ന കേരളമാകും!

ലോകം മുഴുവൻ ഞൊടിയിടയിൽ 'ഡൗൺലോഡാ'ക്കുന്ന 5 ജിയെപ്പോലും പിടിച്ചുനിറുത്തുന്നത് കൃഷിയാണ്. മനുഷ്യനെന്ന 'മഹാടെക്നോളജി'യുടെ ഊർജം ഭക്ഷണമാണ്. അത് 5 ജിയുടെ വേഗത്തിൽ നിന്ന് ഉരുത്തിരിയുന്ന ഒന്നല്ലെന്ന് ടെക്നോളജിയുടെ പേരിൽ അഹങ്കരിക്കുന്ന നാം മനസ്സിലാക്കണം. വികസനവിപ്ലവം ഉപരിപ്ലവമല്ല; മറിച്ച്, യഥാർഥ്യബോധമുള്ള അടിസ്ഥാനസൗകര്യമുറപ്പാക്കിക്കൊണ്ടുള്ള കർമപദ്ധതികളാകണം. കാർഷികമേഖല യന്ത്രവത്കൃതസംവിധാനങ്ങളാൽ പരിഷ്കൃതവും സൗകര്യപ്രദവും എളുപ്പവുമാക്കിയെന്നു പറയുമ്പോഴും കാർഷികരംഗത്തെ യന്ത്രികതയുടെ പിന്നിലുള്ള ചെലവും മനുഷ്യശേഷിയുടെ ആവശ്യാനുസൃതമായ ലഭ്യതയും കൂലിച്ചെലവും കൃഷിയെ പിന്നോട്ടടിക്കുകയാണു ചെയ്യുന്നത്. യന്ത്രമെത്ര വന്നാലും കീശയിൽ മാത്രം ലക്ഷ്യമുള്ള അഴിമതിയുടെ തന്ത്രങ്ങൾക്കു മാറ്റമുണ്ടാകുമോ? എന്തുകൊണ്ടാണ് തൊഴിലുറപ്പുപദ്ധതികൾ നെൽക്കൃഷിയിലേക്കു ലക്ഷ്യം വയ്ക്കാത്തത്? തരിശുനിലങ്ങളുടെ അളവു സംസ്ഥാനത്തു വർധിക്കുന്നു. നിലമുഴാനും വരമ്പു വയ്ക്കാനും വിതയ്ക്കാനും കളയെടുക്കാനും കൊയ്യാനും മെതിക്കാനുമൊക്കെ മലയാളിക്കിന്നു സാധിക്കുമോ? അതിഥിത്തൊഴിലാളികളെവച്ച് 'ഇടലാഭം' കൊയ്യാൻ മെയ്യനങ്ങാത്ത മലയാളി പഠിച്ചുകഴിഞ്ഞു. നാട്ടിൽ വിശ്രമവും തട്ടിപ്പും വെട്ടിപ്പും അഴിമതിയും നടത്തി ജീവിക്കുന്ന മലയാളി വിദേശത്തു പകലന്തിയോളവും അതിലേറെയും പണിയെടുക്കുന്നു. ഭാവിയിൽആളില്ലാത്തയിടങ്ങളും നിലം പൊത്താറാവുന്ന വീടുകളും നാട്ടിൽ ഏറിവരുമെന്നു തീർച്ച! അരിയും നിത്യോപയോഗസാധനങ്ങളും ഇതരസ്ഥലങ്ങളിൽനിന്നു വരുന്നതും കാത്തിരിക്കുന്ന, 'പത്തായപ്പുര'കളുടെ നാട്ടിലെ മലയാളികളോട് കാർഷികമഹിമ ആരു പറഞ്ഞുമനസ്സിലാക്കും? കൃഷികൊണ്ട് മലയാളക്കരയിൽ അന്തസ്സായി ജീവിക്കാമെന്ന് ആരു നമുക്കു ബോധ്യപ്പെടുത്തിത്തരും? ചെലവു കുറയ്ക്കാതെ വരുമാനത്തിനായി നെട്ടോട്ടമോടുന്ന നമ്മുടെ ആഡംബരജീവിതഭ്രമം തിരുത്തേണ്ട കാലം കഴിഞ്ഞു.

ചെറിയ ചെലവിൽ പഠിക്കാനും, ചെറിയ ചെലവിൽ കൃഷി ചെയ്ത് കുടുംബം പോറ്റാനുമാകുന്നെങ്കിൽ ചെറിയ ജോലി ചെയ്തും സ്വന്തം മലയാളനാടിനെ സ്നേഹിച്ച് ഇവിടെ കഴിയാം. നമ്മുടെ ഊർജവും പണവും ആൾബലവും ബുദ്ധിയും വിദേശത്ത് എരിഞ്ഞുതീരാതെ നമ്മുടെ മക്കൾ നമ്മുടെ നാട്ടിൽ പണിയെടുത്തു ജീവിക്കാനുള്ള സാഹചര്യമുണ്ടാകണം. മക്കൾ വിദേശത്തു പോകുന്നതിലെ യഥാർഥ കാരണം കാണാനുള്ള വിവേകമെങ്കിലും ഭരണക്കാർക്കുണ്ടാകണം. തരിശുഭൂമിയും അലസതയും കാർഷികകേരളത്തിന് അപകടമാണ്. മലയാളിക്കു സ്വന്തം നാട്ടിൽ പിടിച്ചുനിൽക്കാനാകാത്തത് 'പഠനവും തൊഴിലും വേതനവും' ജീവിതചുറ്റുപാടുകളുമായി സമരസപ്പെട്ടുപോകാത്തതുകൊണ്ടാണ്. വിദ്യാഭ്യാസച്ചെലവ് കുറയ്ക്കാൻ ശ്രമിക്കണം. തൊഴിൽമേഖലകൾ വിപുലപ്പെടുത്തണം, വ്യവസായസ്ഥാപനങ്ങൾ കൂടുതലായി ഉണ്ടാകണം. ഒപ്പം മാന്യമായ വേതനവ്യവസ്ഥകളും. തൊഴിൽ വിദേശത്തേതുപോലെ മണിക്കൂറിനെ ആശ്രയിച്ചാകണം; 'ജോലി ചെയ്യുന്നതിനു വേതനം' എന്ന മിനിമം വ്യവസ്ഥ ഇവിടെയുണ്ടാകണം. ദിവസം മുഴുവൻ ഒരിടത്തു ജോലി ചെയ്യുക എന്നതിനെക്കാൾ ദിവസംമുഴുവൻ ജോലിയെടുക്കുന്നതിലേക്കു ചിന്തകൾ മാറണം. അർഹിക്കുന്ന വേതനം എല്ലായിടങ്ങളിലുമുണ്ടാകണം. കാർഷികരംഗത്തുള്ളവർക്ക് പ്രത്യേക പരിഗണനയും പെൻഷനും ആനുകൂല്യങ്ങളും നിർബന്ധമാകണം. സർക്കാർഉദ്യോഗസ്ഥരിൽനിന്നു വ്യത്യസ്തരല്ല കൃഷിക്കാരെന്ന ബോധനം നാളെയുടെ തലമുറയ്ക്കു പകർന്നുനല്കണം.

■



തീക്കോയി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ പൂർവവിദ്യാർഥിയും ഭാഷാപണ്ഡിതനുമായ റവ. ഡോ. തോമസ് മൂലയിലിനെ പ്രിൻസിപ്പൽ ബാബു തോമസ് പുരസ്കാരം നൽകി ആദരിക്കുന്നു. ഹെഡ്മാസ്റ്റർ ജോണിക്കുട്ടി എബ്രഹാം, പി.ടി.എ. പ്രസിഡന്റ് സെബാസ്റ്റ്യൻ തോമസ്, അധ്യാപകപ്രതിനിധികളായ ജോസ് തോമസ്, സാജു മാത്യു, വിദ്യാർഥിപ്രതിനിധികൾ എന്നിവർ സമീപം.



സംസ്ഥാന ശാസ്ത്രോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം അധ്യാപകരുടെ റിസേർച്ച് ടൈപ്പ് പ്രോജക്ട് മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ സിസ്റ്റർ റോമി ജോൺ എഫ്സിസി (സെന്റ് മേരീസ് ജിഎച്ച്എസ്എസ്, പാലാ)

FROM THE BIBLE 34



ഫാ. തോമസ് പാട്ടത്തിൽച്ചിറ CMF

വിധിയാളൻ വിധിക്കപ്പെട്ടു. കലിതുള്ളിനിന്ന കാപാലികരുടെ കണ്ഠനാളങ്ങൾക്കു കൂടുതൽ ഊർജം കൊടുത്തുകൊണ്ട് ലോകം കേട്ടതിൽ വച്ച് 'അപൂർവങ്ങളിൽ അപൂർവമായ' വിധിവാചകം ഉച്ചരിക്കപ്പെട്ടു. കരുക്കൾ നീക്കിയപോലെതന്നെ കാര്യങ്ങൾ പുരോഗമിക്കുന്നതു കണ്ടവർക്ക് ആത്മഹർഷം. ഉൾത്തടത്തിൽ വിജയത്തിന്റെ പെരുമ്പറനാദം. എങ്കിലും, ആ വിധിപ്രസ്താവംകേട്ട് അവൻ വിതുമ്പിയില്ല; ഇളവിനായി ഇരന്നില്ല. വിധിക്കുശേഷവും 'എന്താണു സത്യം?' എന്ന ചോദ്യം ഉത്തരം കിട്ടാതെ വീർപ്പുമുട്ടിനിന്നു. ജീവിതത്തിൽ വ്യാജവിധികൾ നമുക്കെതിരേ ഉച്ചരിക്കപ്പെട്ട ചില കല്മഷരാഹിത്യത്തെപ്പറ്റി അറിയാമായിരുന്നിട്ടും, സഹധർമിണിയുടെ സ്വപ്നത്തിലൂടെ മതിയായ സൂചനകൾ ലഭിച്ചിട്ടും സമൂഹത്തിലെ സമ്പന്നരുടെയും സ്ഥാനപതികളുടെയുമൊക്കെ സമ്മർദത്തിനുവഴങ്ങി വ്യാജവിധി പുറപ്പെടുവിച്ച അന്യായാധിപൻ. അധികാരത്തെയും അംഗീകാരത്തെയും അങ്ങേയറ്റം ആരാധിച്ചിരുന്ന അയാൾക്കു മറ്റു മാർഗമൊന്നുമില്ലായിരുന്നു.

നുണ പറയുമ്പോൾ, യാഥാർഥ്യത്തെ പൂഴ്ത്തിവയ്ക്കുമ്പോൾ, ഉള്ളതുപറയാൻ ഭയക്കുമ്പോൾ, വ്യാജത്തിന്റെ പക്ഷംചേർന്നുകൊണ്ടുള്ള മറ്റുള്ളവരുടെ ആദരവിനും അംഗീകാരത്തിനും പാത്രമാകുമ്പോൾ നമ്മിലും ഒരു പീലാത്തോസ് അന്യായവിധിയുടെ ചുരുളുകളുമേന്തി നിലയുറപ്പിക്കുന്നുണ്ട്. നമ്മിലെ പീലാത്തോസിനെ കൽത്തുറുങ്കിലടയ്ക്കാനുള്ള കരുത്താർജിക്കാം. നമ്മുടെ നിലപാടുകളും നിഗമനങ്ങളും നിഷ്പക്ഷമായിരിക്കട്ടെ. നേരിന്റെ നിറത്തിലൂടെയാകണം നമ്മുടെ സഞ്ചാരം. ജീവിതത്തിൽ വിധിയെഴുത്ത് കഴിവതും ഒഴിവാക്കുക. രക്ഷയും ശിക്ഷയും നൽകുന്നവന് അതൊക്കെ വിട്ടുകൊടുക്കാം. മറ്റുള്ളവരെക്കുറിച്ചു നാം കുറിച്ച വിധിപ്രസ്താവനകളെ മനഃസാക്ഷിയുടെ മിഴികളിലൂടെ പുനർവായിക്കാൻ പരിശ്രമിക്കാം. ചിലരുടെ പേരുകൾക്കു നാമിട്ട ചില അടിവരകളിലും സ്വഭാവങ്ങൾക്കു ചാർത്തിയ നിറക്കൂട്ടുകളിലും പറ്റിപ്പോയ തെറ്റുകൾ വസ്തുതകളുടെ വെട്ടത്തിൽ കണ്ടെത്താം. മുൻവിധികളിലൂടെ നഷ്ടപ്പെട്ടുപോയ ബന്ധങ്ങളെ തിരികെപ്പിടിക്കാം. സത്യസന്ധതയെ സ്ഥിരബന്ധുവാക്കാം. വിധിക്കാനല്ല, വാഴ്ത്താനും അതുവഴി വളർത്താനുമാണ് നമ്മുടെ നാവ് ഇനിമേൽ ചലിക്കേണ്ടത്.



## വിധി

'ഗബ്ബാത്താ' അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാവാം. കാതോരത്ത് ഇന്നും മുഴങ്ങിനില്ക്കുന്ന ചില വിധിവാക്യങ്ങളും നമ്മുടെ നാശം മാത്രം ലക്ഷ്യമാക്കി ചിലർ നിരത്തിയ ദൂഷണങ്ങളുമൊക്കെ നമ്മെ വല്ലാതെ തീതീറ്റുന്നുണ്ടാവും. മനസ്സു മടുക്കേണ്ട; നമ്മെ കാണുകയും കേൾക്കുകയും ചെയ്യുന്ന ഒരു ശക്തി ശിരസ്സിനു മീതേയുണ്ട്. അവന്റെ അന്തിമവിധിയാണ് നമ്മെ നിത്യമായി ബാധിക്കാൻ പോകുന്നത്. നിത്യരക്ഷയോ നിത്യശിക്ഷയോ നല്കപ്പെടുന്ന നമ്മുടെ അന്ത്യവിധിയെ ശാന്തതയോടെ നേരിടാൻ നമുക്കാവുമോ?

പ്രീതിക്കും പ്രീണനത്തിനുംവേണ്ടി സത്യത്തെ ഹത്യ ചെയ്യാനുള്ള മനുഷ്യനിലെ ദുഷ്പ്രവണതയുടെ പ്രതീകമാണ് പീലാത്തോസ്. തന്റെ മുമ്പിൽനിന്ന നസ്രായന്റെ

■

സാന്ത്വനം

# പരസ്പരം അറിയുക പ്രായത്തെ അംഗീകരിക്കുക



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.



പെണ്ണമ്മച്ചേച്ചിക്ക് ഇപ്പോൾ നാല്പത്തെട്ടു വയസ്സുണ്ട്. ഭർത്താവു ടോമിക്ക് അമ്പത്തിരണ്ടും. മൂന്നുമക്കളാണ്. ചേച്ചിയുടെ സങ്കടം ഭർത്താവായ റ്റോമിക്ക് ചേച്ചിയെ തീരെ ഇഷ്ടമില്ല, താത്പര്യമില്ല എന്നതാണ്. സംസാരിച്ചുചെല്ലുമ്പോൾ ദേഷ്യപ്പെടുന്നു, ഒഴിവാക്കുന്നു.

ചേച്ചി, ഒറ്റയ്ക്കു വന്നതിനാൽ ചേട്ടനെ കൂട്ടിവരാൻ പറഞ്ഞു. പറഞ്ഞ ദിവസംതന്നെ രണ്ടുപേരും എത്തി. ഇരുവരും നമ്മിൽ ഒരുപാട് സ്നേഹിക്കുന്നവരാണെന്നു സംസാരത്തിൽനിന്നു മനസ്സിലായി. റ്റോമി രാവിലെ എട്ട് - എട്ടരയ്ക്കു വീട്ടിൽനിന്നിറങ്ങിയാൽ വൈകിട്ട് എട്ടിനാണു വീട്ടിൽ തിരിച്ചെത്തുന്നത്. അദ്ദേഹത്തിന്റെ തലയിൽ എപ്പോഴുമുള്ള ചിന്ത മക്കളെ എങ്ങനെ പഠിപ്പിച്ചു കരകയറ്റാം എന്നതാണ്. മോൾക്ക് അടുത്തവർഷം നേഴ്സിങ്ങിനു പോകണമെന്നു പറയുന്നു. ഇതിനൊക്കെയുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചോർത്ത് തലപുകയുന്ന നേരത്തായിരിക്കും ചേച്ചി ചെറിയചെറിയ കാര്യങ്ങൾ പെരുപ്പിച്ചു പറഞ്ഞുകൊണ്ടുവരുന്നത്. അപ്പോൾ ദേഷ്യപ്പെട്ടു പോകുന്നതാണ്. ഇവിടെ ഈ പ്രായത്തിലെ ഭാര്യാഭർത്താക്കന്മാരുടെ മുൻഗണനകളെക്കുറിച്ച് പരസ്പരം അറിവുണ്ടായിരിക്കണം. ഈ അറിവ് പരസ്പരം മനസ്സിലാക്കി വിവേകത്തോടെ പെരുമാറാൻ ഇരുവരും പഠിക്കണം.

പൊതുവെ ഭർത്താക്കന്മാർ മറന്നുപോകുന്ന ഒരു കാര്യമാണ് തങ്ങളുടെ ഭാര്യമാരുടെ ഹോർമോൺ വ്യതിയാനങ്ങൾ. അതായത്, 45 വയസ്സുമുതൽ ഒരു 57 വയസ്സുവരെയുള്ള കാലഘട്ടം സ്ത്രീകൾ വെറുതെ ടെൻഷൻ അടിക്കുകയും വ്യാകുലപ്പെടുകയും, പഴയ കാര്യങ്ങളെ ഓർത്ത് മനസ്തപിക്കുകയും കോപിക്കുകയും ചെയ്യുന്ന സമയമാണ്. ഭാര്യയുടെ പെരുമാറ്റവ്യതിയാനത്തിനുള്ള കാരണങ്ങളെക്കുറിച്ച്; പ്രത്യേകിച്ച് ഹോർമോൺ ലെവലിലെ വ്യതിയാനങ്ങളെക്കുറിച്ച് ഭർത്താക്കന്മാർ അറിഞ്ഞിരിക്കണം. തന്റെ ആർത്തവം നിലയ്ക്കാൻ പോകുന്നു, ഇനി തന്നെ ഒന്നിനും കൊള്ളില്ല, തനിക്കു പ്രായമായി എന്ന ചിന്തകൾ മാറാനും മറക്കാനുംവേണ്ടിയും ഭർത്താവിന് തന്നോട് ഇപ്പോഴും നല്ല ഇഷ്ടവും താത്പര്യവും ഉണ്ട് എന്ന് ഉറപ്പുവരുത്താനുമാണ് അവൾ ഇടയ്ക്കിങ്ങനെ ഏറ്റുമുട്ടുന്നത്. ഭാര്യമാരുടെ ഈ സ്വഭാവപ്രത്യേകതകൾ മനസ്സിലാക്കാതെ അവരോടു തിരിച്ചു ദേഷ്യം കാണിക്കുമ്പോൾ അത് ഒരുപാട് മുറിവുകൾ അവരിൽ ഉണ്ടാക്കുകയും മാനസികമായി തളർത്തുകയും ചെയ്യും.

ഏതു ജീവിതാവസ്ഥയിലും നാം നമ്മുടെ പ്രായത്തെക്കുറിച്ച് അവബോധം ഉള്ളവരായിരിക്കണമെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്, ദാമ്പത്യജീവിതത്തിൽ പ്രത്യേകിച്ചും. കാരണം, സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ ഹോർമോൺവ്യതിയാനങ്ങളെ (ചർമം ചുളുങ്ങുന്നത്, മുടി നരയ്ക്കുന്നത്, മുഖത്ത് പാടുകൾ ഉണ്ടാകുന്നത്) അംഗീകരിക്കാൻ പറ്റാതെ വിഷമിക്കുന്ന ഒരു അവസ്ഥയിലായിരിക്കും.

ഇവിടെ പരസ്പരം സംസാരിക്കാനും, കാര്യങ്ങൾ മനസ്സിലാക്കാനും സമയം കണ്ടെത്തുക എന്നതാണു പരമപ്രധാനം. ഏതവസ്ഥയിൽ ഉള്ളവരാണെങ്കിലും സ്വന്തം വികാരവിചാരങ്ങളുടെ കാര്യത്തിൽ പ്രായത്തിനനുസരിച്ച് വ്യത്യാസം വന്നുകൊണ്ടേയിരിക്കും. അതിനാൽ, തുറന്നുള്ള സംസാരമാണ് പരസ്പരം മനസ്സിലാക്കാൻ ഏറ്റവും സഹായിക്കുക. തങ്ങളുടെ ഉള്ളിലെ ആധി (പരിഭ്രമം) എന്താണെന്നു പുരുഷന്മാർ തങ്ങളുടെ ഭാര്യയോടു പങ്കുവയ്ക്കുമ്പോൾ അവർ കൂടുതൽ ദയയോടെ, കരുതലോടെ പെരുമാറാൻ ശ്രമിക്കും. അല്ലാതെ, ഭർത്താവ് 'താൻ എന്തോ വലിയ സംഭവമാണ്, അധ്വാനിയാണ്, ഈ ലോകം ഞാൻമൂലമാണ് ഇങ്ങനെ കറങ്ങുന്നത്, നിനക്ക് എന്തറിയാം നീ മിണ്ടാതിരി' എന്ന രീതിയെടുത്താൽ ഇന്നത്തെ സ്ത്രീപുരുഷമാനസികനിലയനുസരിച്ച് ഒരുപക്ഷേ, ഭാര്യയെ ഏതെങ്കിലും മാനസികരോഗാശുപത്രിയിൽ കൊണ്ടുപോകേണ്ടിവരും; അല്ലെങ്കിൽ, എപ്പോഴും വഴക്കിടുന്ന ഒരു സഹധർമിണി ഉയിർത്തെഴുന്നേല്ക്കും. സ്ത്രീകളും തങ്ങളുടെ ശാരീരിക വ്യതിയാനങ്ങളെക്കുറിച്ച് ഓർമയുള്ളവരായിരിക്കണം. തങ്ങളുടെ പ്രായത്തെ അംഗീകരിക്കുകയും സ്വയം സ്നേഹിക്കുകയും വേണം. സ്വയം സ്നേഹിക്കുന്നവർ അധികം പരിഭവം കാണിക്കില്ല.

ഒരുപക്ഷേ, ഭാര്യാഭർത്താക്കന്മാർ ഒരു നാല്പത്തിയഞ്ചു വയസു കഴിയുമ്പോൾമുതൽ പരസ്പരം പ്രായം ഓർമിപ്പിക്കുന്നതിലും തെറ്റില്ല. അതുപോലെ, സ്വഭാവ, ശാരീരികവ്യതിയാനങ്ങൾ പറഞ്ഞു മുറിപ്പെടുത്താതെ ചെറിയ രീതിയിൽ കളിയാക്കുന്നതും പരസ്പരം ചിന്തിക്കാൻ സഹായിക്കും. അങ്ങനെയാകുമ്പോൾ ഭാര്യ അറിയും, തനിക്ക് ഇത്രയും പ്രായമായെങ്കിലും തന്നോടു സ്നേഹവും താത്പര്യവും ഭർത്താവിനുണ്ടെന്ന്. അതുപോലെ തന്റെ സൗന്ദര്യത്തെയല്ല, തന്നെയാണ് ഭർത്താവ് ഇഷ്ടപ്പെടുന്നതെന്ന്. ഭർത്താക്കന്മാർ ഈ ഒരു പ്രായത്തിൽ കൂടുതൽ സുമുഖരായി കാണപ്പെടാറുണ്ട്. ഈ ഭർത്താക്കന്മാർ, 'മക്കളെ ഇത്രയുമാക്കാൻ എനിക്കു സാധിച്ചു ഇത്രയും നേട്ടം കുടുംബത്തിനുണ്ടാക്കാൻ കഴിഞ്ഞു' എന്ന ഭാവത്തോടെ കുടുംബത്തിലും പുറത്തും സംസാരിക്കുമ്പോൾ, അതു സ്ത്രീകളെ താൻ ഒന്നുമല്ല എന്ന ചിന്തയിൽ കൊണ്ടെത്തിക്കും. അതിനാൽ, ദമ്പതിമാർ എപ്പോഴും 'നമ്മൾ' അല്ലെങ്കിൽ 'ഞങ്ങൾ' എന്ന പദം ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. അതായത്, ഈ ഭാര്യ കൂടെയില്ലായിരുന്നെങ്കിൽ, ഈ ഭർത്താവ് കൂടെയില്ലായിരുന്നെങ്കിൽ ഈ നേട്ടങ്ങൾ ഒന്നും ഉണ്ടാകില്ലായിരുന്നു എന്ന രീതിയിൽ. അങ്ങനെ സ്വയം സന്തോഷിക്കാനും പങ്കാളിയെ സന്തോഷിപ്പിക്കാനും എല്ലാ ദമ്പതിമാർക്കും സാധിക്കട്ടെ. ■

# നിമന്ത്രിതർ

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



'തൃ' പ്രത്യയം ചേർത്തു സൃഷ്ടിക്കുന്ന പദങ്ങൾക്ക് കർതൃസൂചനനൽകാനേ കഴിയൂ. കവയിതൃ - കവയിതാവ്; ജനയിതൃ - ജനയിതാവ്; ശാസിതൃ - ശാസിതാവ്, ശാസ്തൃ-ശാസ്താവ് മുതലായവ ഉദാഹരണങ്ങൾ. കവനം ചെയ്യുന്നവൻ കവിയും ജനിപ്പിക്കുന്നവൻ പിതാവും ശാസിക്കുന്നവൻ ഭരണകർത്താവും 'ശാസകൻ' ശാസ്താവും ആകുന്നു.

ഇതേ മാതൃകയിൽ നിർമിച്ചെടുത്ത ഒരു വാക്കാണ് ക്ഷണിതാക്കൾ. ക്ഷണിക്കുക എന്ന ക്രിയാപദത്തോട് തൃപ്രത്യയം ചേർത്തുണ്ടാക്കിയ രൂപം(ക്ഷണിതൃ-ക്ഷണിതാവ്). ക്ഷണിക്കപ്പെടുന്നവർ (invite) എന്ന അർഥത്തിലാണ് ക്ഷണിതാക്കൾ എന്ന നാമശബ്ദത്തിനു പ്രചാരം. മലയാളത്തിലെ എല്ലാ നിഘണ്ടുകാരന്മാരും ഈ അർഥകല്പനയാണ് പൊതുവെ സ്വീകരിച്ചു കാണുന്നത്. വരാനായി ഉപചാരപൂർവം വിളിക്കപ്പെട്ടവർ എന്ന് അർഥവും നല്കിയിട്ടുണ്ട്. എന്നാൽ, ഈ അർഥത്തോട് സി.വി. വാസുദേവഭട്ടതിരി യോജിക്കുന്നില്ല. ഭട്ടതിരി രേഖപ്പെടുത്തുന്നു: "അപ്പോൾ മലയാളപദമായ ക്ഷണിക്കുക എന്നതിനോട് 'തൃ' ചേർത്ത് ക്ഷണിതാക്കൾ എന്ന് ഒരു പദം അസുന്ദരമായി സൃഷ്ടിച്ചാലും ക്ഷണിക്കുന്നവർ (വിളിക്കുന്നവർ) എന്നല്ലാതെ ക്ഷണിക്കപ്പെടുന്നവർ എന്ന അർഥം ലഭിക്കുകില്ല ആ പദത്തിന്"* ഇവിടെ കർത്തൃസൂചനയില്ല എന്ന ന്യായത്താലാണ് ഭട്ടതിരി ഇങ്ങനെ ഒരു നിരീക്ഷണം നടത്തിയത്. അതിൽ ന്യായമുണ്ടുതാനും.

ക്ഷണിക്കപ്പെട്ടവർ എന്ന അർഥത്തിൽ ഉപയോഗിക്കാവുന്ന ഒരു പദമുണ്ട്. നിമന്ത്രിതർ. നിമന്ത്രണം ക്ഷണിക്കൽ (വിളിക്കൽ) ആണ്. അതായത്, ക്ഷണിക്കുന്ന ആൾ നിമന്ത്രകനും ക്ഷണിക്കപ്പെട്ട വ്യക്തി നിമന്ത്രിതനും ആകും. നിമന്ത്രണപത്രത്തിന് ക്ഷണക്കത്ത് എന്നാണല്ലോ വിവക്ഷിതം. ശരിയായ വിവക്ഷയിൽ വേണ്ടത്ര പദങ്ങൾ ഉള്ളപ്പോൾ പുതിയ വികലപദങ്ങൾ സൃഷ്ടിക്കുന്നത് സാഹസമല്ലേ? എന്നും സി.വി. വാസുദേവഭട്ടതിരി ചോദിക്കുന്നുണ്ട്. ദുഃസ്വാതന്ത്ര്യം പരിഹാസ്യമാണെങ്കിൽ എവിടെയും അത് അങ്ങനെതന്നെയല്ലേ?

1. വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം - 104.

# സമ്മിശ്രകൃഷിയിൽ അവാർഡുമായി സോനാ ജോസഫ്



രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനയിലെ മികച്ച കർഷകനായി സോനാ ജോസഫ് ചിറയിലിനെ തിരഞ്ഞെടുത്തു. പിതൃവേദിയുടെ അവാർഡാണ് ഇദ്ദേഹത്തിനു ലഭിച്ചത്. കൃഷിക്കാരായിരുന്ന മാതാപിതാക്കളിൽനിന്നു ലഭിച്ച അറിവുകൾ ഇദ്ദേഹം കൃഷിയിടത്തിൽ പ്രയോഗിച്ചു. പച്ചക്കറികൾ, പശു, ആട്, മുട്ടക്കോഴി, താറാവ്, മീൻ എന്നിങ്ങനെ വിവിധയിനം കൃഷികൾ ഇദ്ദേഹം നടത്തിവരുന്നു.

സമീപത്തുള്ള 30 വീടുകളിലും പാലവേലി ക്ഷീരസംഘത്തിലുമായി 45 ലിറ്ററോളം പാൽ കൊടുക്കുന്നുണ്ട്.

പൂർണമായും വിഷരഹിത പച്ചക്കറികളാണ് ഉത്പാദിപ്പിക്കുന്നത്. പച്ചക്കറികൾ നടുമ്പോൾ അടിസ്ഥാനവളമായി ജൈവവളങ്ങൾ ഇട്ടുകൊടുക്കും. പിന്നീടും ജൈവവളങ്ങളാണ് ഉപയോഗിക്കുന്നത്. മരച്ചീനി, ഏത്തവാഴ എന്നിവയുടെ കൃഷിയുമുണ്ട്.

അടുക്കളത്തോട്ടമത്സരത്തിൽ പച്ചക്കറിക്കൃഷിക്കുള്ള പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അവാർഡ്, മംഗളം കർഷക അവാർഡ് എന്നിവയും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

രാമപുരം പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടെ രാമപുരം വെള്ളിലാപ്പള്ളി സെന്റ് ജോസഫ്സ് യു.പി. സ്കൂളിൽ പച്ചക്കറിക്കൃഷി ചെയ്തു വരുന്നു.

രാമപുരം പള്ളിയിലെ യോഗപ്രതിനിധി, കുടുംബക്കൂട്ടായ്മയുടെ വാർഡ് പ്രസിഡന്റ് എന്നീ നിലകളിൽ സോനാ ജോസഫ് പ്രവർത്തിക്കുന്നു. ഭാര്യ സോണിയയും കൃഷികാര്യങ്ങളിൽ സഹായിക്കുന്നു. രണ്ടു മക്കൾ: സ്റ്റെഫാനോ, സെറാഫിൻ.

- ജോസഫ് കുമ്പുക്കൻ



*സാഹിത്യകാരൻ അന്തീനാട് ജോസിനെ മാണി സി. കാപ്പൻ എം.എൽ.എ. പൊന്നാട അണിയിച്ച് ആദരിക്കുന്നു. സിന്ധുമോൾ ജേക്കബ്, വിനോദ് ചെറിയാൻ വേരനാനി, റ്റോമി തുരുത്തിക്കര, സാംകുട്ടി കൊല്ലംപറമ്പിൽ എന്നിവർ സമീപം.*

# ഫ്ളോറൻസ് നൈറ്റിംഗേൽ പുരസ്കാരവുമായി ഷീലാറാണി

ആതുരസേവനരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള 2021 ലെ ദേശീയ ഫ്ളോറൻസ് നൈറ്റിംഗേൽ അവാർഡ് കോട്ടയം ജില്ലയിലെ കിടങ്ങൂർ സ്വദേശിനി വി.എസ് ഷീലാ റാണിക്കു ലഭിച്ചു. കേന്ദ്ര ആരോഗ്യ മന്ത്രാലയം 1973 ലാണ് ഫ്ളോറൻസ് നൈറ്റിംഗേൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയത്. പാലിയേറ്റീവ് ചികിത്സാപരിചരണത്തിന് ആദ്യമായി ഏർപ്പെടുത്തിയ അവാർഡാണ് ഷീലാറാണിക്കു ലഭിച്ചത്.

2008 ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് പാലിയേറ്റീവ് കെയർ. പഞ്ചായത്തുകളുടെ വികസനപദ്ധതിയിലുൾപ്പെടുത്തിയാണ് ഈ പ്രോജക്ട് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്. ഇതനുസരിച്ച് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് നഴ്സാണ് ഷീലാറാണി. വിവിധ മതസാമൂഹിക സാംസ്കാരിക സന്നദ്ധസംഘടനകളുടെയും സ്വകാര്യവ്യക്തികളുടെയും സഹായത്തോടെ വീടുകളിൽ കിടപ്പുരോഗികളായവർക്ക് ആവശ്യമായ സേവനങ്ങൾ നല്കാൻ ഷീലാറാണിക്കു സാധിക്കുന്നു. സേവനസന്നദ്ധരായ യുവജനങ്ങൾക്കു പരിശീലനം നല്കി അവരെ ഈ രംഗത്തേക്കു വരാനും ഷീലാറാണി മുൻകൈയെടുക്കുന്നുണ്ട്. കിടപ്പുരോഗികളുടെ കുടുംബാംഗങ്ങൾ നേരിടുന്ന മാനസിക-ശാരീരിക-സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ബോധവത്കരണപരിപാടികളിലൂടെയും സുമനസ്സുകളുടെ സഹായത്തോടെയും ഷീലാറാണി സാന്ത്വനമേകുന്നു.

പാലിയേറ്റീവ് ചികിത്സാരംഗത്തെ അനുഭവപരിചയത്തിൽനിന്ന് ഈ രംഗത്ത് ഒരുപാടുകാര്യങ്ങൾ പ്രവർത്തിക്കാനുണ്ടെന്നു ഷീലാറാണി മനസ്സിലാക്കി. ദരിദ്രരും നിസ്സഹായരുമായ രോഗികൾക്ക് ഒരാളിന്റെ സാമീപ്യവും സാന്ത്വനവും എത്ര ആശ്വാസപ്രദമാണെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കുമാത്രമേ തിരിച്ചറിയാൻ കഴിയൂവെന്നാണ് അവർ പറയുന്നത്.

പാലിയേറ്റീവ് രംഗത്ത് ഷീലാറാണി ധാരാളം പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നുണ്ട്. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനപരിപാടികളാണ് ഇതിൽ പ്രധാനം. കൂടാതെ, യുവജനസംഘടനകൾ, കുടുംബശ്രീകൾ, ഗ്രാമസഭകൾ തുടങ്ങിയ ഇടങ്ങളിലൊക്കെ ബോധവത്കരണക്ലാസുകളും നടത്തിവരുന്നു. പഞ്ചായത്തധികാരികളുടെയും പൊതുജനങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണവും പിന്തുണയുമാണ് പാലിയേറ്റീവ് രംഗത്ത് ഇത്രയേറെ പ്രവർത്തിക്കാൻ കഴിഞ്ഞതെന്ന് ഷീലാറാണി പറയുന്നു. പാലിയേറ്റീവ് പദ്ധതി നടപ്പായിത്തുടങ്ങിയതോടെ പ്രദേശത്തെ വിവിധ പ്രസ്ഥാനങ്ങൾ ഇതിനുവേണ്ടി ഒരു വിഹിതം മാറ്റി വയ്ക്കുന്നുണ്ടെന്നും അത് അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്നുണ്ടെന്നും ഷീലാറാണി എടുത്തുപറയുന്നു.



*രാഷ്ട്രപതി ദ്രൗപതി മുർമുവിൽനിന്ന് ഫ്ളോറൻസ് നൈറ്റിംഗേൽ പുരസ്കാരം ഷീലാറാണി ഏറ്റുവാങ്ങുന്നു.*

വരുമാനസ്ഥിരതയോ ജോലിയുടെ സുരക്ഷിതത്വമോ ഇല്ലെങ്കിൽപ്പോലും ഈ രംഗത്ത് സേവനമനുഷ്ഠിക്കാൻ ധാരാളം പേർ കടന്നുവരുന്നുണ്ടെന്ന് ഷീലാ റാണി ചൂണ്ടിക്കാട്ടി. തനിക്കു ലഭിച്ച അവാർഡ് ആതുരസേവനരംഗത്തേക്കു കടന്നുവരാൻ ആഗ്രഹിക്കുന്ന ഓരോരുത്തർക്കും പ്രചോദനമാകട്ടേയെന്നാണ് ഷീലാറാണിയുടെ പ്രാർഥന.

ആതുരസേവനരംഗത്തുമാത്രമല്ല, സാമൂഹികസേവനരംഗത്തും ഷീലാറാണി മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാരംഗത്തെ പ്രവർത്തനങ്ങൾക്ക് ജില്ലയിലെ മികച്ച രണ്ടാമത്തെ പ്രവർത്തികയായും ഷീല തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

- ഡാലിയ വിജയകുമാർ

---



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

# വിനാശകരമായ ന്യൂനതകൾ

ടെലിവിഷൻ ചാനലുകളിൽ ഇപ്പോൾ പ്രത്യക്ഷപ്പെടുന്ന ഒരു പരസ്യത്തിൽ മുട്ടുവേദനയ്ക്കുള്ള ആയുർവേദഗുളികകൾ കഴിച്ചതിന്റെ ഫലമായി ചൈനയിലെ വന്മതിൽവരെ അനായാസേന ചാടിക്കടക്കാൻ കഴിഞ്ഞുവെന്നോ മറ്റോ പറയുന്നുണ്ട്. ഇക്കാലത്തിറങ്ങുന്ന പാട്ടുകൾക്കു പിന്നിൽ പ്രവർത്തിക്കുന്നവർ അവയുടെ ഗുണമഹിമയെക്കുറിച്ച് അവകാശപ്പെടുന്നതുകേൾക്കുമ്പോൾ ഈ പരസ്യമാണ് എനിക്കോർമവരുക. പുതിയ പിള്ളേരുടെ ഭാഷ കടമെടുത്താണെങ്കിൽ അസഹനീയമായ തള്ള് എന്നു പറയേണ്ടിവരും. ഇത്തരം അവകാശവാദമൊന്നും ഉന്നയിച്ചു കണ്ടില്ലെങ്കിലും ഈ അടുത്തകാലത്തു പ്രദർശനത്തിനുവന്ന 'വരാൽ' എന്ന ചിത്രത്തിലെ ഗാനങ്ങൾ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ജോസഫ് മുണ്ടശേരി പറഞ്ഞതുപോലെ അമ്പേ പരാജയമാണ്. ഇക്കാര്യം വ്യക്തമാക്കാൻ ഒരു ഗാനം ചൂണ്ടിക്കാണിക്കാം.

"രാവിരുൾക്കൂട്ടിൽ മധുതേടും ശലഭമേ
അതിമൃദുശരമെൻ നെഞ്ചിൽ പെയ്യവെ
മിഴിമുനയിൽ തുടുത്ത നിൻ നാണം
കനവലയിൽ തളിർത്ത നിൻ രാഗം
മോഹിനീ നിൻ ശാസമിതൊന്നറിയാൻ
കാമിനീ നിൻ കാമനയൊന്നറിയാൻ" (രചന - അനൂപ് മേനോൻ; സംഗീതം - നിനോയ് വർഗീസ്; ആലാപനം - രാജ്കുമാർ രാധാകൃഷ്ണൻ).

ശലഭം മധു തേടുന്നതെവിടെയാണ്? ഈ ചോദ്യത്തിനു കൊച്ചുകുട്ടികൾപോലും ഉത്തരംപറയും പൂക്കളിലാണെന്ന്. എന്നാൽ, ഈ പാട്ടെഴുത്തുകാരന്റെ ഭാവിയിൽ ശലഭം മധു തേടുന്നതു രാവിരുരുൾക്കൂട്ടിലാണ്. ശലഭം മധു തേടുക മാത്രമല്ല, അതിമൃദുശരം നായകന്റെ നെഞ്ചിലേക്കു തൊടുക്കുന്നുമുണ്ട്. പാവം ശലഭത്തോടാണ് ഈ പാട്ടു കേൾക്കുമ്പോൾ നമുക്കു സഹതാപം തോന്നുന്നത്. നോക്കൂ, ശലഭത്തിന്റെ മിഴി മാത്രമല്ല, മിഴിമുനപോലും സൂക്ഷ്മദർശിനിയുടെ സഹായത്താൽ നായകനുവേണ്ടി തൂലികയെടുത്ത പാട്ടെഴുത്തുകാരൻ കണ്ടു. നാണം അതിന്റെ (ശലഭത്തിന്റെ) മിഴിമുനയിൽ തുടുത്തത്രേ. മോഹിനിയെന്നും കാമിനിയെന്നും സംബോധന ചെയ്യുന്നതും ഇതേ ശലഭത്തെത്തന്നെയാണ്. ചുരുക്കത്തിൽ ശലഭമേ എന്നു സംബുദ്ധി ചെയ്തെങ്കിലും പിന്നീടുള്ള വരികളത്രയും ശലഭത്തിന് ഇണങ്ങുന്നതല്ലെന്നു സാരം.

ചിലരെഴുതുമ്പോൾ എഴുതിവന്നതു ബാലിശമായിപ്പോകും. മറ്റു ചിലരുടെ രചനകളാകട്ടെ അപ്രഗല്ഭത പ്രകടിപ്പിക്കും. സാഹിത്യസൃഷ്ടിക്കു വിനാശകരമായിത്തീരുന്ന ഈ രണ്ടു ന്യൂനതകളും ഒരുമിച്ചുവന്നാലെങ്ങനെയിരിക്കും? അതറിയണമെങ്കിൽ 'വരാലി'ലെ ഈ ഗാനം കേട്ടാൽ മതി.

ജലാശയങ്ങളിൽ സാധാരണ കണ്ടുവരുന്ന ഒരുതരം മത്സ്യമാണ് വരാൽ (ബ്രാൽ, പ്രാൽ, കണ്ണൻ, കൈച്ചിൽ എന്നിങ്ങനെ പ്രാദേശികമായി പല പേരുകളുണ്ട്). ശരീരത്തിൽ വഴുവഴുപ്പുള്ള ദ്രാവകം ഇതിന്റെ സവിശേഷതയാണ്. അതുകൊണ്ട് ഇവയ്ക്കു നമ്മുടെ കൈയിൽ നിന്നു പെട്ടെന്നു വഴുതിമാറാനാവും. 'വരാൽ വഴുതുമ്പോലെ' എന്ന ശൈലിതന്നെ നിലവിലുണ്ട്. ആവശ്യമില്ലാത്ത പ്രയോഗങ്ങളുടെ വഴുവഴുപ്പുകാരണം ഈ ഗാനവും നമ്മുടെ മനസ്സിൽനിന്നു പെട്ടെന്നു വഴുതിപ്പോകുന്നു.

"ഉന്മാദം പൂക്കുമീ ജാലയിൽ
ഇന്നെൻ ആവേശം മിന്നലായ് പെയ്തുവോ
നാഗങ്ങൾ പുണരുമീ രാവിതിൽ
കാവിൽമുകിലുകൾ മഴകളായ് വീഴവെ
ഉടയാടകളുലയും നേരമെൻ
തനുവലിയും വിയർപ്പിൽ ചേരു നീ."

ഓർക്കുക, ശലഭത്തെ സംബോധന ചെയ്തു സമാരംഭിച്ച ഗാനത്തിലാണ് ഇത്തരം വരികളെല്ലാം കടന്നുവന്നിട്ടുള്ളത്. ഔചിത്യം പണയപ്പെടുത്തിയ ഒരാൾക്കു മാത്രമേ ഇത്തരത്തിൽ എഴുതാനാവുകയുള്ളൂ. മിന്നൽ പെയ്യുകയാണു പോലും! അപ്പോൾ മഴയോ? അന്തരീക്ഷത്തിൽ ശേഖരിക്കപ്പെടുന്ന സ്ഥിതവൈദ്യുതോർജ്ജം സ്വയം മോചനം നേടുന്നതിന്റെ ഫലമായുണ്ടാകുന്ന പ്രതിഭാസമാണു മിന്നൽ. അതു പെയ്യുന്നതായുള്ള കണ്ടുപിടിത്തം ഈ പാട്ടെഴുത്തുകാരനെ ഒരുപക്ഷേ, നോബൽസമ്മാനത്തിന് അർഹനാക്കിയേക്കാം.

മുകളിൽ എടുത്തെഴുതിയ ഏതെങ്കിലും ഒരു വരിക്ക് മറ്റു വരികളുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഗാനത്തെ മൊത്തത്തിൽ വിലയിരുത്തിയാൽ വാലും തലയുമില്ലാതെ എന്തൊക്കെയോ എഴുന്നള്ളിച്ചിരിക്കുന്നു എന്നതിനപ്പുറം ഒന്നും പറയാനില്ല. കൂണുകൾപോലെ മുളച്ചുപൊന്തുകയാണ് ഇന്ന് ഇത്തരം ഗാനങ്ങൾ. അവയെ അവഗണിക്കുകയല്ലാതെ മറ്റെന്താണു ചെയ്യാനാവുക?

■

# പടി കടന്നെത്തുന്ന പൈശാചികനൃത്തങ്ങൾ!

## ഹാലോവീൻ ആഘോഷങ്ങൾ കത്തോലിക്കാവിശ്വാസത്തെ തകർക്കുന്നു



**ടോണി ചിറ്റിലപ്പള്ളി**

**കേ**രളത്തിലെ കത്തോലിക്കാ സന്ന്യാസസഭകളിലെ സ്കൂളുകളിലും കോളജുകളിലും നടന്ന ഹാലോവീനുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ വിശ്വാസികളെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു. പിന്നീട് ക്ഷമാപണം നടത്തി ബന്ധപ്പെട്ടവർ തലയൂരിയെങ്കിലും കത്തോലിക്കാസഭയിൽ കയറിക്കൂടിയിരിക്കുന്ന ഇത്തരം വിജാതീയാഘോഷങ്ങൾ നാം തീർച്ചയായും ചർച്ചകൾക്കും ആവശ്യമായ തിരുത്തൽനടപടികൾക്കും വിധേയമാക്കണം. കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങളിൽവരെ എത്തിനിൽക്കുന്ന ഈ ആഭാസങ്ങൾ പടിക്കുപുറത്തുനിറുത്തണം.

ക്രിസ്തുവിനുമുമ്പ് യൂറോപ്പിൽ ജീവിച്ച അപരിഷ്കൃതരും സത്യദൈവവിരുദ്ധരുമായിരുന്ന വിജാതീയരുടെ അന്ധവിശ്വാസത്തിലധിഷ്ഠിതമായ ദുരാചാരത്തിൽനിന്നാണ് ഈ ആഘോഷം ആരംഭിച്ചതെങ്കിലും, സകല വിശുദ്ധരുടെയും തിരുനാളിനു (ഓൾ സെയിന്റ്സ് ഡേ) തലേദിവസം എന്നർഥമുള്ള 'ഓൾ ഹോളോസ് ഈവ്' എന്ന ഇംഗ്ലീഷ് വാക്കിൽനിന്നാണ് ഹാലോവീൻ എന്ന പേര് ഉണ്ടാകുന്നത്.

നിർഭാഗ്യവശാൽ ഹാലോവീനുമായി ബന്ധപ്പെട്ട് കുഞ്ഞുങ്ങളുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നതും അവരെ പങ്കാളികളാക്കുന്നതും ഭീകരരൂപങ്ങളും സാത്താൻവേഷങ്ങളും അസ്ഥികൂടങ്ങളും അപസർപ്പകകഥകളിലെ കഥാപാത്രങ്ങളുടെ ഛായകളും രക്തരക്ഷസ്സുകളും രാക്ഷസഭാവങ്ങളുമൊക്കെയാണ്. ഇത്തരം വേഷങ്ങളും ഉത്പന്നങ്ങളും വിറ്റഴിച്ചു ലാഭംകൊയ്യാനുള്ള കച്ചവടതന്ത്രത്തിന്റെ ഭാഗമായി ഈ ആഘോഷങ്ങൾക്കു പ്രചാരം നൽകുന്നു. ഇതൊക്കെ ക്രൈസ്തവസ്ഥാപനങ്ങളിൽ അരങ്ങേറുന്നത് ഉത്തരവാദിത്വപ്പെട്ട മേലധികാരികളുടെ മൗനാനുമതിയോടെയോ അതോ കുട്ടികളുടെ സ്വതന്ത്രമായ ഇച്ഛാനുസൃതമോ?



ഒക്ടോബർ 31 ന് മരിച്ചവരുടെ ആത്മാക്കൾക്ക് തങ്ങളുടെ വീടുകളിൽ സന്ദർശനം നടത്താൻ മരണദേവനായ സാഹയിൻ അനുമതി നൽകുമെന്നായിരുന്നു പാശ്ചാത്യവിശ്വാസം. ബന്ധുക്കളുടെ ആത്മാക്കളെ സ്വീകരിക്കാൻ അവർ സാഹയിൻദിനം ആഘോഷിച്ചു. ഭീകരവേഷം ധരിച്ചാൽ ആത്മാക്കൾ ഉപദ്രവിക്കാതെ കടന്നുപോകുമെന്നായിരുന്നു വിശ്വാസം. ഈ ദിനമാണ് പിന്നീട് ഹാലോവീൻ ആയി മാറിയതെന്നും പറയപ്പെടുന്നു.


സത്യദൈവത്തെ നിഷേധിച്ചുകൊണ്ട് സാത്താനെ പരസ്യമായി ആരാധിക്കുന്ന വലിയൊരു ജനവിഭാഗം ലോകത്തെല്ലായിടത്തുമുണ്ട്. ഒരു സംഘടിതമതത്തിന്റെ രൂപഭാവങ്ങളോടെ ആചാരങ്ങളും ആരാധനകളും നടത്തുന്ന സാത്താൻസഭാവിഭാഗങ്ങളുടെ ഏറ്റവും വലിയൊരു ആഘോഷദിനമാണ് ഹാലോവീൻ. കുറെനാൾ മുമ്പുവരെ രഹസ്യമായി പ്രവർത്തിച്ചിരുന്ന സാത്താൻസഭയും അതുപോലെയുള്ള 'ഒക്കൾട്ട്' പ്രസ്ഥാനങ്ങളും ഇപ്പോൾ പരസ്യമായിത്തന്നെ പലയിടങ്ങളിലും സജീവമാണ്.

സ്കൂളുകളിൽ ഒന്നിച്ചുപഠിക്കുന്ന മറ്റു കുട്ടികൾ ചെയ്യുന്നതുകൊണ്ട് ഇങ്ങനെയൊക്കെ ചെയ്യാൻ നമ്മുടെ കുഞ്ഞുങ്ങളെയും അനുവദിക്കണമെന്നുണ്ടോ? ആഘോഷത്തിന്റെ പേരിൽ സാത്താനെ പ്രസാദിപ്പിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ വിട്ടുകൊടുക്കണോ? മാതാപിതാക്കളും അധ്യാപകരും പൊതുസമൂഹവും ഗൗരവമായി ചിന്തിക്കണം. ■

33 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2008 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
● മസ്തിഷ്കരോഗങ്ങൾ ● നട്ടെല്ല് രോഗങ്ങൾ ● അസ്ഥിരോഗങ്ങൾ ● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ) ● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ
വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!

മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

Deepanalam Weekly

RNI No : 16998/68
Vol. 55 No. 37 Date of Publication 17 Nov 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org